Registered No. M. 5819 Licence No. 445. 12-7-45.

THE TREASURY OF KNOWLEDGE

ജ്ഞാനനിക്ഷേപം

Vol. LIX | മാർച്ച് 1956 | No. 3

സുവിശേഷഭാഷിണിയും കുടുംബപ്രിയവാദിനിയും
കൂടി ചേർന്ന

സംയുക്ത സഭാമാസിക



MAR. 1956

അവനിൽ
ജ്ഞാനത്തിന്റെയും
പരിജ്ഞാനത്തിന്റെയും
നിക്ഷേപങ്ങൾ
ഗുപ്തമായിരിക്കുന്നു.
കൊലൊ. ൨. ൩.

വരിസംഖ്യ
ആണ്ടിൽ 1 രൂ. 12 ണ. മാത്രം
പ്രതിമാസം 8 ഉ പ്രസിദ്ധപ്പെടുത്തുന്നതു്

The Diocesan Publication Department.
Rev. C. K. John, Managing Editor, C. M. S. Press, Kottayam

കോളജ് ഹൈസ്ക്കൂൾ വാർഷികദിനം. കോട്ടയം സി. എം. എസ്സ്. കോളജ് ഹൈസ്ക്കൂളിന്റെ ഇക്കൊല്ലത്തെ വാർഷികദിനം ഫെബ്രുവരി 10നു വെള്ളിയാഴ്ച ആഘോഷിക്കപ്പെട്ടു. തത്സംബന്ധമായ പൊതുയോഗവും തക്കാകർതൃസമ്മേളനവും നാലുമണിക്കു ശേഷം ശ്രീ. ഗോവിന്ദമേനോൻ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. സ്ക്കൂൾഗാനവും മംഗള പ്രാർത്ഥനയും സ്വാഗതഗാനപ്രസംഗങ്ങൾക്കും ശേഷം ഹെഡ്മാസ്റ്റർ റിപ്പോർട്ടു സമർപ്പിച്ചു. സ്ക്കൂൾ സന്ദർശിച്ച വിദ്യാഭ്യാസ ഡയറക്ടരുടെയും ഡിവിക്ഷൻ ഇൻസ്പെക്ടരുടെയും പരിശോധനക്കുറിപ്പുകൾ സ്ക്കൂളിന്റെ നടത്തിപ്പിനെ പ്രശംസിക്കുന്നവയായിരുന്നെങ്കിൽ ഹൈസ്ക്കൂളിന്റെ ശ്രേഷ്ഠമായ ദീർഘപാരമ്പര്യത്തെ നിലനിർത്തിക്കൊണ്ടു പോരുന്ന ഭാരവാഹികൾ അനുമോദനാർഹരാണ്. സമ്മേളനത്തിന്റെ അദ്ധ്യക്ഷനും രണ്ടു പ്രസംഗകരും പ്രസ്തുത സ്ക്കൂളിലെ പൂർവ്വ വിദ്യാർത്ഥികളും പിന്നീട് പ്രശസ്ത നിലയിൽ ഏത്തിയിട്ടുള്ളവരുമാകയാൽ തങ്ങളുടെ സ്വന്ത വിദ്യാലയത്തോടുള്ള പ്രതിപത്തിയും ബഹുമാനവും വെളിപ്പെടുത്തുകയും ഭാവി ശ്രേയസ്സുകൾ ആശംസിക്കയും ചെയ്തു. വാർഷികകളിയും കായിക മത്സരങ്ങളിലും പ്രശസ്ത വിജയം സമ്പാദിച്ചവർക്കു സമ്മാനങ്ങളും നല്കപ്പെട്ടു. ദീർഘകാലം സ്ക്കൂളിന്റെ ഹെഡ്മാസ്റ്ററായിരുന്ന ശ്രീ പി. ഏം. കുഞ്ഞവർകൾ പ്രായാധിക്യത്തെ അവഗണിച്ചു ഈ 139-മത്തെ വാർഷിക മീനസമ്മേളനത്തിൽ സന്തോഷപൂർവ്വം സന്നിഹിതനായിരുന്നെന്നുള്ളതു പ്രസ്താവ്യമാണ്. സ്വാഗത കൃതജ്ഞതാ പ്രസംഗം ക്ലാസ്സുകളിലെ ചെറു വിദ്യാർത്ഥികളെക്കൊണ്ടു ചെയ്യിക്കയെന്നുള്ളതു ഈ സ്ക്കൂളിന്റെ ഒരു പ്രത്യേകതയാണ്. 140 വർഷത്തെ ദീർഘ ക്രൈസ്തവ പാരമ്പര്യം നിലനിർത്തിക്കൊണ്ടു പോരുന്ന ഈ ക്രിസ്തീയ വിദ്യാലയത്തിന്റെ വാർഷിക സമ്മേളനം പ്രാർത്ഥനകൊണ്ടാരംഭിക്കയും അവസാനിപ്പിക്കയും ചെയ്യുന്നതാണല്ലൊ ഉചിതവും ആവശ്യവുമായിട്ടുള്ളതു്. കേവലം മൌനപ്രാർത്ഥനകൊണ്ടാരംഭിക്കുന്നതു അന്യാഭരവുകൊണ്ടാണെന്നു സമാധാനപ്പെടുമെങ്കിലും ക്രൈസ്തവസ്വഭാവസംസ്ഥാപനം മുന്നിറുത്തി നടത്തപ്പെടുന്ന ഒരു ക്രൈസ്തവ സ്ഥാപനത്തിലെ പൊതുചടങ്ങുകളിൽ ക്രൈസ്തവാരാധനയും പ്രാർത്ഥനയും ഉൾപ്പെടുത്തുന്നതിൽ ശങ്കിക്കേണ്ടതാ. പൂർവ്വകാലങ്ങളിലെ വാർഷിക സമ്മേളനങ്ങളിൽ ഇതരമതസ്ഥരായ മഹാന്മാർ അദ്ധ്യക്ഷരായിരുന്നപ്പോഴും ക്രൈസ്തവ കീർത്തനവും പ്രാർത്ഥനയും അവയുടെ പ്രാരംഭചടങ്ങുകളായിരുന്നു. കൂടാതെയും ഒരു ക്രൈസ്തവ സ്ഥാപനത്തിൽ പ്രകടിപ്പിക്കുന്ന പ്രഥമസ്നേഹങ്ങളും വിനോദപ്രകടനങ്ങളും അത്യന്തക്ഷേമമായ ക്രൈസ്തവ സംസ്കാരത്തിനും പരിശീലനത്തിനും പറ്റിയതോ എന്നു നിശ്ചയിക്കുന്നതിനു ഒരദ്ധ്യാപക കമ്മറ്റിയുടെ ആലോചന അത്യന്താപേക്ഷിതമാണ്.

കോളജ് ക്രൈസ്തവ വിദ്യാർത്ഥിസംഘ വാർഷിക സമ്മേളനം

പ്രസ്തുത വാർഷിക ചടങ്ങുകൾ ഫെബ്രുവരി 24നു വെള്ളിയാഴ്ച നാലുമണിക്കു ശേഷം നടക്കുകയുണ്ടായി. പൊതുയോഗത്തിൽ ശ്രീ കെ. എ. മത്തൻ അവർകൾ അദ്ധ്യക്ഷം വഹിച്ചു. പ്രാരംഭത്തിൽ ഒരു കീർത്തനം പാടി ചാപ്പലിൽ റവ. സി. കെ. ജോൺ പ്രാർത്ഥിക്കയും പുതിയ സെക്രട്ടറി മി. പി. ജെ. മത്തൻ സ്വാഗതപ്രസംഗം ചെയ്കയും മുൻ സെക്രട്ടറി മി. പി. സി. ജേക്കബ്ബ് റിപ്പോർട്ടു വായിക്കയും ചെയ്തു. അദ്ധ്യക്ഷന്റെ ഉപക്രമപ്രസംഗത്തിൽ വിദ്യാർത്ഥി സംഘവും വിദ്യാർത്ഥികളുമായി ആദ്യകാലത്തുണ്ടായിരുന്ന ദീർഘ പരിചയത്തിൽ നിന്നുമുടലെടുത്ത അനുഭവങ്ങളെ അടിസ്ഥാനമാക്കി രാജ്യത്തു നടമാടുന്ന ദുരിതങ്ങളും അനീതികളും ദൂരീകരിപ്പാൻ യുവജനങ്ങൾ ക്രിസ്തുവിനു അധീനരായി പ്രവർത്തിക്കുന്നതിന്റെ ആവശ്യകത പ്രസ്പഷ്ടമാക്കി. സീനിയർക്ലാസ്സിൽ പഠിച്ചു കോളജ് വിട്ടുപോകുന്നിരിക്കുന്നവരെ ഉദ്ദേശിച്ചുള്ള പ്രസംഗവും അതിനുള്ള മറുപടിയുമാണു പിന്നെ നടന്നതു്. വാർഷിക സമ്മേളനപ്രസംഗം ചെയ്തതു ആലുവാ കോളജിലെ ഒരു പ്രൊഫസറും ഒരു എസ്സ്. സി. എം. ഉദ്യോഗസ്ഥനുമായ മി. പോൾ വറുഗീസായിരുന്നു. യുവജനങ്ങളായ വിദ്യാർത്ഥികൾ കോളജുകളിൽ ഇങ്ങനെയുള്ള ക്രൈസ്തവ സംഘടനകളിൽ ചേർന്നു ആത്മാർത്ഥമായി പ്രവർത്തിക്കുന്നതിന്റെ ആവശ്യകത വെളിപ്പെടുത്തിയും ക്രിസ്തുവിനു തങ്ങളെത്തന്നെ പരിപൂർണ്ണമായി സമർപ്പിച്ചുകൊണ്ടു തങ്ങളുടെ ആയുസ്സിൽ ജീവിച്ചു പ്രവർത്തിപ്പാൻ അഭ്യർത്ഥിച്ചുകൊണ്ടു ഉജ്ജ്വലമായ ഒരു പ്രസംഗം ചെയ്തു. യോഗാനന്തരം എല്ലാവരുംകൂടി ഒരു ഗ്രൂപ്പുഫോട്ടോ എടുക്കയും അതിന്റെ ശേഷം വിവേസമൃദ്ധമായ ചായയപ്പൂരവും കഴിഞ്ഞു പിരിയുകയും ചെയ്തു.

C. M. S. P.—945—2400—7-3-1956.

PRINTED AND PUBLISHED BY C. M. ITTY, AT THE C. M. S. PRESS
KOTTAYAM

THE TREASURY OF KNOWLEDGE
ജ്ഞാനനിക്ഷേപം

Vol. LIX | MARCH 1956 | No. 3

BISHOP'S LETTER
ബിഷോപ്പുതിരുമനസ്സിലെ കത്തു്

കർത്താവിൽ വാത്സല്യമുള്ളോരേ,

വീണ്ടും ഒരു നോമ്പു കാലത്തേക്കു വന്നിരിക്കുന്ന നാം ദൈവം തന്റെ കരുണയാൽ നമുക്കു തന്നുകൊണ്ടിരിക്കുന്ന നല്ല അവസരങ്ങളെ തക്കത്തിൽ ഉപയോഗിക്കയും ആത്മികാഭിവൃദ്ധി പ്രാപിപ്പാൻ കരുതിക്കൊളുകയും ചെയ്യും. വിശേഷാൽ മൂന്നു കാര്യങ്ങളിൽ നമുക്കു ശ്രദ്ധ പതിക്കും. ഒന്നാമതു വേണ്ടവയായ ധ്യാനവും പ്രാർത്ഥനയും കൂടുതൽ സമയം എടുക്കുന്നതിനു ശ്രമിക്കും. അതിനായിട്ടു പ്രത്യേകം താല്പര്യപ്പെട്ടാൽ മാത്രമേ വല്ലതും സാധിക്കയുള്ളൂ. മനസ്സുവെച്ചാൽ രാവിലെയും വൈകുന്നേരവും നമുക്കു സമയം ലഭിക്കും. രണ്ടാമതു, ദൈവാരാധനകൾ ചെയ്യുന്നതിനു ഇപ്പോൾ ചെയ്തു വരുന്നതിൽ കൂടുതലായി ക്രമീകരിക്കപ്പെട്ട രീതിയിൽ ഈ നോമ്പു കാലത്തു ഉത്സാഹിക്കുന്നതിനാൽ മറവുള്ളവരുടെ ആവശ്യങ്ങൾ ഗ്രഹിക്കുന്നതിനും അതിനുവേണ്ടി ആവതു ചെയ്യാൻ കഴിവുണ്ടാകയും ചെയ്യും. മൂന്നാമതു, വർജ്ജനം ആചരിക്കുന്ന വിഷയത്തിൽ കരുതൽ ചെയ്യുന്നതു ചേർച്ചയായിരിക്കും. പിഡാനുഭവവാരത്തിൽ നമ്മുടെ ഇടവകകളിൽ പലരും ഭക്ഷണകാര്യാദികളിൽ വർജ്ജനം ആചരിച്ചു അങ്ങനെ ലാഭിക്കുന്നതു സുവിശേഷോല്ഘോഷണത്തിനായി അയച്ചുതരുന്നതു വളരെ പ്രോത്സാഹജനകം തന്നെ. ഇപ്രകാരമുള്ള വർജ്ജനം കൂടുതൽ ദിവസങ്ങളിൽ സൌകര്യവും പ്രാപ്തിയും പോലെ ചെയ്താൽ നന്നായിരിക്കും. കൂടാതെ തങ്ങളുടെ സമയം ഉപയോഗിക്കുന്നതിലും ഈ നോമ്പു കാലങ്ങളിൽ ഒരു വ്യത്യാസം വരുത്തി മദ്ധ്യാഹ്നസമയത്തോ മറ്റൊരു ശാന്തമായി അല്പനേരം ചെലവഴിക്കുന്നതു അനുഗ്രഹകരമായിരിക്കയില്ലയോ? ദൈവാത്മാവിന്റെ സഹായം അന്വേഷിച്ചുകൊണ്ടു അവരവർ തന്നെ ഈ കാര്യങ്ങൾ നിശ്ചയിക്കേണ്ടതാണു. നിങ്ങൾക്കു ഏവർക്കും ഈ നോമ്പുകാലങ്ങൾ ആത്മികാഭിവൃദ്ധിക്കു മുഖാന്തരം ആയിത്തീരട്ടെ.

മാപ്പു മാസം 16-ഉം, 17-ഉം തിയ്യതികളിലാണല്ലൊ ഈ വർഷത്തെ ഡയോസിസൻ കൌൺസിൽ യോഗങ്ങൾ. സജീവമായി സഭ പുരോഗമിക്കേണ്ടതിനു ആവശ്യമായ കാര്യങ്ങൾ നിസ്സാരതയോടെ പര്യാലോചിക്കേണ്ടതിനും ഇടവകകൾക്കു വിശാലമായ ദർശനം ലഭിക്കുന്നതിനാൽ സഭയുടെ പ്രധാന കർത്തവ്യത്തെക്കുറിച്ചു അധികം ഉത്തരവാദിത്വബോധം ഉളവാകുന്നതിനും പ്രസ്തുത യോഗങ്ങൾ അവസരമായി തീർക്കേണ്ടതാകുന്നു. അല്ലാതെ സാധാരണ ചടങ്ങുകൾ നിവൃത്തിക്കുന്നതിനു മാത്രമായി പരിണമിച്ചാൽ പോരാ. ഇക്കൊല്ലത്തെ യോഗങ്ങൾക്കുവേണ്ടി നമുക്കു ഈ കാര്യങ്ങൾ മുൻനിറുത്തി പ്രാർത്ഥിച്ചുകൊണ്ടിരിക്കാം. ദൈവാത്മാവിന്റെ കൃപയും നടത്തിപ്പും അതിനുവേണ്ടി നമുക്കു ലഭിക്കട്ടെ.

ബില്ലിഗ്രഹാം മിഷ്യന്റെ അനുഗമനപ്രവർത്തനത്തിനുവേണ്ടി ഒരു ചെറിയ കമ്മറ്റിയെ രൂപീകരിച്ചിട്ടുണ്ടു. അയതു ചിലതെല്ലാം തുടങ്ങിയിട്ടുള്ള കൂട്ടത്തിൽ കൌൺസിലറരായി സഹായം ചെയ്തിട്ടുള്ളവർക്കു ആരാംപ്രതി പ്രവർത്തനത്തിൽ പ്രോത്സാഹനവും സ്ഥിരതയും നല്കുന്നതിനുവേണ്ടി ഏപ്രിൽ ആരംഭആഴ്ചയിൽ രണ്ടു ദിവസത്തേക്കു ഒരു കൂട്ടായ്മ സമ്മേളനം നടത്തുന്നതിനു ആലോചിച്ചു വരുന്നതു പ്രയോജനകരമായിരിക്കും എന്നാശിക്കുന്നു.

ദൈവേഷ്ടമായാൽ ഇപ്പോഴുള്ള അഞ്ചു മിയാക്കോന്മാരെ മാച്ച് ഒന്നാം തിയ്യതി വ്യാഴാഴ്ച പ്രെസ്സ്ബിറ്റേറന്മാരായി പട്ടം കെട്ടുന്നതാകുന്നു. ലക്ഷ്മിണേന്യാ സഭയുടെ ഡെപ്യൂട്ടി മോഡറയിറ്ററായ ബിഷോപ്പു സൂബിഗിൻ തിരുമനി അടുത്ത തിങ്കളാഴ്ച ഇവിടെ എത്തുകയും പട്ടം എല്ലാവരുടെയും ധ്യാനയോഗങ്ങൾ നടത്തി പട്ടംകൊട ശുശ്രൂഷയിൽ പ്രസംഗിച്ചശേഷം ഉടനെതന്നെ മടങ്ങുന്നതായിരിക്കും.

അടുത്തു നടത്തപ്പെടുന്ന സ്റ്റാൻഡിംഗ് കമ്മറ്റി യോഗത്തിൽ വൈദിക പരിശീലനം കഴിഞ്ഞുവരുന്ന മെസ്സേഴ്സ് എസ്സ്. ആർ. ജെസ്സ്ഡിയാൻ, എം. എം. ചാക്കോ, ഐ. കെ. ചാക്കോ, എന്നിവരെ മിയാക്കോൻ സ്ഥാനത്തേക്കു അനുമതി നല്കുന്ന പക്ഷം എപ്രിൽ അവസാനത്തിലൊ മെയ് ആരംഭത്തിലോ അവരെ നിയമിക്കണം എന്നാണു ആലോചിച്ചിരിക്കുന്നതു. ദൈവാത്മാവിന്റെ സമൃദ്ധമായ അനുഗ്രഹം പട്ടം എല്ലാവർക്കും നല്കപ്പെടട്ടെ.

നിങ്ങൾക്കു എല്ലാവർക്കും പീഡാനുഭവ ആഴ്ചവട്ടവും ഉയിർപ്പുനാളും നമ്മുടെ കർത്താവിന്റെ കഷ്ടാനുഭവത്തിന്റെ ക്രൂട്ടായ്മയും പുനരുത്ഥാനത്തിന്റെ ശക്തിയും മുമ്പുണ്ടായിട്ടുള്ളതിൽ അധികമായി അനുഭവിച്ചു അറിയുന്നതിനു ദൈവാത്മാവു സഹായിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടു

എഴുതുന്നു,

കോട്ടയം,
വി. മത്ഥിയാസിന്റെ ദിനം
1956.

കർത്താവിൽ നിങ്ങളുടെ വാത്സല്യമുള്ള,
C. K. JACOB,
Bishop.

ബിഷോപ്പുതിരുമനസ്സിലെ പ്രോഗ്രാം

മാച്ച്.

1. പട്ടംകൊട — 2. കുറുപ്പുംപടി
4. തിരുവല്ല ബൈബിൾസ് ക്ലൽ കോട്ടകുഞ്ഞി സ് ക്ലൽ.
5—10. ബാംഗ്ളൂർ വേദപുസ്തകസമൂഹകമ്മറ്റികളും കൌൺസിലും.
11. കാട്ടാമ്പാക്കൽ
13. തിരുവനന്തപുരം സെമ്മിനാരി കൌൺസിൽ.
16—17. ഡയോസിസൻ കൌൺസിൽ.
18. കോട്ടകുഞ്ഞി സ്ഥിരീകരണം—മാവേലിക്കര സ്ഥിരീകരണം.
20. അനുഗമനകമ്മറ്റി തിരുവല്ല.
23. കുന്നുർ. — 25. കൊല്ലാട സ്ഥിരീകരണം
25—31. പീഡാനുഭവവാരം.

ബില്ലിഗ്രഹാംമിഷ്യനും അനന്തരകൃത്യവും

ഏതാണ്ടു മാസങ്ങളായി വിവിധങ്ങളായ ശുശ്രൂഷയങ്ങളോടുകൂടെ പ്രത്യാശയിൽ കാത്തിരുന്ന ബില്ലിഗ്രഹാംമിഷ്യന്റെ നാലു ദിവസത്തെ പ്രയത്നങ്ങളും പ്രസംഗങ്ങളും കഴിഞ്ഞു യോഗം അവസാനിപ്പിക്കയും ഫെബ്രുവരി 16-ാം കമ്മറ്റി വീണ്ടും കൂടി കണക്കുകൾ തീർത്തു പിൻതുടരുള്ള പ്രവർത്തനത്തിനു ക്രമീകരണം ചെയ്യുകയും ചെയ്തിരിക്കുന്നു. ഇന്നത്തെ ലോകത്തിന്റെ അത്യാവശ്യത്തിനു ഏറ്റവും പറ്റിയ ദൂതയിരുന്നിട്ടും ഇതര പ്രസംഗകന്മാരുമായി താരതമ്യം ചെയ്യുമ്പോൾ നിസ്സാരമായി ഗണിച്ച പലരും നമ്മുടെ ഇടയിലുണ്ട്. ക്രിസ്തുജീവിതത്തിന്റെ അടിസ്ഥാനപരമായ സുവിശേഷസത്യങ്ങൾ ശക്തിപ്പെടുത്തുകയും അതിന്റെ യഥാർത്ഥമായ അനുഭവത്തിലേക്കു ജനങ്ങളെ ക്ഷണിക്കയുമാണു അദ്ദേഹം ചെയ്യുന്നു. കാതലായ സുവിശേഷദൂതനെന്താണ്. ക്രിസ്തുയേശുവിൽകൂടെയുള്ള ദൈവകൃപയുടെ വ്യാപാരവും അതിന്റെ സാദ്ധ്യതയുമാണ്. കൃപയുടെ ദൂതിനു മുമ്പാ

യി ന്യായപ്രമാണം വിശദമാക്കണം. ഏങ്കിൽമാത്രമെ കൃപയുടെ ആവശ്യം ബോദ്ധ്യമാകയുള്ളു. "പാപത്തിന്റെ ശമ്പളം മരണമത്രെ. ദൈവത്തിന്റെ കൃപാവരമോ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ." അനന്തപിച്ചു ഏറ്റുപറഞ്ഞു കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ചു ഏല്പിച്ചുകൊടുക്കുന്നവനാകുന്ന രക്ഷയുടെ അനുഭവമുള്ളവൻ. അവൻ ക്രിസ്തോപദേശം അനുസരിക്കയും സുവിശേഷസത്യങ്ങളെ പ്രതിദിനജീവിതത്തിൽ പ്രായോഗികമാക്കുകയും വേണം. അതിന്റെ സാക്ഷാൽക്കരണമാകുന്ന ഏവർക്കും ആവശ്യമായിട്ടുള്ളതു്. അതിന്റെ അടിയന്തരാവസ്ഥയെക്കുറിച്ചുള്ള ഭൂതാകുന്ന ബില്ലിഗ്രഹാംമിക്ഷ്യന്റെ പ്രവർത്തനം. കേരളക്രിസ്ത്യാനികൾ വേദപുസ്തകജ്ഞാനവും ക്രിസ്തുമതസത്യങ്ങളും ഏറെക്കുറെ ബുദ്ധിയിൽ ഗ്രഹിച്ചിട്ടുള്ളവരാണ്. അതിലപ്പുറമായ സത്യപ്രകാശനമാണു അവർ സാമാന്യമായി ആഗ്രഹിക്കുന്നതും സാധാരണമായി കൺവൻക്ഷൻയോഗങ്ങളിൽ ശ്രവിക്കാറുള്ളതും—അതിനാലവർ ബുദ്ധിപരമായ സംതൃപ്തി അടഞ്ഞവരായിത്തീരുകയും ചെയ്യുന്നു. അതിന്റെ ഫലമോ സുവിശേഷകാഠിന്യം ഭവിച്ചവരായിത്തീർന്നുപോകുന്നെന്നുള്ളതാണ്. അതുകൊണ്ടു കേരളക്രൈസ്തവർക്കു പൊതുവെ ബാധിച്ചിരിക്കുന്ന ജീവിതാവസ്ഥ. എന്നാൽ പരിതാപകരമായ ഈസ്ഥിതിവിശേഷത്തിൽനിന്നുള്ള വിടുതിയാണു ഇന്നത്തെ അപേക്ഷിതമായിരിക്കുന്നതു്. അതുകൊണ്ടു ബില്ലിഗ്രഹാംമിക്ഷ്യന്റെ ലക്ഷ്യമായിരുന്നതു്. അതിനാൽ ഡോ. ബില്ലിഗ്രഹാമിന്റെ സുവിശേഷോല്ലേഖനവും കാലോചിതവും അടിയന്തരാവശ്യത്തിനുതകുന്നതുമായിരുന്നെന്നുള്ളതിനു സംശയമില്ല.

ജീവനുള്ള വചനത്തിന്റെ വിത്തു വീണ അനേക ഹൃദയങ്ങൾ ഫലം പുറപ്പെടുവിക്കുന്നതിനാൽ മൂപ്പായിരുന്നതുപോലെ ആളുകൾ ക്രിസ്തുവിൽ വിശ്വസിക്കയും കർത്താവിനായി തങ്ങളെത്തന്നെ സമർപ്പിക്കയുംചെയ്തു. കൌൺസിലർമാർ അവരുമായി ഇടപെടുകയും അവരുടെ വിവരങ്ങൾ കുറിച്ചുള്ള കാർഡുകൾ ഒപ്പിട്ടുവിച്ചു വാങ്ങിക്കയും ചെയ്തു. അവയെല്ലാം തരംതിരിച്ചു ഓരോരുത്തർക്കും ഒരു കത്തും ലഘുലേഖനവും അടക്കം ചെയ്തുള്ള കവറുകൾ അവരവരുടെ സ്ഥലത്തുള്ള പട്ടക്കാരുടെയോ പ്രവർത്തകരുടെയോ പേർക്കു അയച്ചുകൊടുക്കയും ചെയ്തു. എന്നാൽ അതൊന്നും കാലതാമസം വരുത്താതെ അവസരോചിതമായി ചെയ്യുവെങ്കിൽ മാത്രമെ ഉദ്ദിഷ്ടഫലപ്രാപ്തി ഉണ്ടാകയുള്ളു. ഇതിൽ അമാന്തം വരുത്തുന്നതു ക്ഷന്തവ്യമല്ലതന്നെ.

ഈ ബില്ലിഗ്രഹാംമിക്ഷ്യൻസംരംഭത്തിൽ ദൈവത്തിന്റെ നടത്തിപ്പും ദൈവാത്മാവിന്റെ വ്യാപാരവും പ്രത്യക്ഷമായിരുന്നെന്നും ഇതു കേരളക്രൈസ്തവസഭയ്ക്കു ദൈവം നല്കിയ ഒരു പ്രത്യേകയവസരമെന്നുള്ളതിനു മതിയായ തെളിവുകളുണ്ടെന്നു ഗൌരവമായി ബോധപ്പെട്ടുകൊണ്ടു അടിയന്തരമായി നിവൃത്തിക്കേണ്ട കർത്തവ്യങ്ങൾ എന്തെന്നു ചിന്തിച്ചു സത്വരയത്നം ചെയ്യേണ്ടതാണ്.

ബില്ലിഗ്രഹാംമിക്ഷ്യൻയോഗങ്ങളുടെ സജ്ജീകരണയന്ത്രങ്ങൾ തന്നെയും അതിശ്ലിഷ്ടതയിലും അധികം ഭംഗിയായും വിജയകരമായുമിരുന്നെന്നുള്ളതു ദൂരത്തിലും സമീപത്തിലുമുള്ള അനേകരുടെ പ്രാർത്ഥനയിലാണ്. മുമ്പെങ്ങുമുണ്ടായിട്ടില്ലാത്തവിധത്തിലുള്ള ഒരു കൂട്ടായ്മയും സഹകരണവും ശുശ്രൂഷാന്തിയുമാണു വിവിധസഭാപ്രതിനിധികളെ ചേർത്തുണ്ടാക്കിയ മിക്ഷ്യൻകമ്മറിയിൽ പ്രത്യക്ഷമായതു. യോഗങ്ങളുടെ സ്ഥലസൌകര്യങ്ങളും അവ ഉപയുക്തമാക്കിത്തീർക്കുന്നതിനുള്ള യത്നങ്ങളും ക്രമീകരണങ്ങളും, അനിഷ്ടസംഭവങ്ങളൊന്നും കൂടാതിരുന്നതും, പ്രതീക്ഷിച്ചതിലധികം ധനസഹായം ലഭിച്ചതും, അദ്ഭുതപൂർവ്വമായ വൻപിച്ച ജനക്കൂട്ടവും, അവരിൽ അസാധാരണമായി പ്രത്യക്ഷപ്പെട്ട അച്ചടക്കവും ശാന്തതയും, ദൈവാത്മാവിന്റെ പ്രേരണയാലുളവായ ഫലങ്ങളുമെല്ലാം ആലോചിച്ചുനോക്കിയാൽ മിച്ചമുള്ള പണം പലതിനായി പകുത്തുകൊടുത്തു കമ്മറിയെ പിരിച്ചുവിട്ടവസാനിപ്പിക്കുന്നതിനല്ല കേരളത്തെക്കൊണ്ടു ദൈവമുദ്ദേശിച്ചിരിക്കുന്നെ അടിയന്തരകാര്യങ്ങളുടെ വിജയകരമായ സാദ്ധ്യതയ്ക്കുവേണ്ടി തീക്ഷ്ണതയോടെ ഉണർന്നു പ്രവർത്തിക്കേണ്ടതിനു പൂർവ്വാധികം സന്നദ്ധമാകേണ്ടതാണാവശ്യമെന്നു ബോധപ്പെടാതെ തരമില്ല. എന്നാൽ ഈ തക്കസമയത്തു ഇതു വേണ്ടവിധം ബോധപ്പെടാതെയും ഗണ്യമാക്കി പ്രവർത്തിക്കാതെയുമിരുന്നാൽ അക്ഷന്തവ്യമായ കൃതൃവിലോപനത്തിനു ഉത്തരവാദിത്വം വഹിക്കേണ്ടിവരുമെന്നോർത്തുകൊള്ളേണ്ടതാണ്.

അതുകൊണ്ടു പൊതുക്കമ്മറി പുനരുജ്ജീവനം ശക്തിയും പ്രാപിച്ചു കൂടുതൽ ഊർജ്ജിതമായി ഉടനെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഡോ. ബില്ലിഗ്രഹാമിന്റെ പ്രസംഗത്തിൽ നാലു കാര്യങ്ങളാണ വെളിവാകിയതു്. (1) ക്രിസ്തുവിലും ദൈവത്തിലുമുള്ള വിശ്വാസം ദൃഢമാക്കുക. തൽഫലമായിട്ടാണ പ്രാർത്ഥനാജീവിതം സുസ്ഥിരമാക്കപ്പെടുന്നതു്. അതിനുവേണ്ടി ക്രിസ്തുനാമത്തോടുള്ള വിധേയത്വം വർദ്ധിപ്പിക്കുന്നതിനായി ഏകമായും യോഗ്യമായുമുള്ള പ്രാർത്ഥനാജീവിതം വികസിപ്പിക്കണം. (2) ക്രിസ്തോപദേശങ്ങളും വേദസത്യങ്ങളും ശരിയായും തെളിവായും ഗ്രഹിക്കുന്നതിനു വേദാദ്ധ്യയനപദ്ധതികൾ പ്രചരിപ്പിക്കണം. (3) സായത്തങ്ങളിൽ സർവ്വാത്മനാ സഹകരിക്കയും ആത്മാർത്ഥമായി പ്രവർത്തിക്കയും ചെയ്യണം. (4) തനിച്ചും കൂട്ടമായും സുവിശേഷത്തിനുതകുമാറു വഹിക്കണം. ഇതായിരുന്നു ആദ്യസഭയിലെ ക്രിസ്ത്യാനികൾ ചെയ്തുപോന്നതു്. അവർ അപ്പൊ

സുഖങ്ങളുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു. (അപ്പൊ. പ്രവ. 2. 42.) ഇതെല്ലാം അത്യധികം വർദ്ധമാനമായവിധത്തിൽ ഓരോ സഭയിലും പുരോഗമിപ്പിക്കുന്നതിനുള്ള ദൈവജ്ഞാനവും ഒത്തുശേഷവും കായ്ക്കുക്കമായി യഥാവസരങ്ങളിൽ നൽകുന്നതിനു ബില്ലിഗ്രഹംമിഷ്യൻ കേന്ദ്രകമ്മറ്റി തുടർന്നു പ്രവർത്തിക്കുന്നു. കാലാന്തരങ്ങളിൽ ഈ ദിവ്യകൂട്ടായ്മയെ ദൈവം അനുഗ്രഹിച്ചു ബലപ്പെടുത്തി സഭകളുടെ സഹകരണത്തിനും ഐക്യസാദ്ധ്യതയ്ക്കുമിടയാക്കിത്തീർക്കുവാനുള്ള കേരളത്തെ ഭരണത്തിന്റെയും ഏക്യുമെനിക്കൽ സുവിശേഷീകരണത്തിനു ശക്തിയേറിയ ഒരായുധമാക്കിയെടുക്കുവാനുമാണ്.

നോമ്പാചരണം

ഈ ലോകം ഓരോരുത്തർക്കും കിട്ടുന്നതു മാത്രം 10-ാം നൂറ്റാണ്ടിലോ അതിനുമുമ്പോ ആയിരിക്കുമല്ലോ. അപ്പോഴേക്കു നോമ്പുകാലം മദ്ധ്യത്തിൽ എത്തിയിരിക്കുകയും ചെയ്തു. ഇതുവരെയും നോമ്പാചരണം എങ്ങനെയിരുന്നെന്നും യഥാർത്ഥ ജീവിതം എത്രത്തോളം സാദ്ധ്യമായെന്നും ആലോചിക്കുകയും ഒരു സ്വയ പരിശോധന നടത്തുകയും ചെയ്യുന്നതു പ്രയോജനകരമായിരിക്കും. വിശിഷ്യ ബില്ലിഗ്രഹംമിഷ്യനെ തുടർന്നു നോമ്പുകാലം ആരംഭിച്ചതിനാൽ സാമാന്യമായി നോമ്പാചരണത്തിനുള്ളതിനേക്കാൾ കൂടുതലായൊരു പ്രേരണയും ഉണർവ്വും നമുക്കു ലഭിച്ചിരുന്നല്ലോ. തലമുറതലമായി ജീവിതം ക്രമപ്പെടുത്തുന്നതിനു നമുക്കു സാധിച്ചുകഴിഞ്ഞോ എന്നു നോക്കാം. നോമ്പുകാരംഭത്തിൽ ചാമ്പൽ ബുധനാഴ്ചത്തെ ശുശ്രൂഷയിലെ ക്രമപ്രകാരം പാപജീവിതത്തിനുള്ള ദൈവത്തിന്റെ ന്യായവിധിയാകുന്ന പ്രധാനമായി നമ്മുടെ ചിന്തയിൽ വരുത്തേണ്ടതു. "പാപത്തിന്റെ ശമ്പളം മരണമത്രേ." ന്യായവിധിയുടെ ഭയങ്കരത്വം ദൈവത്തിന്റെ കൃപാവരത്തെ അതിയായി കാംക്ഷിച്ചു വേണ്ടതു ചെയ്യാൻ ഏവരെയും സന്നദ്ധരാക്കുകയാണാവശ്യം. അതു കർത്താവായ യേശുക്രിസ്തുവിൽകൂടെ നിത്യജീവൻ പ്രാപിക്കുകയല്ലാതെ മറ്റൊന്നുമല്ല. ഡോ. ബില്ലിഗ്രഹാം പ്രത്യേകം ഓർമ്മപ്പെടുത്തിയപ്രകാരം ക്രിസ്തുവാണു നമ്മുടെ ഏകാശ്രയം. ക്രിസ്തുവിങ്കലേക്കു വന്ന സമർപ്പിക്കുക.

ഇന്നു നമ്മെ ക്രിസ്തുവിൽനിന്നു വേർപ്പിക്കുന്ന പ്രേരണകൾ വർദ്ധമാനമായും ശക്തിമത്തായും ഭവിച്ചിരിക്കുന്നു. അവ പണ്ടത്തെപ്പോലെ ഇന്നും ലോകം, ജഡം, പിശാചു എന്നു ശത്രുക്കളാണ്. ലൌകിക കാര്യങ്ങളിലും ബന്ധപ്പാടിലും മുഴുകി ഏങ്ങനെയെങ്കിലും സമ്പത്തികമായ ആദായ ലബ്ധിക്കവേണ്ടി എന്തും ചെയ്യാൻ സദാ സന്നദ്ധരായിരിക്കുന്നു. ഏങ്ങനെയെങ്കിലും അപ്പംകൊണ്ടേ ഉപജീവിക്കുമെന്നല്ലാതെ ദൈവത്തിന്റെ വചനം പാലിക്കുമെന്നോ ക്രിസ്തുപദേശമാകുന്ന ദൈവിക പ്രമാണം അനുസരിക്കുമെന്നോ എന്നുള്ള നിശ്ചയില്ല. രണ്ടാമതു ജഡത്തിന്റെ അഭിലാക്ഷങ്ങളെ സംതൃപ്തിപ്പെടുത്തുന്നതിനുള്ള അതിയായ മോഹം അനേകരെ ദോഷത്തിലേക്കും ദ്വേഷ്ടതയിലേക്കും പാഞ്ഞോടിക്കുന്നു. അതിലേക്കുള്ള പ്രേരണകൾ ഇക്കാലത്തു വളരെ വർദ്ധിച്ചും കാണുന്നല്ലൊ. അതിനാൽ തങ്ങളെ ശിക്ഷയായി നിയന്ത്രിക്കുന്നതിനുള്ള ആവശ്യകതയും വളരെയാണ്. മൂന്നാമതു കക്ഷിചേരുന്നതിനധികാരത്തോടുള്ള മറുതലിപ്പാണ്. മത്സരവും എതുപ്പും പിശാചിന്റെ പണിയാണ്. "അധികാരത്തോടു മറുക്കുന്നവൻ ദൈവവ്യവസ്ഥയോടു മറുക്കുന്നു. മറുക്കുന്നവരോ ശിക്ഷാവിധി പ്രാപിക്കും." റോമ. 13. 2, 3. ഈ നോമ്പുകാലത്തു നമ്മെത്തന്നെ പരിശോധിച്ചു ഈ ലക്ഷണങ്ങൾ എത്രത്തോളം നമ്മിലുണ്ടെന്നു കണ്ടുപിടിക്കാം. സത്യമായി അനുതപിച്ചു ഏറ്റുപറഞ്ഞു മോചനം വാങ്ങി വിനയത്തിലും വിശ്വാസത്തിലും വിശുദ്ധിയിലും ജീവിതാഭിവൃദ്ധി പ്രാപിച്ചു മുമ്പോട്ടു പോകാം. അതാണു ഉയിർപ്പിൻ ജീവതം.

ബില്ലിഗ്രഹാം മിഷ്യന്റെ പിൻഗമന പ്രവർത്തനം

ഡോ. ബില്ലിഗ്രഹാമിന്റെ കോട്ടയം മിഷ്യനെ പിൻതുടർന്നുള്ള പ്രവർത്തനത്തിനു പൊതുകമ്മറ്റി നിയമിച്ച മുഴു പേരടങ്ങിയ കമ്മറ്റിയുടെ ഒരു യോഗം ഫെബ്രുവരി 20-ാം തിയതി രാവിലെ 4 മണിക്കു തിരുവല്ലായ്ൽവെച്ചു ഡോ. സി. കെ. ജയിക്കോബു ചിക്കാഗോ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. ബില്ലിഗ്രഹാം മിഷ്യന്റെ ഫലമായി ക്രിസ്തുവിനായി തങ്ങളെത്തന്നെ അർപ്പിച്ച മുവായിരത്തിലധികം ആളുകളെ വിശ്വാസത്തിലുറപ്പിച്ചു നിലനിർത്തുന്നതിനു സഹായമായി ഒരു ഫൈബിൾ കോസ്പോണ്ടൻസ് കോഴ്സ് നടത്തുന്നതിനു ആവിഷ്കരിച്ച പദ്ധതി സാധിക്കുകയും അതുടനെ ആരംഭിക്കുമെന്നു നിശ്ചയിക്കുകയും ചെയ്തു. കോട്ടയത്തെ മിഷ്യൻ യോഗങ്ങളിൽ സഹായിച്ച കൌൺസിലർമാരെ പ്രത്യേകം ഉദ്ദേശിച്ചു രണ്ടു ദിവസത്തെ ധ്യാനത്തിനും അദ്ധ്യയനത്തിനുമായി ഒരു കൂട്ടായ്മയോഗം തിരുവല്ലായിൽ സൌകര്യമുള്ള ഒരു സ്ഥലത്തു വിളിച്ചുകൂട്ടണം

മെന്നും തീരുമാനിച്ചു. തിരക്കുകാരെയും തീരുമാനക്കാരെയും അവരവരുടെ ഇടവകകളോടു ചേർന്നു അവരുടെ ആത്മികാഭിവൃദ്ധിക്കും ക്രിസ്തീയ സേവനത്തിനും സ്വകീയപ്രമാണങ്ങൾവശമാക യാൽ പട്ടക്കാരുടെയും അല്മായ പ്രവർത്തകരുടെയും സന്നദ്ധ സേവകരുടെയും സഹകരണം അത്യന്താപേക്ഷിതമാണ്.

സി. എസ്സ്. ഐ. സിനഡ്

ദക്ഷിണേന്ത്യ സഭയുടെ അഞ്ചാമത്തെ സിനഡുയോഗങ്ങൾ ജനുവരി 10 മുതൽ 13 വരെ തിരുച്ചിറപ്പള്ളിയിൽ ബിഷോപ്പു ഹീബർ കൈസ്ക്കൂളിൽവച്ചു മോഡറേറ്റർ റൈറ്റ രവ. എച്ചു. സുമിത്ര തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ''ഇക്കാലത്തു ക്രിസ്തുവിനെ ഭാരതത്തിനു കാണിച്ചുകൊടുക്കുന്നവിധം'' എന്നുള്ളതായിരുന്നു പ്രധാന ചർച്ചാവിഷയം.

ഓരോ മഹായിടവകയിലെയും ബിഷോപ്പന്മാരെയും തെരഞ്ഞെടുത്തയക്കപ്പെട്ടിട്ടുള്ള പ്രതിനിധികളെയും കൂടാതെ മോഡറേറ്റർ നോമിനേറ്റു ചെയ്ത 10 പ്രതിനിധികളും പ്രത്യേക ക്ഷണമനുസരിച്ചുവന്ന ഇരുപത്തഞ്ചു സഭാപ്രതിനിധികളും സന്നിഹിതരായിരുന്നു. ദക്ഷിണേന്ത്യസഭയുടെ അധികാരമണ്ഡലമായ സിനഡിന്റെ വൈവിദ്ധ്യവും അതേസമയം തന്നെ ആത്മവിസ്മനം പ്രകടമായിരുന്ന ഐക്യത്തിന്റെയും കൂട്ടായ്മയുടെയും ആത്മാവും ആ സഭസ്സിന്റെ മഹാത്മ്യത്തെക്കുറിച്ചുള്ള ബോധം അതിൽ വകെടുത്തവക്ക നല്കുന്നതിനു പര്യാപ്തമായിരുന്നു.

'യുവവീക്ഷകന്മാർ' (Youth Observers) എന്ന പേരിൽ ഓരോ മഹായിടവകയിൽനിന്നും ഈരണ്ടുപേർവീതം ക്ഷണിക്കപ്പെടുകയും അവർക്കു സിനഡുനടപടികൾ വീക്ഷിക്കുന്നതിനും പ്രത്യേകയോഗങ്ങൾ നടത്തുന്നതിനും ക്രമപ്പെടുത്തിയിരുന്നതു ഈ പ്രാവശ്യത്തെ സിനഡിന്റെ ഒരു പ്രത്യേകതയായിരുന്നു. ഈ യുവവീക്ഷകന്മാരുടെ യോഗങ്ങൾ നടത്തിയതു അഖിലലോക സഭാകൌൺസിൽസെക്രട്ടറിയായ ഡോക്ടർ വിസർട്ടിഫ്റ്റ്റ് എന്ന മഹാനായിരുന്നു.

ബിഷോപ്പുതിരുമേനിയെ കൂടാതെ നമ്മുടെ മഹായിടവകയിൽനിന്നു ആറു പട്ടക്കാരും ഏഴു അല്മായികളും സിനഡിൽ സംബന്ധിച്ചു.

എല്ലാദിവസവും രാവിലെ വിശുദ്ധസംസർഗ്ഗവും യോഗത്തിനു മുമ്പു മദ്രാസ് ക്രിസ്ത്യൻകോളജിലെ പ്രൊഫസ്സർ രവ. മക്ഫൈയിൽ അവർകളുടെ വേദാദ്ധ്യയനവും ഉണ്ടായിരുന്നു.

സമ്മേളനത്തിന്റെ പ്രാരംഭദിവസം അദ്ധ്യക്ഷൻ ചെയ്ത പ്രസംഗത്തിൽ സഭയുടെ കഴിഞ്ഞ രണ്ടു വർഷത്തെ ജീവിതത്തിലെ പ്രധാന സംഭവങ്ങൾ ക്രോഡീകരിക്കുകയും ഐക്യത്തിലുള്ള വളർച്ചയുടെ പുരോഗതിയെ ചിത്രീകരിക്കുകയും ചെയ്തു.

മറുരാജ്യങ്ങളിൽനിന്നു വന്ന സന്ദർശകപ്രമാണികൾ അതതു രാജ്യത്തെ സഭയുടെ അഭിവാദനങ്ങൾ നല്കിയതു കൂടാതെ ദക്ഷിണേന്ത്യാസഭയുടെ വളർച്ചയെ അവർ ഏറ്റവും താല്പര്യത്തോടുകൂടെ നോക്കിക്കൊണ്ടിരിക്കുന്നുവെന്നു പ്രസ്താവിക്കുകയും ചെയ്തു. 1954-ൽ നടന്ന സിനഡ് പ്രധാനചിന്താവിഷയമായി എടുക്കുകയും നടപ്പിൽ വരുത്തുന്നതിനു മഹായിടവകകളോടു ആവശ്യപ്പെടുകയും ചെയ്തു ''സഭയുടെ പുതിയമാതൃക,'' എന്ന വിഷയം അധികരിച്ചു സിനഡുസെക്രട്ടറി ഹാജരാക്കിയ റിപ്പോർട്ടിൽപുതുപ്രസ്ഥാനങ്ങളിലേക്കു കടക്കുന്നതിനു വല മഹായിടവകകളിലും അനാസ്ഥയാണുള്ളതെന്നു ചൂണ്ടിക്കാണിച്ചിരുന്നു. പുതിയ ഭാരതത്തിൽ പുതിയ പദ്ധതികൾ ആസൂത്രണംചെയ്തു നടപ്പിൽ വരുത്തേണ്ടതാണെന്ന അഭിപ്രായം പ്രസ്താവിച്ചു.

തന്നാണ്ടത്തെ വിഷയം അടിസ്ഥാനമാക്കി മൂന്നു പ്രസംഗങ്ങൾ ചെയ്യപ്പെട്ടു. ''ഇന്നത്തെ ഭാരതം'' എന്ന വിഷയത്തെപ്പറ്റി ഡോ. പി. ഡി. ദേവാനന്ദനും, ''ഈ പശ്ചാത്തലത്തിൽ ക്രിസ്തീയരായതു'' എന്ന വിഷയത്തെപ്പറ്റി ഡോ. എ. ഇ. ഇമ്പനാഥനും, ''ഇന്നത്തെ ക്രിസ്തീയ ദൌത്യവാഹികൾ'' എന്ന വിഷയത്തെപ്പറ്റി ബിഷോപ്പു ഡോ. എ. ജെ. അപ്പസാമിയും സുദീർഘം ഉപന്യസിച്ചു.

ദൈവത്തിന്റെ പരിശുദ്ധാത്മാവു കൂടുതൽ വ്യാപകമായ ഐക്യത്തിലേക്കു നമ്മെ ക്ഷണിക്കുമ്പോൾ നാം നമ്മുടെ പ്രത്യേകതകളെ വിസ്മരിച്ചു നമ്മുടെ സഭയെക്കുറിച്ചുള്ള ദൈവഹിതം എന്തെന്നു മനസ്സിലാക്കണമെന്നു മറ്റു സഭകളുമായുള്ള ഐക്യാലോചനകൾ എല്ലാവരെയും ബോധപ്പെടുത്തി. വിവിധ പാരമ്പര്യങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും ഇരുന്നയാളുകൾ പരസ്പരധാരണയിലും ഐക്യത്തിലും വളർന്നുവരുന്നതിനു ഇപ്രകാരമുള്ള യോഗങ്ങൾ വളരെ സഹായകരമായിരിക്കുന്നു എന്ന ധാരണായോടെ എല്ലാവരും പിരിഞ്ഞുപോയി എന്നുള്ളതു സന്തോഷകരമാണു.

നാഷ്യനൽ ക്രിസ്ത്യൻ കൌൺസിൽ

അൻപതു ലക്ഷം അംഗങ്ങളുള്ള പ്രോട്ടസ്റ്റൻറ് സഭകളെ പ്രതിനിധീകരിക്കുന്ന പ്രസ്തുത കൌൺസിലിൻെറ നിവ്വാഹകക്കമ്മറ്റി ഇന്നു മദിവസം നഗരമുത്തു സമ്മേളിക്കുകയും കഴിഞ്ഞ ഡിസംബർ മാസത്തിൽ ലോകസഭയിൽ ഒരു സ്വകാര്യ മെമ്പർ അവതരിപ്പിച്ച മതപരിവർത്തന ബില്ലിൻെറ ചർച്ചാവേളയിൽ പ്രധാനമന്ത്രി ഇടപെട്ട ബിൽ പിൻവലിപ്പിച്ചതിലുള്ള കൃതാർത്ഥത രേഖപ്പെടുത്തുകയും ക്രൈസ്തവ സഭയുടെ സുവിശേഷപ്രവർത്തനങ്ങളുടെ യഥാർത്ഥ ഉദ്ദേശത്തേയും സാധുതയേയും വിശദീകരിക്കുന്ന ഒരു പ്രസ്താവന പുറപ്പെടുവിക്കണമെന്നു നിശ്ചയിക്കയും ചെയ്തു.

ക്രൈസ്തവ സഭയ്ക്കുവേണ്ടിയിരിക്കുന്ന വിസ്തൃതിയുടെ ഏകദേശം നേരിടണമെന്നുള്ളതിനെപ്പറ്റി പ്രായോഗികമായി ചിന്തിക്കേണ്ടതാണെന്നും തീരുമാനിച്ചു. സുവിശേഷപ്രവർത്തനവും അതിൻെറ ആദ്ധ്യാത്മിക സംഘടനയും ക്രൈസ്തവ സ്ഥാപനങ്ങൾ മുഖാന്തരം അവയുടെ വ്യാപാരവുമെല്ലാം അതിൽ ഉൾപ്പെടുന്നതാണ്. കോളജുകൾ മുതലായ ദേശീയ ജീവിതത്തിനുപയുക്തമായി എങ്ങനെയെല്ലാം വർത്തിക്കാമെന്നതിനെപ്പറ്റിയും ഒരു സർവ്വെ നടത്തണമെന്നും മെഡിക്കൽ സഹായവുമായി കൂടിയാലോചിച്ചു ക്ഷയരോഗനിവാരണയത്നത്തിൽ ഇന്ത്യയിലും വിദേശത്തിൽ നിന്നുമുള്ള സഹായം ലഭിക്കുന്നതിലേക്കു ഒരഭ്യർത്ഥന പുറപ്പെടുവിക്കണമെന്നും നിശ്ചയിച്ചു.

ഇന്ത്യയിലെ ഏതാനും വലിയ നഗരങ്ങളിൽ അധിവസിക്കുന്ന ആംഗ്ലോ ഇന്ത്യൻ സമുദായത്തിൻെറ ചില 'വിഭാഗങ്ങൾക്കു നേരിട്ടിരിക്കുന്ന വിഷമതകൾക്കു പരിഹാരം വരുത്തണമെന്നും കൽക്കത്താ നഗരത്തിൽ അതു സംബന്ധിച്ചു ചെയ്യുന്ന നിവാരണായത്നങ്ങളിൽ ശ്രദ്ധിക്കണമെന്നും തീരുമാനിച്ചു. സഭയുടെയും രാഷ്ട്രത്തിൻെറയും ജീവിതഗതിയിൽ പ്രസ്തുത സമുദായത്തിൻെറ സ്ഥാനം ശരിയായി പാലിക്കപ്പെടുന്നതിനെപ്പറ്റി ആലോചിപ്പാനും ഒരു കമ്മറ്റി രൂപീകരിച്ചു.

ഉത്തരേന്ത്യയിലും തമിഴ്നാട്ടിലും വെള്ളപ്പൊക്കവും കൊടുങ്കാറ്റും കൊണ്ടുണ്ടായ ദുരിതങ്ങൾക്കു നിവ്വഹിച്ച പരിഹാരമാർഗ്ഗങ്ങളെപ്പറ്റി ഒരു റിപ്പോർട്ടു സമർപ്പിക്കുകയും ചെയ്തു. ഇതിൻെറ മുമ്പാകെ വഹിച്ചിരുന്ന റവ. ഡോണാൾഡ്സ്വാമിനാ പകരം മി. രഞ്ജിത് ചെറ്റ്സിങ്ങിനെ നിയമിക്കുകയും അദ്ദേഹം ഡൽഹിയിൽ താമസിച്ചുകൊണ്ടു അക്കാര്യം നിവ്വഹിക്കുകയും ഗവണ്മെൻറുമായിട്ടുള്ള ഇടപാടുകളുടെ മുമ്പാകെ നിവർത്തിക്കുകയും ചെയ്യുന്നതായിരിക്കും.

സിംഗപ്പൂർ ആംഗ്ലിക്കൻ മലയാളി ഇടവക

പുതുതായി രൂപവൽക്കരിക്കപ്പെട്ട ഈ ഇടവകയെപ്പറ്റി അറിയുന്നതു എല്ലാവർക്കും രസകരമായിരിക്കുമല്ലോ.

കേരളക്കരയിലുള്ള ചില ലക്ഷിനോസ്തുൻ സഭാംഗങ്ങൾ ഉദ്യോഗാർത്ഥം ഇവിടെവന്നു താമസിക്കുന്നവരാണ് ഈ ഇടവകയുടെ അംഗങ്ങൾ. മദ്ധ്യതിരുവിതാംകൂർ മഹായിടവകയിലുള്ളവരെ കൂടാതെ തൃശ്ശൂർ, കൊല്ലം മുതലായ സ്ഥലങ്ങളിൽ നിന്നുമുള്ള ആളുകൾ ഈ ഇടവകയുടെ അംഗങ്ങളായിട്ടുണ്ട്. ഇവിടെയുള്ള ക്രൈസ്റ്റ്റ്റ് ചർച്ച് ഇടവകപ്പട്ടക്കാരൻ (തമിഴ്) കാനൻ സാമുവേൽ ബാബു മലയാളം ആംഗ്ലിക്കൻ ഇടവകാംഗങ്ങളെ ചേർത്തു ഒരു ആരാധന നടത്തിവരുന്നു. അദ്ദേഹം മലയാളം പഠിച്ചു ശുശ്രൂഷകൾ നടത്തിവന്നിരുന്നു. മിസ്സസ്സ് സാമുവേൽ ബാബു മലയാളി ആയതു ഇതിനു സഹായകരവുമായിത്തീർന്നു.

കഴിഞ്ഞ ആഗസ്റ്റ് 16നു ഞാൻ ഇവിടെ വന്നുചേരുകയും ഇടവകയുടെ മുമ്പാകെ വഹിക്കുകയും ചെയ്തു. മിസ്സസ്സ് തോമസ് ജനുവരി ആദ്യ ആഴ്ചയിൽ വന്നുചേർന്നു.

സിംഗപ്പൂർ ദ്വീപിൽ പല ഭാഗങ്ങളിലായി ഏകദേശം നൂറോളം ആളുകൾ ഈ ഇടവകാംഗങ്ങളായിട്ടുണ്ട്. വിവിധ ജോലികളിൽ അവർ ഏർപ്പെട്ടിരിക്കുന്നു.

1955 ഡിസംബർ 18നു ഏതു ഈ മഹായിടവകയുടെ ബിഷപ്പ് റൈ. റവ. H. W. Baines മിയാകോൻ സ്ഥാനത്തേക്കു പ്രവേശിപ്പിച്ചു. ഇവിടെയുള്ള സെൻറ് ആൻഡ്രൂസ് ദ്വിസന്ന ദേവാലയത്തിൽവച്ചാണു ശുശ്രൂഷ നടന്നതു. നമ്മുടെ കോട്ടയത്തെ ദ്വിസന ദേവാലയത്തോളം ഇതിനു വലിപ്പമില്ല. അകവും പുറവും മനോഹരമാണ്. എല്ലാ ശുശ്രൂഷകളും ഉച്ചഭാഷിണിയുടെ സഹായത്തോടെ നടത്തപ്പെടുന്നു. ഇതിൻെറ മണിമാളിക വളരെ ഉയരം ഉള്ളതാണ്. വളരെ അകലെ നിന്നുതന്നെ ഈ മണിമാളിക കപ്പൽ യാത്രക്കാർക്കു ദൃശ്യമാണ്.

മലയാളത്തിലുള്ള ശുശ്രൂഷകൾ ഇവിടെയുള്ള ക്രൈസ്റ്റ്റ് ചർച്ചിൽ വച്ചു നടത്തപ്പെടുന്നു

എല്ലാ ഒന്നാമത്തേയും മൂന്നാമത്തേയും ഞായറാഴ്ച ഈ പള്ളിയിൽ മലയാളത്തിലുള്ള ആരാധനകൾ ഉണ്ട്. മാസത്തിന്റെ രണ്ടാം ഞായറാഴ്ച നഗരീകത്തുവെളുത്തിലുള്ള നമ്മുടെ അംഗങ്ങളെ ഉദ്ദേശിച്ചു ഒരു ശുശ്രൂഷ നടത്തിവരുന്നു. ഈ 14 മൈൽ അകലെയുള്ള സ്ഥലത്താണ്.

മലയായിൽ വന്നിട്ടുള്ള നമ്മുടെ ഇടവാംഗങ്ങളെ കണ്ടെത്തിനും പരിചയപ്പെടുന്നതിനും സ്കൂളിന്റെ അവധിക്കാലങ്ങൾ ഉപയോഗിക്കണമെന്നഭ്യർഥിക്കുന്നു. അതിനാൽ നമ്മുടെ മഹായിടവകയിൽ നിന്നും മലയായിലുള്ളവരുടെ പ്രിയപ്പെട്ടവർ മയവായി എന്നെ കണ്ടെത്തിനു എഴുതുമല്ലോ.

ഈ ഇടവകക്കു ഒരു രേണാഷ്ടന എഴുതി ഉണ്ടാക്കിവരുന്നു. അതിൽ ഒരു പട്ടക്കാരൻ നാലു വർഷം ഇവിടെ ശുശ്രൂഷ ചെയ്യണമെന്നും പിന്നീടു ഇടവകയുടെ അനുമതിയോടുകൂടെ കാലാവധി നീട്ടുമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. മറ്റു ഇടവകകളിൽ ഇല്ലാത്ത ഒന്നാണിതു്. മദ്രാസ് ബോംബെ, കൽക്കത്താ മുതലായ മലയാളി ഇടവകകളുടെ രീതി ഇവിടേയും തുടരുന്നതു കൂടുതൽ പ്രയോജനകരമായിരിക്കും എന്നു ഞാൻ കരുതുന്നു. ഇടവകപ്പട്ടക്കാരന്റെ മാത്രം കപ്പൽ ചിലവു നല്കുന്ന ഇന്നത്തെ വ്യവസ്ഥ കുടുംബക്കാരായ പട്ടക്കാരെ മലയായിലെ ശുശ്രൂഷക്കു ലഭിക്കുന്നതിൽ നിന്നു സാഹചര്യപ്പെടുത്തുന്നതാണ്.

ഞാൻ ഇവിടത്തെ സ്കൂളിൽ (ക്രൈസ്റ്റ് ചർച്ച് സ്കൂളിൽ) പഠിപ്പിക്കുന്നു. അദ്ധ്യയന സമയം രാവിലെ 7. 30 മുതൽ വൈകിട്ടു 6. 10 വരെ ആണ്. ഗവർമെന്റ് സ്കൂളുകളിലും ഗ്രാന്റ് ഇൻ എയ്ഡ് സ്കൂളുകളിലും ഒരു അദ്ധ്യാപകൻ പകുതി സമയം 7. 30—12. 30 വരെ മാത്രം പഠിപ്പിക്കുകയും ഇരട്ടി വേതനത്തിനു അർഹനാകയും ചെയ്യുന്നു. ഈ പ്രൈവറ്റ് സ്കൂളിൽ ഇരട്ടി വേലയും പകുതി വേതനവും മാത്രമാണ് ഉള്ളതു്. ജീവിതത്തോടു വളരെ ഉയന്തായതിനാൽ സാധാരണഗതിയിൽ ഒരു പട്ടക്കാരൻ വലിയ സാമ്പത്തിക ക്ലേശങ്ങൾ അനുഭവിക്കും എന്നതിനു സംശയമില്ല.

പ്രതികൂല സാഹചര്യങ്ങളുടെ മദ്ധ്യത്തിൽ ശുശ്രൂഷ ചെയ്യുന്ന എന്നെ നിങ്ങളുടെ പ്രാർത്ഥനയിൽ ഞാൻ ഓർമ്മിക്കുന്നു. ഈ ഇടവകയ്ക്കുവേണ്ടിയും നിരന്തരമായി നിങ്ങൾ പ്രാർത്ഥിക്കുമല്ലോ.

ഒരു പാഴ്സനേജ് വാങ്ങിക്കുന്ന കാര്യത്തെപ്പറ്റി ഇടവകാംഗങ്ങൾ ആലോചിച്ചുകൊണ്ടിരിക്കുന്നു. അതു ഫലപ്രദമാക്കുന്നതിനായിട്ടും നമുക്കു പ്രാർത്ഥിക്കാം. ഈ ആണ്ടത്തെ ഈ ഇടവകയുടെ കുറിവാക്യം.

'എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും' എന്നുള്ളതാണ്.

Christ Church
No. 1 Dorset P. O.
S'pore 8. 10-2-'56.

Rev. C. J. THOMAS.

ഒരു ശതാബ്ദിജൂബിലി മഹാമഹം

ഇടക്കുന്നം സെന്റ് തോമസ് ചർച്ചിന്റെ ശതാബ്ദിജൂബിലി 1956 ഫെബ്രുവരി 10—11 തീയതികളിൽ സാഘോഷം നടത്തപ്പെട്ടു. 10നു വൈകിട്ട് 7 മണിക്കു തുടങ്ങിയ ഇടവകപ്പട്ടക്കാരൻ റവ. കെ. ഐ. കോശിഅച്ചൻ സ്വാഗതശുശ്രൂഷ നടത്തുകയും റവ. ഇ. ജെ. ഫ്രെസർകുട്ടൻ പ്രസംഗിക്കയും ചെയ്തു. തദനന്തരം പള്ളിഅങ്കണത്തിൽ കെട്ടി അലങ്കരിച്ചിരുന്ന പന്തലിൽവച്ചു് സഭയിലെ യുവജനങ്ങളിൽ ചിലർ സഭാചരിത്രം തുള്ളൽ രീതിയിൽ അഭിനയിക്കുകയും സുപ്രസിദ്ധ കാഥികനായ ഇ. വി. കരുണാകരന്റെ ഉദയഗീതം (ദുഃഖവെള്ളിയാഴ്ച) എന്ന കഥാപ്രസംഗം നടത്തുകയും ചെയ്തു.

11നു ശനിയാഴ്ച 10½ മണിക്കു റവ. എ. എൻ. നൈനാൻ അച്ചൻ ഒരുമിച്ചു് ആനകല്ലു എന്ന സ്ഥലത്തു വന്നുചേർന്ന ബിഷോപ്പു തിരുമേനിയെ കൈക്കാരൻ മി. മത്തായി വേഴ്പാട്ടുശേരിൽ ഹാരം അണിയിച്ചു സ്വീകരിച്ചു. ആനകല്ലു് ഇടക്കുന്നമായി വെട്ടിയിട്ടുള്ള പുതിയ റോഡ്ഡു് ഉൽഘാടനം ചെയ്യുന്നതിനായി മി. ഖെഖി മുല്ലയ്ക്കൽ സഭയുടെ നാമത്തിൽ തിരുമേനിയോടു അഭ്യർത്ഥിക്കയും തിരുമനസ്സുകൊണ്ടതു നിർവ്വഹിക്കയും ചെയ്തു. പിന്നീടു അവിടെനിന്നുള്ള ഘോഷയാത്ര കൃത്യം 11 മണിയോടുകൂടി പള്ളിയിൽ വന്നുചേർന്നു. അല്പ വിശ്രമത്തിനു ശേഷം പുതുതായി വാങ്ങിയ പൂമുഖത്തിന്റെ പ്രതിഷ്ഠാകർമ്മം നടത്തുകയും തുടർന്നു നടന്ന സ്ഥിരീകരണ ശുശ്രൂഷയിൽ 33 പേരെ സ്ഥിരീകരിക്കയും ചെയ്തു. വിശുദ്ധസംസർഗ്ഗ ശുശ്രൂഷാമദ്ധ്യേ തിരുമേനി ഏബ്രായർ 13. 6 ആസ്പദമാക്കി വിജ്ഞാനപ്രദമായ ഒരു പ്രസംഗം ചെയ്തു.

ഉച്ചതിരിഞ്ഞു മൂന്നുമണിക്കു നടത്തപ്പെട്ട പൊതുയോഗത്തിൽ തിരുമേനി അദ്ധ്യക്ഷം വഹിച്ചു മെസ്സേഴ്സ് പി. രാമകൃഷ്ണപിള്ള ബി. എ., കെ. പി. ഹസ്സൻപിള്ള, റവ. ഇ. ജെ. ഐസക്ക്, എന്നിവർ പ്രസംഗിച്ചു. ഇടയ്ക്കിടെ ബാലികമാരുടെ അഭിനയങ്ങളും ബേബി മുല്ലയ്ക്കലിന്റെ ശ്രുതിലയ ഗാനങ്ങളും ഉണ്ടായിരുന്നു. മുണ്ടക്കയം, കൂട്ടിയ്ക്കൽ, ഇടമല, പൊൻകുന്നം, തിടനാട്, വെളിച്ചവയൽ തുടങ്ങിയ സഭകളിലെ പ്രതിനിധികളും ഇതര സമുദായാംഗങ്ങളുമായി വലിയൊരു ജനക്കൂട്ടം എല്ലാ ചടങ്ങുകളിലും പങ്കെടുത്തു.

എല്ലാ കാര്യങ്ങളും ആഗ്രഹിച്ചതിനപ്പുറമായി സാധിപ്പിച്ചുതന്ന ദൈവത്തിനു സ്തോത്രം ചെയ്യുന്നു. ക്രമമായതെല്ലാം ഭംഗിയായി നടക്കുന്നതിനു സഹായിച്ച ഏവരോടുമുള്ള നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു.

ബേബി മുല്ലയ്ക്കൽ.

അയ്യപ്പൻകോവിൽ ചാപ്പൽപ്രതിഷ്ഠ

സുവിശേഷമിഷ്യൻ കേന്ദ്രങ്ങളിൽ ഒന്നായ ഉപ്പുതറ ഇടവകയിലെ ആളുകൾ, പെരിയാറിന്റെ കിഴക്കും പടിഞ്ഞാറുമുള്ള വിസ്തൃതമായ പ്രദേശങ്ങളിലാണു കുടിപാർക്കുന്നത്. കിഴക്കുള്ള അയ്യപ്പൻ കോവിൽ, വെള്ളിലാംകണ്ടം, കൽതൊട്ടി, മേപ്പാറ, മേരികുളം, മാട്ടുകുട്ട, എന്നീ പുതുവൽ സ്ഥലങ്ങളിലുള്ള ആളുകൾക്കു പടിഞ്ഞാറേക്കരയിൽ ഉപ്പുതറപ്പള്ളിയിൽ വന്നു ആരാധനയിൽ പങ്കെടുക്കുന്നതിനു വഴി ദൂരവും, ഗംഭീരമായി ഇരമ്പിപ്പായുന്ന പെരിയാറും ബാധകമായിരുന്നതിനാൽ കിഴക്കേക്കരയിൽ ഒരു ആരാധനാസ്ഥലം ഉണ്ടാകുന്നതിനു വളരെ ആകാംക്ഷയോടെ പ്രാർത്ഥിച്ചും നോക്കിപ്പാർത്തും കൊണ്ടിരുന്നു. അങ്ങനെയിരിക്കെ ചീനതലവർ തോട്ടം അസി. റഫീമേക്കർ ശ്രീമാൻ സി. ജെ. ജോൺ, അയ്യപ്പൻകോവിൽ ചന്തയ്ക്കു സമീപം പള്ളിക്കു സൌജന്യമായിതന്ന സ്ഥലത്തു 1955 ഡിസംബർ 12-ാം ഒരു ചാപ്പലിനുവേണ്ടി പണി ആരംഭിച്ചു. പലരുടെയും അക്ഷീണ പരിശ്രമത്തിന്റെയും നിരന്തരമായി ദൈവസന്നിധിയിൽ പൊഴിച്ച കണ്ണുനീരിന്റെയും ഫലമായി കെട്ടിടം മിക്കവാറും അടപാകി, ഡോ. സി. എ. വല്യം ആദിയായി ചിലരുടെ സംഭാവനയായി ചുരുക്കം ചില ഉപകരണങ്ങളോടുകൂടി, 1956 ഫെബ്രുവരി 12-ാം നാമ്പിന്റെ പ്രാരംഭദിവസമായ അമ്പതാം ഞായറാഴ്ച ബിഷപ്പു തിരുമേനി സ്ഥലത്തു വന്നു ഒരു വമ്പിച്ച ജനക്കൂട്ടത്തിന്റെ സാന്നിദ്ധ്യത്തിലും ഏതാനും പട്ടക്കാരുടെ സഹകരണത്തിലും വിശു. സ്തേഫാനോസിന്റെ നാമത്തിൽ പ്രതിഷ്ഠ നടത്തുന്നതിനു സാധിച്ചതിൽ ദൈവത്തെ സ്തുതിക്കുന്നു. പ്രതിഷ്ഠാശുശ്രൂഷാനന്തരം നടന്ന പൊതുയോഗത്തിൽ യൂണിയൻ ക്രിസ്ത്യൻ വൈദിക സിമ്മനാരി പ്രഭാഷകൻ റവ. ജെ ഫറി പോൾ അവർകളുടെ പ്രസംഗവും ഉണ്ടായിരുന്നു.

സുവിശേഷമിഷ്യൻ പ്രവർത്തനരംഗമായ ഈ സ്ഥലങ്ങളിൽ കുടിയേറി പാർക്കുന്നവരായി വിവിധ ജാതിമതസ്ഥരായി 6000-ൽ പരം വീട്ടുകാരുണ്ട്. സുവിശേഷവേലയ്ക്കു വിപുലമായ സാധ്യതകളുള്ള ഈ സ്ഥലത്തു താമസിച്ചു വേല ചെയ്യത്തക്കവണ്ണം ഒരു സ്ഥിരം പ്രവർത്തകനെ അയച്ചുതരുന്നതിനു തിരുമേനിയോടു അഭ്യർത്ഥിക്കയും ചെയ്തു. മാത്രമല്ല ഇതിനു വടക്കുമാറി, കട്ടപ്പന, കാഞ്ചിയാർ, തോവാള, തൊപ്പിപ്പാള പുളിയന്മല മുതലായ സ്ഥലങ്ങളിൽ സി. ഏസ്സ്. ഐ. സഭാംഗങ്ങളായി അനേകർ കുടിയേറിട്ടുള്ളതിനാൽ അടുത്ത ഭാവിയിൽ തന്നെ അയ്യപ്പൻകോവിൽ ഒരു ഇടവക കേന്ദ്രമായി രൂപപ്പെടുക്കുവാൻ സാധ്യതകളുമുണ്ട്.

ഈ സ്ഥലത്തെ വേലയുടെ പുരോഗതിയ്ക്കായി മാസിക വായനക്കാരായ ഏവരുടേയും ആത്മാർത്ഥമായ നിരന്തര പ്രാർത്ഥനയെ ക്ഷണിച്ചുകൊള്ളുന്നു.

എന്നു്,

K. P. SAMUEL
Evangelist

ഉപ്പുതറ
15-2-'56.

കാൻസർ രോഗത്തിന്റെ കാരണം

ഡോക്ടർ സോമർവൽ വൂഡീസ് കോളജിൽവച്ചു് ഫെബ്രുവരി 16-ാം ചെയ്ത പ്രസംഗത്തിൽ കാൻസർ രോഗത്തിന്റെ കാരണം ഇതുവരെയും കണ്ടുപിടിച്ചിട്ടില്ലെന്നും അതു സാധാരണമായി പിടിപെട്ട് കാണുന്നതു പുകയില ഉപയോഗിച്ചു മുറുക്കുന്നവരെയും പുക വലിക്കുമ്പോൾ പുക ഉള്ളിലേക്കു കടത്തുന്നവരെയും ആണെന്നാണു്. കാൻസർ സാധാരണയായി വേദനയില്ലാത്ത ഒരു രോഗമെങ്കിലും ഞരമ്പിലോ മറ്റോ വളരെ വ്യാപിക്കുമ്പോൾ കഠിന വേദനയുണ്ടാകുന്നതാ

ണ്ട്. കാൻസർ ബാധിച്ചിടം ഓപ്പറേഷ്യൻകൊണ്ടു നീക്കിക്കളയുമെങ്കിലും രോഗം സുഖപ്പെട്ടുത്താൻ സാദ്ധ്യമല്ല. ഓപ്പറേഷ്യന്റെ ശേഷം അഞ്ചു വർഷം ആരോഗ്യത്തോടിരിക്കുന്നപക്ഷം രോഗം ഭേദമായെന്നു പറയാവുന്നതാണ്. രോഗം പിടിപെട്ടെന്നു സംശയം തോന്നുമ്പോൾത്തന്നെ ഡോക്ടരോടാലോചിക്കുന്നതുത്തമമെന്നു ഡോ. സോമർവൽ ഉപദേശിച്ചു.

വാർത്തകളും കുറിപ്പുകളും

വെല്ലൂർ ആസ്പത്രിയിലെ പുതിയ കാൻസർ വാർഡിന്റെ ശിലാസ്ഥാപനം. വെല്ലൂർ മിഷ്യൻ ആസ്പത്രിയോടനുബന്ധിച്ചു പണിയുന്ന കാൻസർ വാർഡിന്റെ ശിലാസ്ഥാപനകർമ്മം മൈസൂർ രാജപ്രമുഖ് തിരുമേനി ഫെബ്രുവരി 18-ാം തീയതി നിർവ്വഹിക്കുകയുണ്ടായി. തദവസരത്തിൽ തിരുമേനി ചെയ്ത പ്രസംഗത്തിൽ മിഷ്യൻ ആസ്പത്രിയേയും അവിടെയുള്ള പ്രവർത്തകരുടെ ചികിത്സാ പാടവത്തെയും ത്യാഗപൂർവ്വം അനുഷ്ഠിക്കുന്ന നിസ്വാർത്ഥ സേവനത്തെയും മുക്തകണ്ഠം പ്രശംസിക്കയുണ്ടായി. വിശിഷ്യാ ആതുരഭേദം മൂലം അവർ നിർവ്വഹിച്ചുകൊണ്ടു പോരുന്ന സഞ്ചാര ചികിത്സായത്നങ്ങളെ വിശേഷവിധിയായി പ്രശംസിച്ചു. സാധാരണ ആസ്പത്രികളിൽ അവിടേക്കു ചെല്ലുന്നവരെ മാത്രമാണു ചികിത്സിക്കുന്നതു്. ഏന്നാൽ ഈ ആസ്പത്രിയിൽനിന്നും ഒരു സംഘം പുറത്തുള്ള നഗര ഭാഗങ്ങളിലും ഗ്രാമ പ്രദേശങ്ങളിലും വേണ്ട സഹായങ്ങളോടുകൂടെ നിരന്തരം സഞ്ചരിച്ചു ചികിത്സയും ശുശ്രൂഷയും നടത്തിവരുന്നതു ജീവകാരുണ്യപരമായ വമ്പിച്ച സേവനയത്നമാണ്. ഇന്ത്യയിലെ മിഷ്യനറി പ്രവർത്തനത്തിന്റെ വമ്പിച്ച സാദ്ധ്യതകളിൽ ഏറ്റവും വിജയകരമായ ഒന്നിനെയാണു ഈ ആസ്പത്രിസ്ഥാപന പ്രതിനിധീകരിക്കുന്നതു്. അതെല്ലാം പ്രാർത്ഥനയിലും വിശ്വാസത്തിലുമാണ് അധിഷ്ഠിതമായിരിക്കുന്നതെന്നുള്ളതാണ് സവിശേഷം പ്രസ്താവ്യം. മൈസൂർ രാജപ്രമുഖിന്റെ ഈ പ്രസ്താവന മിഷ്യൻ ആസ്പത്രിയിലെ ക്രൈസ്തവ സേവനത്തിനൊരുത്തമ സാക്ഷ്യമാണെന്നതിനെ. അതിനാൽ ഇത്തരം ആസ്പത്രികളുടെ വർദ്ധമാനമായ പ്രചാരവും ആത്മാർത്ഥമായ ക്രൈസ്തവ സേവനാഭിവൃദ്ധിയും പ്രോത്സാഹിപ്പിക്കയാണു ക്രിസ്തീയ സഭയുടെ ഒരു പ്രധാന കർത്തവ്യം.

രണ്ടു വൈദിക വിവാഹങ്ങൾ. മലയാളം സി. എൽ. എ സിന്റെ സെക്രട്ടറി റവ. ഇ. സി. ജോണിന്റെയും മഹായിടവക യൂത്ത് ലീഗ് സെക്രട്ടറി റവ. സി. ജെ. ടോസിന്റെയും വിവാഹങ്ങൾ ഫെബ്രു 9-ാം വ്യാഴാഴ്ച ബിഷപ്പു തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തുകയുണ്ടായി. റവ. ഇ. സി. ജോണിന്റെ വിവാഹം ഒരു ജർമ്മൻ വനിത ബാംഗ്ലൂരിലുള്ള ഒരു മിഷ്യൻ ഹോസ്പിറ്റലിൽ നേഴ്സായി സേവനമനുഷ്ഠിച്ചുവന്ന കുമാരി ജൂലിയായുമായിട്ടായിരുന്നു. 10 മണിക്കു വിവാഹകർമ്മം ബഥേൽ ചാപ്പലിൽവെച്ചു ഏതാനും പട്ടക്കാരുടെ സഹകരണത്തിൽ ബിഷപ്പുതിരുമേനി നടത്തുകയും വിശുദ്ധസംസർഗ്ഗം അനുഷ്ഠിക്കയും ചെയ്തു. മണവാട്ടിയുടെ പിതാവു ഒരു ജർമ്മൻ വൈദികൻ മകളുടെ വിവാഹം വിദൂരദേശത്തു നടത്തുന്നതിനാൽ അതിൽ സംബന്ധിക്കുന്നതിനിടയാകാത്തതിൽ ഖേദിച്ചും വിവാഹത്തിനു മാതാപിതാക്കന്മാരുടെ സമ്മതവും വാഴ്വും നൽകിയും മകളുടെ ഇന്ത്യൻ ഭർത്താവിനെ സ്വാഗതം ചെയ്തുള്ള കത്തു റവ. എം. ബാംഗ്ലോ വായിക്കയും അതിനെ തുടർന്നു അദ്ദേഹം ഒരു പ്രസംഗം ചെയ്കയും ചെയ്തു. മണവാട്ടിയെ രക്ഷാകർത്താവെന്ന നിലയിൽ വിവാഹത്തിനു പിടിച്ചുകൊടുത്തതു റവ. ജഫ്രിച്ചാൾ ആയിരുന്നു. വിവാഹാനന്തരം ആക്ച്ചുഡീക്കൻ സുന്ദരകുടുംബങ്ങളിൽവെച്ചു നടത്തപ്പെട്ട വിരുന്നിൽ അനേകർ സംബന്ധിക്കയും നവദമ്പതിമാർക്കു മംഗളാശംസകൾ നൽകുകയും ചെയ്തു.

ബഥേൽ ചാപ്പലിലെ വിവാഹകർമ്മം അവസാനിച്ചയുടനെ ബിഷപ്പുതിരുമേനിയും ഏതാനും പട്ടക്കാരുംകൂടെ നെടുങ്ങാടപ്പള്ളിക്കു പോകയും റവ. സി. ജെ. ടോസിന്റെ വിവാഹകർമ്മം നടത്തുകയും വിശുദ്ധ സംസർഗ്ഗം അനുഷ്ഠിക്കയും ചെയ്തു. കോട്ടയത്തു പാറയ്ക്കൽ മി. പി. റ്റി. മത്തന്റെ പുത്രി ഗ്രേസിയെ ആണ ടോസ്സൻ വിവാഹം ചെയ്തതു. നവദമ്പതിമാരായ വൈദികർക്കും ബന്ധുമിത്രാദികൾക്കും അനുമോദനങ്ങളും ഭാവിയാശംസകളും ആശംസിച്ചുകൊള്ളുകയും ചെയ്യുന്നു.

ലോകത്തിലെ സിനിമാ ഫിലിം നിർമ്മാണം. ലോകമെമ്പാടുമുള്ള ഫിലിം നിർമ്മാണത്തിൽ ഇന്ത്യയ്ക്കു മൂന്നാം സ്ഥാനമാണുള്ളതു. യു. എൻ. സംഘടനയുടെ ശാസ്ത്രീയ സാംസ്കാരിക വിഭാഗത്തിന്റെ റിപ്പോർട്ടിൻപ്രകാരം 1953-ൽ ഐക്യസംസ്ഥാനങ്ങളിൽ-344 ഉം ജപ്പാനിൽ 302 ഉം ഇന്ത്യയിൽ 259 ഉം ഫിലിമുകളാണു നിർമ്മിക്കപ്പെട്ടതു. ലോകത്തിലാകെ ഒരുലക്ഷത്തിലധികം സിനമാകളും അവയിൽ ഒരുണ്ടത്തെ കാണികളായി 10 ബില്യൻ അതായതു പത്തുലക്ഷം കോടിയാളുകളുമുണ്ടെന്നു കണക്കാക്കിയിരിക്കുന്നു. സിനമാ ഒരു വിശേഷ കണ്ടുപിടിത്തവും ഒരത്ഭുത സാദ്ധ്യവും

ഒരു വമ്പിച്ച പ്രേരണാശക്തിയുമാകുന്നു. അതു ശരിയായും ഉത്തമമായും ഉപയോഗിക്കുന്നപക്ഷം നമ്മുടെ ധാർമ്മിക ജീവിതത്തിനും എത്രമാത്രം പ്രയോജനകരമായിത്തീരുന്നു. എന്നാൽ ഭൂരിപക്ഷം സിനിമാചിത്രങ്ങളും അധഃപതനത്തിലേക്കും മ്ലേച്ഛതയിലേക്കും മനുഷ്യമനസ്സിനെ തരംതാഴ്ത്തിക്കൊണ്ടിരിക്കുന്നു. അതിനെപ്പറ്റി ബോധമുള്ള നേതാക്കന്മാരും മാതാപിതാക്കന്മാരും അശ്ലീലവും അസഭ്യവുമായ ചിത്രങ്ങളെ എത്രമാത്രം അപലപിച്ചിട്ടുള്ളതാണെന്നു മുൻലക്കങ്ങളിൽ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ടല്ലൊ. എന്നാൽ ഗവർമെന്റുകൾക്കു അവയുടെ മേൽ നിശിതമായ ഒരു നിയന്ത്രണം ചെലുത്തുന്നതിനു സാധ്യമാകാതെയിരിക്കുന്നതിൽ പരിതപിക്കയല്ലാതെ നിവൃത്തിയില്ല. ക്രൈസ്തവ സഭകൾക്കും വിദ്യാലയങ്ങൾക്കും സംഘടിതമായി ഏറെക്കുറെ പ്രയത്നിപ്പാൻ കഴിയുമെങ്കിലും ഇക്കാര്യത്തിൽ അവരുടെ ശ്രദ്ധയെ ഉണർത്തീട്ടും ഫലമില്ലാതെയാണു കാണുന്നത്.

ഒരു ചരമം. മല്ലപ്പള്ളി ഇടവകയിൽ കുന്നത്തു പാപ്പൻ എന്നു അറിയപ്പെട്ടുന്ന മി. കെ. സി. ചെറിയാൻ തന്റെ 97-ാ മത്തെ വയസ്സിൽ 1956 ജനുവരി 30നു തിങ്കളാഴ്ച കർത്താവിൽ നിദ്ര പ്രാപിച്ചു. അദ്ദേഹം ഈ ഇടവകയിൽ കൈക്കാരനായും കമ്മറ്റി അംഗമായും മറ്റും ദീർഘനാൾ വിശ്വസ്ത സേവനം അനുഷ്ഠിച്ചിട്ടുണ്ട്. സ്ഥലത്തെ വള്ളിയും ഫൈസ്ക്കൂളും പണികഴിപ്പിക്കുന്നതിൽ ഉത്സാഹപൂർവ്വം പ്രവർത്തിച്ചിട്ടുണ്ട്. അദ്ദേഹത്തിനു രണ്ടു പുത്രന്മാരുള്ളതിൽ മൂത്ത മകൻ സ്ഥലത്തെ ഫൈസ്ക്കൂളിൽ ഒരു അദ്ധ്യാപകനായും മല്ലപ്പള്ളി ഡിസ്ട്രിക്ടിലെ സണ്ടെസ്ക്കൂൾ സെക്രട്ടറിയായും വിശ്വസ്ത സേവനം അനുഷ്ഠിച്ചുവരുന്നു. ഇതരൻ വടക്കെ ഇൻഡ്യയിൽ ഉദ്യോഗത്തിൽ ഇരിക്കുന്നു. ഇദ്ദേഹത്തിന്റെ വേർപാടു മൂലം ദുഃഖത്തിലിരിക്കുന്നവരെ ദൈവം ആശ്വസിപ്പിക്കട്ടെ.

പട്ടക്കാരുടെ സ്ഥലംമാറ്റം

റവ. എം. സി. സാമുവേലിനെ കാട്ടാമ്പാക്കലിനും, റവ. സി. ററി. ജോണിനെ വെള്ളറുത്തുരുത്തിക്കും റവ. കെ. പി. ഫിലിപ്പിനെ ബ്രാംഗ്ലൂക്കും, റവ. എം. കെ. ജോർജ്ജിനെ മല്ലപ്പള്ളിക്കും റവ. ററി. ജെ. വർക്കിയെ നെടുങ്ങാടപ്പള്ളിക്കും, റവ. എ. എൻ. നൈനാനെ കവിയൂർക്കും, റവ. സി. ഐ. ചാക്കോയെ മദ്രാസിനും, റവ. സി. ററി. തോമസിനെ പുതുവലിനും, റവ. എം. ജെ. ഇട്ടപ്പനെ അടൂർക്കും, റവ. പി. ഇ. ചാക്കോയെ പെൻക്കാൻ ലിസ്റ്റിൽ ചേർത്തു കൃഷ്ണപുരത്തിനും, റവ. കെ. ഒ. ഫിലിപ്പിനെ ഒമല്ലൂർക്കും, റവ. പി. സി. മാത്യുവിനെ ബൈബിൾ സ്ക്കൂളിലേക്കും, റവ. എ. പി. ജോണിനെ ഓമല്ലൂർക്കും, റവ. ററി. വി. കുരുവിളയെ കോന്നിക്കും, റവ. ഇ. ജെ. ചാക്കോയെ എറികാടിനും, റവ. ററി. എം. തോമ്മസിനെ വടകരിലിനും, റവ. കെ. ജോർജ്ജിനെ പുന്നയൂർക്കുളത്തിനും, റവ. ജോർജ്ജ് സാമുവലിനെ മുട്ടുചിറയ്ക്കും, റവ. വി. എസ്സ്. സാമുവേലിനെ വളഞ്ഞവട്ടത്തേക്കും, റവ. എം. എം. ആൻഡ്രൂസിനെ ഏറ്റുമാനൂരേക്കും സ്ഥലംമാറി നിശ്ചയിച്ചിരിക്കുന്നതായറിയുന്നു. ഇനിയുള്ള മാറ്റങ്ങൾ അടുത്ത ലക്കത്തിൽ.

പട്ടംകൊടുക്കൽ

വൈദികസെമ്മനാരികളിൽ പരിശീലനം കഴിയുന്ന ഐ. സി. കുര്യൻ, എസ്സ്. യേശുവടിയൻ ബി. എ., മാണി എം. കാക്കോ ബി. എ, എന്നിവർക്കു ഒടിയാക്കോൻ പട്ടം കൊടുക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു.

മാരാമണ്ണുമഹായോഗം

ആണ്ടുതോറും നടത്താറുള്ള മാരാമണ്ണുയോഗം ഇപ്പ്രാവശ്യം ഫെബ്രു. 19—26 നു വരെയുള്ള വാരത്തിൽ മേംഗിയായി നടത്തപ്പെടുന്നതിനു തീരുമാനിച്ചിരിക്കുന്നു. ഇപ്പ്രാവശ്യത്തെ മുഖ്യപ്രസംഗകൻ ഡോ. സ്റ്റാൻലിജോൺസ്സവർക്കരായിരുന്നു. 33 വർഷമായി അദ്ദേഹം മാരാമണ്ണുയോഗത്തിൽ വന്നു പ്രസംഗിക്കാൻ തുടങ്ങീട്ടു. ക്രിസ്തു എന്റെ രക്തത്തിൽ അലിഞ്ഞുചേർന്നിരിക്കുന്നതുപോലെയാണു മതത്തോടുള്ള മനോഭാവമെന്നു അദ്ദേഹം പറയുകയും ചെയ്തു. പ്രാർത്ഥന എന്നതു ആത്മസമർപ്പണമാണെന്നും വിശ്വാസത്തിന്റെ കേന്ദ്രം ക്രിസ്തുവെന്ന ആശയമായിരിക്കണമെന്നും മഹാത്മഗാന്ധി വ്യക്തമാക്കിയിരുന്നതല്ലാതെ ക്രിസ്തുവിനെ അറിഞ്ഞില്ലെന്നും, എങ്കിലും ക്രൈസ്തവരുടെ ശ്രദ്ധയനുസരിച്ചു ജീവിച്ച ഒരാളായിരുന്നു അദ്ദേഹമെന്നും പ്രസ്താവിക്കയുണ്ടായി. ഇന്നത്തെ ക്രൈസ്തവസഭകേന്ദ്രമായ ക്രിസ്തുവിനെ വിട്ടു മാറിപ്പോകുന്നു. ക്രിസ്തുമാർഗ്ഗം കമ്മ്യൂണിസ്റ്റാധിക്യത്തിലുമല്ല. അതു ക്രിസ്തുവിൽതന്നെ അധിഷ്ഠിതമായിരിക്കണം. സർവ്വവും ക്രിസ്തുവിങ്കൽ സമർപ്പിച്ചവനാണു ക്രിസ്ത്യാനി. ക്രിസ്തുവിനെക്കുറിച്ചായുന്ന

ളും ക്രിസ്തുവിനെ അറിയുന്നതും രണ്ടാണ്. നേരിട്ട പരിചയിച്ചറിയുന്നതാണാവശ്യം. നമ്മുടെ ബിഷോപ്പുതിരുമേനിയും ബുധനാഴ്ച കാലത്തെ യോഗത്തിൽ ഒരു പ്രസംഗം ചെയ്തു. മുടിയൻ പുത്രന്റെ ജ്യേക്കുസഹോദരന്റെ നിലപാടിനെ ആസ്പദമാക്കി ഇന്നു കേരളസഭയ്ക്കു നേരിട്ടിരിക്കുന്ന വിഷമങ്ങളെക്കുറിച്ചു പ്രതിപാദിച്ചു. മറ്റുള്ളവരെയുള്ള നിന്ദ, സ്വനീതീകരണം, പുതിയ അനുഭവങ്ങളിലേക്കു പ്രവേശിപ്പാനുള്ള മനസ്സില്ലായ്മ. 1910-ൽ എഡിൻബറോയിൽ കൂടിയ മിഷ്ണറിസമ്മേളനം ഐക്യപ്രസ്ഥാനം മിഷ്ണറിപ്രസ്ഥാനം എന്നീ രണ്ടിനും ശക്തിയേറിയ ആഹ്വാനം പുറപ്പെടുവിച്ചെങ്കിലും ഇവ രണ്ടിലും കേരളസഭ ഇനിയും അഭിവൃദ്ധിപ്പെടണം. പുതിയ ദർശനം പ്രാപിച്ചു ഇവ രണ്ടും സാദ്ധ്യമാക്കണം.

പ്രതിദിനവേദവായനക്കുറിപ്പുകൾ—മാർച്ചു 1956

൧൪. (ഞാ.) മത്താ. ൨൨. ൧൫—൩൩. (1) ഹേരോദ്യർ റോമൻ മേധാവിത്വത്തെ അനുകൂലിച്ചവരും പരീശന്മാർ വിദേശമേൽക്കോയ്മയെ ശക്തിയുക്തം എതിർത്ത സ്വദേശസ്നേഹികളും ആയിരുന്നുവെങ്കിലും യേശുവിനെ വാക്കിൽ കുടുക്കുന്നതിനുള്ള ശ്രമത്തിൽ അവർ പരസ്പരം യോജിക്കുന്നു. അവർക്കു കൊടുത്ത മറുപടിയിൽ കർത്താവു ഒരു വലിയ പ്രമാണം സ്ഥാപിക്കുന്നു. രാജ്യത്തോടും ദൈവത്തോടും നിഷ്പക്ഷേണ്ട ചുമതല ഒരു ക്രിസ്ത്യാനിക്കുണ്ട്. 'ഒന്നാമതു ദൈവം' ഇതായിരിക്കണം ഒരു ക്രിസ്ത്യാനിയുടെ മുദ്രാവാക്യം. (2) സദ്ദൂക്യർ അക്കാലത്തെ ആധുനിക ചിന്താഗതിക്കാർ ആയിരുന്നു. അവർ മഹാപുരോഹിതകക്ഷിയിൽ ഉൾപ്പെട്ടവരായിരുന്നു. അവരോടുള്ള മറുപടിയിൽ അവരുടെ അവിശ്വാസം ദൈവവചനത്തെക്കുറിച്ചും, ദൈവശക്തിയെക്കുറിച്ചുമുള്ള അജ്ഞാനത്തിൽനിന്നു ഉണ്ടായതാണെന്നതെ കർത്താവു തെളിയിച്ചതു. ദൈവവചനം നാം ശരിയായി പഠിക്കുകയും, ദൈവശക്തി ദിനന്തോറും അനുഭവിക്കുകയും ചെയ്യുന്നെങ്കിൽ തെറ്റായ ഉപദേശങ്ങളിൽ പെട്ടു കുടുങ്ങിപ്പോകുവാൻ ഇടവരികയില്ല.

൧൫. തി. മത്താ. ൨൨. ൩൪—൪൬. (1) ന്യായശാസ്ത്രിയുടെ ചോദ്യം യേശുക്രിസ്തുവിനെ പരീക്ഷിച്ചു ചോദിച്ച ചോദ്യമായിരുന്നു ഇതു (൩൬ വാ). യേശുവിന്റെ മറുപടി നോക്കുക (൩൭—൪൦ വാ). ഏറ്റവും മുഖ്യകല്പനയായ ദൈവത്തോടുള്ള പൂർണ്ണ സ്നേഹവും (ആവ. ൬. ൫). അതിന്റെ കൂടെ വരുന്ന സഹോദരനോടുള്ള സ്നേഹവും (ലേവ്യ. ൧൯. ൧൮). ഈ രണ്ടും തമ്മിൽ ബന്ധിപ്പിച്ചതു കർത്തായായ യേശുക്രിസ്തുവത്രെ. (2) യേശുവിന്റെ ചോദ്യം. യേശു പരീശന്മാരോടു ചോദിക്കുന്നതു 'ക്രിസ്തുവിനെക്കുറിച്ചു നിങ്ങൾ എന്തു പറയുന്നു' എന്നായിരുന്നു (൪൨ വാ). അക്കാലത്തു യേശുവിനോടു അനേകം ചോദ്യങ്ങൾ ചോദിച്ചിട്ടുള്ളതും ഇക്കാലത്തു ജീവിക്കുന്ന നാമും കർത്താവു ചോദിക്കുന്ന ഈ ചോദ്യത്തിനു കൊടുക്കുന്ന മറുപടി അനുസരിച്ചായിരിക്കും വിധിക്കപ്പെടുന്നതു. മനുഷ്യൻ എന്ന നിലയിൽ അവൻ ദാവീദിന്റെ പുത്രനത്രെ. ഈ നിലയിൽ പരീശന്മാരുടെ ഉത്തരം ശരിയായിരുന്നു. എന്നാൽ അവൻ ദൈവപുത്രനാകയാൽ ദാവീദിന്റെയും കർത്താവാകുന്നു. അവൻ നമ്മുടെ രക്ഷകനും കർത്താവുമാകുന്നു.

൧൬. (ചൊ.) മത്താ. ൨൩. 1—12. അന്നത്തെ മതോപദേഷ്ടാക്കന്മാരായിരുന്ന ശാസ്ത്രിമാരെയും പരീശന്മാരെയുംകുറിച്ചു ഒരു മുന്നറിയിപ്പു കർത്താവു ശിഷ്യന്മാർക്കു കൊടുക്കുന്നു. 'മോശെയുടെ പീഠത്തിൽ ഇരുന്നു' ആ ജനപ്രമാണികളുടെ വാക്കുകൾ പ്രമാണിക്കുവാനും, പ്രവൃത്തികൾ അവഗണിക്കുവാനും കർത്താവു ആവശ്യപ്പെടുന്നു. അവർ പറയുന്നതല്ലാതെ പ്രവർത്തിയിൽ കാണിക്കാത്തവരാകുന്നു (൩ വാ). അവർ ഏതെങ്കിലും ചെയ്യുന്നതു മറ്റുള്ളവർ കാണുന്നതിനായിട്ടും പുകഴ്ച ലഭിക്കുന്നതിനായിട്ടും അത്രെ. യോഗങ്ങളിലും പ്രാർത്ഥനകളിലും നാം സംബന്ധിക്കുന്നതു യഥാർത്ഥമായി ദൈവത്തെ പ്രസാദിപ്പിക്കുന്നതിനാണോ അതോ മറ്റുള്ളവരുടെ മുമ്പിൽ ഭക്തർ എന്നുള്ള പേരു കേൾപ്പിക്കേണ്ടതിനാണോ? അക്കാര്യത്തെപ്പോലെ തന്നെ ഭയങ്കര പാപമാണു കപടഭക്തി. വിനയത്തിന്റെയും സൌമ്യതയുടെയും മഹാത്മ്യത്തെക്കുറിച്ചു കർത്താവു വീണ്ടും പറയുന്നു (൮, ൧൨ വാ). വലിയവരാകുവാൻ ആഗ്രഹിച്ചുപോകുന്നുവെങ്കിലും തന്നെത്താൻ താഴ്ത്തി സേവനം ചെയ്യുന്നവർ അന്യരുടെ ദൃഷ്ടിയിൽ ഉയർന്നവരായിത്തീരുന്നു.

ലൂക്കൊ. (ബൃ.) മത്താ. ൨൩. ൧൩—൩൨. 'കപടഭക്തിക്കാരായ ശാസ്ത്രിമാരും, പരീശന്മാരുമായുള്ളോരെ, നിങ്ങൾക്കു ഹാ! കഷ്ടം.' പരീശന്മാർ ഭക്തിയുടെ വേഷം നടിച്ചു ജീവിച്ചിരുന്നവരാണു അവരുടെ ഹൃദയാന്തർഭാഗത്തു ദൈവവുമായി യാതൊരു ബന്ധവും ഇല്ലായിരുന്നു. ഇതുപോലെ കഠിനമായ രീതിയിൽ കർത്താവു ആരോടും സംസാരിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. പാപികൾ എപ്പോഴും കരുണാപൂർണ്ണമായ വാക്കുകൾ മാത്രമെ തന്നിൽനിന്നു കേട്ടിട്ടുള്ളൂ. ഒരു പാപിയെയും അവൻ ശിക്ഷവിധിച്ചിട്ടില്ല. അവരെ ശിക്ഷിക്കാനല്ല, രക്ഷിക്കാനത്രെ താൻ വന്നതു. എന്നാൽ പാപികളല്ലെന്നു ചിന്തിച്ചുകൊണ്ടു ഭക്തിയുടെ വേഷം കെട്ടി നടക്കുന്നവരെ കർത്താവു കഠിനമായി ശാസിക്കുതന്നെ ചെയ്യുന്നു. അവരുടെ ചില പ്രവർത്തനങ്ങൾ നോക്കുക. (1) അവർ സ്വർഗ്ഗരാജ്യത്തിലേക്കു മറ്റുള്ളവർ പ്രവേശിക്കുന്നതിനെ തടസ്സപ്പെടുത്തുന്നു (൨൩ വാ). (2) മതത്തിൽ ആളെ ചേർക്കുന്നതിൽ അക്ഷീണപരിശ്രമം ചെയ്യുന്നു. എന്നാൽ ദൈവത്തോടു മനുഷ്യരെ അടുപ്പിക്കുവാൻ കഴിയുന്നില്ല. (3) വാശിയുള്ളവർ ലംഘിക്കുന്നതിൽ ഒട്ടും വിമുഖമില്ലാത്തവരാണു. ഇങ്ങനെയുള്ളവർക്കു ഹാ! കഷ്ടം എന്നത്രെ കർത്താവു പറയുന്നതു.

മർക്കൊ. (വ്യാ.) മത്താ. ൨൩. ൨൩—൩൯. യെഹൂദജനത്തിന്റെ നായകന്മാരെപ്പറ്റി കർത്താവു വളരെ ദുഃഖത്തോടും നിരാശയോടുംകൂടി പറയുന്ന വാക്കുകൾ ഈ ഭാഗത്തും കാണാം. 'നിങ്ങൾക്കു ഹാ! കഷ്ടം എന്നു രണ്ടു പ്രാവശ്യം ആവർത്തിച്ചു പറയുന്നു. 'കപടഭക്തിക്കാർ' എന്നു ഏഴു പ്രാവശ്യം അവരെ നാമകരണം ചെയ്യുന്നു. 'കുരുടന്മാരായ വഴികാട്ടികൾ' എന്നു രണ്ടു പ്രാവശ്യം അവരെ വിളിക്കുന്നു. കർത്താവു ശാസിക്കുന്ന കാര്യങ്ങൾ എന്തൊക്കെ? (1) അപ്രധാനമായ കാര്യങ്ങൾക്കു അമിത പ്രാധാന്യം കല്പിച്ചുകൊടുത്തു സത്യം, നീതി മുതലായവയെ മറിച്ചുകളയുന്ന വഞ്ചന (൨൩ വാ). (2) ഹൃദയ വിശുദ്ധിയെക്കാൾ പുറമെയുള്ള വെടിപ്പിനെ കാര്യമായി ഗണിക്കുന്നതു (൨൫, ൨൬ വാ). (3) അകമെ ദ്രോഹത നിറഞ്ഞിരിക്കുമ്പോൾ തങ്ങൾ നീതിമാന്മാരെന്നു നടിക്കുന്ന കപടഭക്തി (൨൭, ൨൮ വാ). ൩൨-ാം വാക്യം വളരെ ഹൃദയസ്പർശകമായിരിക്കുന്നു. 'എനിക്കു മനസ്സായിരുന്നു.....നിങ്ങൾക്കോ മനസ്സായില്ല.' യെരൂശലേമിനെ നോക്കിക്കരഞ്ഞവനായ കർത്താവു ഇന്നു നമ്മെ നോക്കി കരയുന്നുണ്ടോ?

ലൂക്കൊ. (വൈ.) മത്താ. ൨൪. ൧—൨൬. യേശുവും ശിഷ്യഗണങ്ങളുംകൂടി ഒലിവു മലയിൽ ഇരിക്കുമ്പോൾ ശിഷ്യന്മാർ രണ്ടു ചോദ്യങ്ങൾ കർത്താവിനോടു ചോദിക്കുന്നു. 'അതു എപ്പോൾ സംഭവിക്കും' എന്നുള്ളതു യെരൂശലേമിന്റെ നാശത്തെ ഉദ്ദേശിച്ചു ചോദിക്കുന്നതാണു. 'നിന്റെ വരവിനും, ലോകാവസാനത്തിനും അടയാളം എന്തു? എന്നുള്ളതു മറ്റൊരു ചോദ്യമാണു. 'രണ്ടു ചോദ്യങ്ങൾക്കുമുള്ള ഉത്തരം ഇടകലർന്നു അനന്തരവാക്യങ്ങളിൽ കാണുന്നു. ഈ ഭാഗത്തു പറയുന്ന അടയാളങ്ങൾ രണ്ടു ചോദ്യങ്ങൾക്കും പറയുന്നതാണു. എന്തെന്നാൽ ചിലതെല്ലാം എ. ഡി 70-ാം ആണ്ടിൽ ഉണ്ടായ യെരൂശലേമിന്റെ നാശത്തിനു മുമ്പു നിവൃത്തിയായി. എന്നാൽ ഇതെല്ലാം പരിപൂർണ്ണമായി നിവൃത്തിയാകുന്നതു കർത്താവിന്റെ രണ്ടാമത്തെ വരവു അടുത്തിരിക്കുന്ന ഈ കാലയളവിലത്രെ. തന്റെ വരവു സമീപമായിരിക്കുന്നു. അതുകൊണ്ടു (1) തെറ്റിപ്പോകാതെയും, ചഞ്ചലപ്പെടാതെയും നാം സൂക്ഷിക്കണം. (2) അവസാനത്തോളം സഹിച്ചു നിലനിൽക്കണം. (3) സുവിശേഷപ്രവർത്തനം മടിക്കൂടാതെ നിവർത്തിക്കണം.

ലൂക്കൊ. (ശ.) മത്താ. ൨൪. ൨൭—൫൧. 'മനുഷ്യപുത്രന്റെ അടയാളം ആകാശത്തുവിളങ്ങും' (൩൦ വാ). എ. ഡി. 70-ാം ആണ്ടിൽ റോമൻപടയാളികൾ യെരൂശലേം നഗരത്തെയും ദേവാലയത്തെയും പൂർണ്ണമായി നശിപ്പിച്ചപ്പോൾ ഈ അടയാളങ്ങളിൽ ചിലവ നിറവേറപ്പെട്ടു എന്നു ചിന്തിപ്പാൻ വകയുണ്ടു (൨൯ വാ). 'മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും തേജസ്സോടുംകൂടെ വരുന്നതു കാണും' എന്ന അടയാളം ഇതേവരെ നിറവേറപ്പെട്ടിട്ടില്ല (൩൦ വാ). ആ അടയാളത്തിനായി നമുക്കു കാത്തിരിക്കാം. ഈ ക്രിസ്ത്യാനിയുടെ അനുഗ്രഹിക്കപ്പെട്ട പ്രത്യാശയും സന്തോഷപ്രദമായ വാഞ്ഛയുമാകുന്നു. അതു മിന്നൽപോലെ പെട്ടെന്നും മുന്നറിയിപ്പുകൂടാത്തതുമായിരിക്കും (൨൭ വാ). അന്നു ഭൂമിയിലെ സകല ഗോത്രങ്ങളും അതു കാണും. ഒരു മഹാകാഹളധ്വനി മുഴങ്ങും (൧൬ ; ൧ തെസ്സ. ൪.

ന്നു : ഫ കൊരി. ഫ൫. ൫൫). അന്ന അവന്റെ പ്രതിനിധികളെ ആകാശത്തിന്റെ അറുതിമുതൽ അറുതിവരെയും നാലുദിക്കിൽനിന്നും കൂട്ടിച്ചേർക്കും (ന്യൂ വാ). അതു എത്ര വലിയ കൂട്ടമായിരിക്കും. നിശ്ചയമായും അതു ഒരു മഹാജനം തന്നെ.

ചുവന്ന. (ഞാ.) മത്താ. ൨൪. ന്യൂ—൫൦. ഭാഗ്യവാനായ ദാസൻ (രണ്ടു വാ). യേശുവിണ്ടും വരുമ്പോൾ ലോകത്തിന്റെ അവസ്ഥ എന്തായിരിക്കും? അവന്റെ പുരോഗമനത്തിനായി തയാറായ ഒരുത്തമ ലോകമായിരിക്കുമോ? യേശു പറയുന്നതു തയാറായിരിക്കുകയില്ല. നോഹയുടെ കാലംപോലെ തന്നെയായിരിക്കും എന്നാണു (ന്യൂ വാ). ഒഴുന്മാരായ ജനങ്ങളുടെ മദ്ധ്യത്തിൽ ഒരു നിതിമാൻ അന്നുണ്ടായിരുന്നു. അവൻ മൈവത്തോടുകൂടെ നടന്നു. അതു നോഹയായിരുന്നു. (ഉല്പ. ന്യൂ. ൻ). എന്നാൽ യേശു വരുമ്പോൾ അതുപോലെ പലരും ഉണ്ടായിരിക്കും. യേശു അവരെ വിളിക്കുന്നതു ഭാഗ്യവാന്മാരായ ദാസന്മാരെന്നാണു. ഭാഗ്യവാന്മാർ എന്നുള്ളതിനു സന്തോഷമുള്ളവർ എന്നർത്ഥം. യേശു അങ്ങനെയുള്ളവനെ 'വിശ്വസ്തനും ബുദ്ധിമാനുമായ ദാസൻ എന്നും വിളിക്കുന്നു (൨൫ വാ). അവർ ഉണർന്നിരുന്നു പ്രവർത്തിക്കുന്നവരായി കർത്താവു അവരെ കാണുന്നു (൨൨, ൨൩ വാ). അവൻ മടങ്ങി വരുമ്പോൾ അവിശ്വസ്തരും ഒഴുന്മാരുമായ ദാസന്മാരെയും കാണും. അതിനാൽ സൂക്ഷിച്ചിരിക്കേണ്ടതാണു.

ഫൻനു. (തി.) മത്താ. ൨൫. ഫ—ഫന. 'മണവാളൻ വരുന്നു' (൨ വാ). യേശുവിന്റെ തിരിച്ചുവരവിനെപ്പറ്റി താൻ പറയുന്നതു അതു ഒരു രാജാവിന്റെയോ, യജമാനന്റെയോ, (മക്കാ. ഫന. ന൫) യാത്രക്കാരന്റെയോ, തിരിച്ചു വരവുപോലെയായിരിക്കുമെന്നാണു. എന്നാൽ ഇപ്പോൾ താൻ പറയുന്നതു തന്റെ മണവാട്ടിയെ സ്വീകരിക്കുവാൻ വരുന്ന ഒരു മണവാളനെപ്പോലെയാണെന്നാണു. ഈ ഉപയിൽ വ്യത്യസ്തമായ ഒരു ചിത്രീകരണമാകുന്നു നാം കാണുന്നതു്. അവന്റെ തെരഞ്ഞെടുക്കപ്പെട്ടവരെ മണവാളനെ സ്വാഗതം ചെയ്യാനും വിരുന്നിൽ പങ്കെടുക്കുവാൻ കാത്തിരുന്ന കന്യകമാരോടാണു ഉപമിക്കുന്നതു. അവർ കാത്തിരുന്നു ക്ഷീണിക്കുകയും ഉറങ്ങിപ്പോകുകയും ചെയ്തായി നാം കാണുന്നു. അർദ്ധരാത്രിയായപ്പോഴാണു മണവാളൻ വന്നതു്. ഇക്കാലത്തു അനേകർ അങ്ങനെതന്നെയാണു. യഥാർത്ഥക്രിസ്ത്യാനികൾ പരിശുദ്ധാത്മാവായ എണ്ണയുള്ളവരായി കാത്തിരിക്കുന്നു. മറ്റു ചിലർ ബുദ്ധിയില്ലാത്ത കന്യകമാരെപ്പോലെ ബാഹ്യമായ ഒരുക്കം ചെയ്യുവരത്രെ. അവരുടെ വിളക്കിലെ എണ്ണതീർന്നുപോകുകയും അവർ ഉറങ്ങിപ്പോകുകയും ചെയ്യുന്നു. ഒരുങ്ങിയിരുന്നവർ കല്യാണസദ്യയിൽ പങ്കുകൊണ്ടു.

ചുവന്ന. (ചൊ.) മത്താ. ൨൫. ഫ൫—൩൦. 'നീ അറിഞ്ഞുവല്ലോ..... ഏല്പിക്കേണ്ടിയിരുന്നു' (൨൭, ൨൯ വാ). അവന്റെ യജമാനൻ അധികമൊന്നും അവനിൽനിന്നു ആശിച്ചിരുന്നില്ല. അവൻ അവന്റെ ഭൃത്യന്മാരുടെ പ്രാപ്തിക്കനുസരണമായ താലന്തുകളെ ഏല്പിച്ചിരുന്നതു (൧൫ വാ). എന്നാൽ ഈ ഭൃത്യനു കൈക്കൊള്ളുവാൻ ഒരു താലന്തു ഉണ്ടായിരുന്നുള്ളൂ. നമുക്കു ഏല്പിച്ചുവക്കും വ്യത്യസ്തമായ പ്രാപ്തികളാണു ഉള്ളതു. നമ്മുടെ പ്രാപ്തിക്കു അതിതമായ ഒന്നും നമ്മുടെ യജമാനൻ നമ്മിൽനിന്നും പ്രത്യാശിക്കുന്നില്ല. ഈ ഭൃത്യനു യജമാനനെപ്പറ്റി ക്രൂരതരമായ ചിന്തകളാണു ഉണ്ടായിരുന്നതു. അതിനാൽ യജമാനനെ സേവിപ്പാനുള്ള മനസ്സു അവനില്ലായിരുന്നു. അവനെ ഭരമേല്പിച്ചിരുന്ന താലന്തുകൾക്കു അനുസരണമായ ചൂതലഭ അവനു ഉണ്ടായിരുന്നുയെന്നു അറിഞ്ഞിട്ടും അവൻ അതു നിറവേറ്റിയില്ല. ജ്ഞാനത്തിന്റെ കുറവു മൈവം നമ്മോടു ക്ഷമിക്കും. എന്നാൽ അലസത അവൻ ക്ഷമിക്കയില്ല.

ചുവന്ന. (ബു.) മത്താ. ൨൫. ന൫—൪൬. 'എല്ലാം എനിക്കു ചെയ്യു' (൪൦ വാ). മനുഷ്യപുത്രൻ തേജസ്സോടെ വരുമ്പോൾ അവൻ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും. സകല ജാതികളെയും അവന്റെ മുമ്പിൽ കൂട്ടും. വലത്തുഭാഗത്തുള്ളവരോടു എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ വരുവിൻ. ഇടത്തുഭാഗത്തുള്ളവരോടു ശപിക്കപ്പെട്ടവരെ എന്നെ വിട്ടു... പോകുവിൻ (൪൧ വാ). ഈ വിധി പ്രസ്താവിക്കുന്നതു ഏതിനെ അടിസ്ഥാനപ്പെടുത്തിയായിരിക്കും. നിശ്ചയമായും അവർ അവനോടു എങ്ങനെ പെരുമാറിയെന്നുള്ളതിനെ ആശ്രയിച്ചു

ച്ചായിരിക്കട്ടെ. 'ആരെങ്കിലും ഒരു പാനപാത്രം വെള്ളം നിശ്ചൽക്ക കുടിപ്പാൻ തന്നാൽ അവനു പ്രതിഫലം കിട്ടാതെയിരിക്കയില്ല' എന്നു യേശു പറഞ്ഞു. യേശുവിനായി ചെയ്യുന്ന യാതൊന്നിനും പ്രതിഫലം ലഭിക്കാതെയിരിക്കയില്ല. നിന്റെ സഹോദരനു വേണ്ടി ചെയ്യുന്നതെല്ലാം നി യേശുവിനായി ചെയ്യുന്നതാണ്.

൨൨൯. (വ്യാ.) മത്താ. ൨൨൭. ൧—൧൨. "ലോകത്തിലെങ്ങും.....അവൾ ചെയ്തും അവളുടെ ഓർമ്മയ്ക്കായി പ്രസ്താവിക്കും" (൧൪ വാ). കർത്താവിനെ അധികം സന്തോഷിപ്പിച്ച കാര്യം എന്ത്? നിശ്ചയമായും അതു ഒരു വിലയേറിയ ദാനം ആയിരുന്നു. ഇതിനെക്കാൾ ഉത്തമമായി അതു ഉപയോഗിക്കാൻ സാദ്ധ്യമായിരുന്നുവോ? അവൾ ചെയ്തു അവളുടെ ഓർമ്മയ്ക്കായി പ്രസ്താവിക്കും എന്നു യേശു പറഞ്ഞു. അന്നു മുതൽ ഇന്നേയോളം അതെ അങ്ങനെ സംഭവിച്ചുകൊണ്ടിരിക്കുന്നു. എന്താണു അവളുടെ കൃത്യത്തിന്റെ പ്രത്യേകത. നമ്മിൽനിന്നു യേശു ആഗ്രഹിക്കുന്നതു സ്നേഹത്തോടുകൂടിയ സേവനവും ആരാധനയും ആണ്. ഏറ്റവും വലിയ കല്പന നിന്റെ ദൈവമായ കർത്താവിനെ സ്നേഹിക്കയെന്നുള്ളതാണു. നിന്റെ അയല്പക്കാരനെ സ്നേഹിക്കയെന്നുള്ളതു രണ്ടാമത്തേതാണു. ദൈവത്തിനു പ്രഥമസ്ഥാനം കൊടുക്കുന്നവനു മാത്രമേ വേണ്ടവണ്ണം സഹോദരനെ സ്നേഹിക്കാൻ സാധ്യമാകയുള്ളൂ.

൨൨൰. (വെ.) മത്താ. ൨൭. ൫൭—൬൦. ഒടുവിലത്തേതും ഒന്നാമത്തേതും ആയ അത്താഴം. അതിനു ഒരു പ്രത്യേകതയുണ്ടായിരുന്നു. യേശുവിന്റെ മരണത്തിനു മുമ്പെ ശിഷ്യന്മാരോടുകൂടെ യേശു അന്ത്യമായി കഴിച്ച അത്താഴമായിരുന്നു. യേശുവിന്റെ ഓർമ്മയ്ക്കായി ശിഷ്യന്മാർ ഭക്ഷിച്ച ഒന്നാമത്തെ അത്താഴവും അതു തന്നെയായിരുന്നു. ആ "പുതിയ അത്താഴം" ഇന്നു ലോകവ്യാപകമായി തന്നെ സ്നേഹിക്കുന്നവർ 2000 വർഷങ്ങളായി ആചരിച്ചുവരുന്നു. അവന്റെ വരവോളം അവർ അതിനെ ആചരിക്കും (൧കൊരി. ൧൧. ൨൬). ഇതിനെ കർത്താവിന്റെ അത്താഴം എന്നു ഗണിച്ചുവരുന്നു. എന്തുകൊണ്ടെന്നാൽ ക്രിസ്തു ആതിഥേയനും അവന്റെ ജനങ്ങൾ അതിഥികളും ആണ്. ഇതു കേവലം ലഘിതമായ ഒരു ഭക്ഷണം ആണെങ്കിലും അതിന്റെ അർത്ഥം വളരെ ആഴം ആണ്. അപ്പം ക്രിസ്തുവിന്റെ ശരീരത്തേയും വീഞ്ഞു പാപപരിഹാരത്തിനായി ചൊരിയപ്പെട്ട രക്തത്തേയും കുറിക്കുന്നു (൧൦൰ വാ). ഇതു അനുഗ്രഹിക്കപ്പെട്ട വീണ്ടെടുപ്പുകാരനെപ്പറ്റിയുള്ള അനുഗ്രഹമാണ് ഒരു ഓർമയാണ്. ഇതു ആചരിക്കുന്നവരുടെ മദ്ധ്യത്തിൽ യേശുവിന്റെ സാന്നിദ്ധ്യവും ഉണ്ടായിരിക്കട്ടെ.

൨൨൱. (ശ.) മത്താ. ൨൭. ൩൯—൪൬. "പിതാവേ കഴിയുമെങ്കിൽ" (൩൯ വാ). എന്നാൽ അതു അസാദ്ധ്യമായിരുന്നു. സാദ്ധ്യമായ വഴി വേറെയില്ലായിരുന്നു കഷ്ടതയുടെ പാനപാത്രം താൻ തന്നെ കുടിക്കേണ്ടതായിരുന്നു. പാപത്തിനു പ്രായശ്ചിത്തമായിത്തീരുവാൻ ഉത്തമനായ വേറൊരുവൻ ഇല്ലായിരുന്നു. സ്വർഗ്ഗത്തിന്റെ വാതിൽ തുറന്നു നമ്മെ അകത്തേക്കു പ്രവേശിപ്പിക്കുവാൻ താൻ മാത്രം പ്രാപ്തനായിരുന്നു. പത്രൊസിനെയും രണ്ടു സെബെദിപുത്രന്മാരെയും തന്നോടുകൂടി ഗത്ശമനേ തോട്ടത്തിലേക്കു കൊണ്ടുപോയിരുന്നെങ്കിലും എത്ര ഭയങ്കരമായ ഏകാന്തതയാണ് തനിക്കു അനുഭവപ്പെട്ടതു. ഒരു മണിക്കൂർ പോലും ഉണർന്നിരിപ്പാൻ അവർക്കു കഴിഞ്ഞില്ല. ഉണർന്നിരിപ്പാൻ അവർക്കു ലഭിച്ച അവസാന അവസരമായിരുന്നു അതു. വാളും വടികളുമായി വഞ്ചകനായ യൂദാവിന്റെ നേതൃത്വത്തിൽ പടയാളികൾ അവിടെ കടന്നുവന്നു. ശിഷ്യഗണങ്ങൾ തന്നെ കൈവിട്ടെങ്കിലും സ്വർഗ്ഗസ്ഥനായ പിതാവു തന്നോടുകൂടി ഉണ്ടായിരുന്നു (യോഹ. ൧൬. ൩൨). പാനപാത്രം മാറിപ്പോയില്ലെങ്കിലും ഒരു ദൈവദൂതൻ കടന്നുവന്നു തന്നെ ശക്തിപ്പെടുത്തി (ലൂക്കൊ. ൨൨. ൪൩).

൨൨൲. (ഞാ.) മത്താ. ൨൬. ൨൩—൩൨. പന്തിരുവരിൽ ഒരുത്തനായ യൂദയും—വന്നു (൨൩ വാ). "എന്നെ നിന്ദിച്ചതു ഒരു ശത്രു അല്ല"—എന്നോടു സമനായ മനുഷ്യനും എന്റെ സഖിയും എന്റെ പ്രാണസ്നേഹിതനുമായിരുന്നു (സങ്കി. ൫൫. ൧൨—൧൪). ആ വഞ്ചകൻ യേശുവിന്റെ അടുക്കൽ വന്നു "റബ്ബി വന്ദനം എന്നു പറഞ്ഞു അവനെ ചുംബിച്ചു." അപ്പോൾ യേശു അവനോടു "സ്നേഹിതാ നീ വന്ന കാര്യം എന്ത്" (൫൰ വാ). അവന്റെ ചുംബനം പടയാളികളുടെ ആയുധങ്ങളെക്കാൾ ക്രൂരമായിരുന്നു. തന്നെ ദേവാലയത്തിൽ

വച്ചു പകൽ സമയം ബന്ധനസ്ഥനാക്കുവാൻ കഴിയുമായിരുന്നല്ലൊ എന്നു യേശു പറഞ്ഞപ്പോൾ അവൾക്കു പറയിയ അബദ്ധത്തെപ്പറ്റി അവർ ചിന്തിച്ചുകാണും (൫൫ വാ). ഈ സമയം തന്റെ ശിഷ്യന്മാർ തന്നെ വിട്ടിട്ടു ഓടിക്കളഞ്ഞു (൫൬ വാ). പത്രൊസു മാത്രം അകലെ മാറി യേശുവിനെ അനുഗമിച്ചു. അവസാനം കാണേണ്ടതിനു വേലക്കാരുടെയിടയിൽ കഴിഞ്ഞുകൂടി. ഹാ! ആ ശിഷ്യഗണങ്ങൾ എത്ര ഭീരുക്കൾ ആയിരുന്നു. നാം അവരെക്കാൾ മെച്ചമോ?

൨൬൩. (തി.) മത്താ. ൨൬. ൫൯—൭൫. "നീ ദൈവപുത്രനായ ക്രിസ്തു തന്നെയോ (൬൩ വാ). കള്ളസാക്ഷ്യം പറയുന്നതു കേട്ട മഹാപുരോഹിതൻ വിശ്വസ്തനായ സാക്ഷിയോടു ചോദിച്ച ചോദ്യമാണ് (വെളി. ൧. ൫). അവർ അവന്റെ സ്വന്തം സാക്ഷ്യം കേട്ടപ്പോൾ അവനെ മരണത്തിനു വിധിച്ചു. അവന്റെ വാക്കുകൾ അവർ വിശ്വസിച്ചിരുന്നു എങ്കിൽ അവർ അവനെത്തന്നെ കുറ്റം വിധിക്കുമായിരുന്നു. അവൾ ലഭിച്ച അന്ത്യസൌകര്യമായിരുന്നു അതു്. നമുക്കായും അങ്ങനെയുള്ള ഒരു സൌകര്യം ഇതാ ശേഷിച്ചിരിക്കുന്നു. മൂന്നാമതൊരു വഴിയില്ല. നീ ദൈവപുത്രനിൽ വിശ്വസിക്കുന്നുവോ? പത്രൊസു അവനെ അറിയുകയില്ലയെന്നു ആണയിട്ടു പറഞ്ഞു. അപ്പോൾ കോഴി കൂകി അവൻ പുറത്തു പോയി കൈപ്പോട്ട കരഞ്ഞു (൭൫ വാ). അവനു യൂദായുടെ സ്വഭാവം ഉണ്ടായിരുന്നുയെങ്കിൽ അവൻ തൂങ്ങിമരിക്കുമായിരുന്നു. ദൈവികദുഃഖവും ലൌകികദുഃഖവും തമ്മിലുള്ള വ്യത്യാസം ഇതാണ്. ദൈവികദുഃഖം രക്ഷയിൽ പര്യവസാനിക്കുന്നു. ലൌകികദുഃഖം നിരാശയിലും മരണത്തിലും അവസാനിക്കുന്നു.

൨൭൪. (ചൊ.) മത്താ. ൨൭. ൧—൫. ഞാൻ കുറ്റമില്ലാത്ത രക്തത്തെ കാണിച്ചു കൊടുത്തതിനാൽ പാപം ചെയ്തു (൪ വാ). എത്ര ഭയാനകമായ ഒരു കണ്ടുപിടിത്തമാണ്. യേശുവിനെ ഒറ്റിക്കൊടുക്കുവാൻ യൂദെക്കു ഇടയായതു എന്തുകൊണ്ടു ആയിരിക്കാം. അതു തമാസ്സം മൂന്നു വർഷക്കാലത്തെ പരിചയം ലഭിച്ചതിനുശേഷം യേശു എത്ര വിശുദ്ധനായിരുന്നുയെന്നു അവൻ അറിഞ്ഞിരിക്കണം. 30 വെള്ളിക്കാശിന്റെ വില എത്രമാത്രം? ഇപ്പോൾ അവൻ ആ വെള്ളിക്കാശിനെ എത്ര അധികം പകെക്കുന്നു. എന്നാൽ അതിന്റെ അവസരം കഴിഞ്ഞുപോയി. ചെയ്തുപോയ കാര്യം ക്രമപ്പെടുത്താൻ കഴിയാത്ത നിലയിലായി. സാത്താൻ അവനിലേക്കു പ്രവേശിക്കുകയും അവൻ തന്നെ സാത്താനായിത്തീരുകയും ചെയ്തു. യൂദയെ തോല്പിച്ച ശത്രുവിനെ നശിപ്പിക്കുവാൻ അവതാരം ചെയ്ത യേശുവിനെ അവൻ ഒറ്റിക്കൊടുത്തു (൧ൟാ. ൩. ൮).

൨൭൯. (ബു.) മത്താ. ൨൭. ൨൨—൨൬. "ബർബ്ബാസിനെയോ ക്രിസ്തുയെന്നു പറയുന്ന യേശുവിനെയോ (൨൨ വാ) ഒരു കൊലപാതകനെയോ ഒരു രക്ഷകനെയോ? ലോകത്തിന്റെ ഏറ്റവും ശ്രേഷ്ഠവും സ്വർഗ്ഗത്തിന്റെ ഏറ്റവും മെച്ചവും? അവർ ബർബ്ബാസിനെ തിരഞ്ഞെടുത്തു. യേശുവിനെ അവർ നിഷേധിച്ചു. അവർ ബർബ്ബാസിനെ ഒരു സ്നേഹിതനാക്കുവാൻ ആഗ്രഹിച്ചില്ല. എന്നാൽ യേശുവിന്റെ സഖിത്വം അവർ ഒട്ടും കാംക്ഷിച്ചില്ല. ബർബ്ബാസു അവരുടെ മദ്ധ്യത്തിൽ ജീവിക്കുന്നതു അവൾക്കു ഭാരമായിരുന്നില്ല. എന്നാൽ പാപത്തെ തൂണ്ടിപ്പുറയുന്നവനായ ക്രിസ്തുവിന്റെ സാന്നിദ്ധ്യം അവൾക്കു ഉസ്സഹമായിരുന്നു. യേശുവിന്റെ സാന്നിദ്ധ്യത്തിൽ ഒരു ദുഷ്ടനു സമാധാനമില്ലായിരുന്നു. അവരുടെ പാപജീവിതം തുടരുന്നതിനു യേശുവിന്റെ സാന്നിദ്ധ്യം വിഘാതമായിരുന്നു. അതിനാലത്രെ അവനെ ക്രൂശിക്കുയെന്നു മുറവിളി കൂട്ടിയതു്. ഇന്നത്തെയും എന്നത്തെയും അവസ്ഥ ഇതുതന്നെ. പാപത്തെയും യേശുവിനേയും ഒരുമിച്ചു കൈക്കൊളുവാൻ സാദ്ധ്യമല്ല.

൨൮൯. (ര്യാ.) മത്താ. ൨൭. ൨൭—൩൭. യഹൂദന്മാരുടെ രാജാവായ യേശു (൩൭ വാ). "അവൻ യിസ്രായേലിന്റെ രാജാവു ആകുന്നുയെങ്കിൽ ഇപ്പോൾ ക്രൂശിൽ നിന്നു ഇറങ്ങിവരട്ടെ" എന്നു അവർ പറഞ്ഞു (൪൨ വാ). അവൻ അവരുടെ യഥാർത്ഥ രാജാവായിരിക്കണമെങ്കിൽ തന്നെത്തന്നെ രക്ഷിക്കുകയെന്നതു സാദ്ധ്യമല്ലായിരുന്നു. അവൻ മറ്റുള്ളവരെ രക്ഷിച്ചു. തന്നെത്തന്നെ രക്ഷിപ്പാൻ കഴിവില്ലയെന്നുള്ള അവരുടെ പരിഹാസ വചനങ്ങൾ തികച്ചും ശരിതന്നെയായിരുന്നു. അവൾക്കുവേണ്ടി മരിക്കുന്നതിനാൽ മാത്രമെ അവരുടെ

കത്താവും അവരുടെ രക്ഷിതാവുമായി ഇരിപ്പാൻ തനിക്കു കഴിയുമായിരുന്നുള്ളൂ. സ്വർഗ്ഗസിംഹാസനത്തിൽ രാജാവായി ഇരിക്കേണ്ടതിനു യോഹന്നാൻ തന്നെ ദർശനത്തിൽ കണ്ടതുപോലെ ഒരു കുഞ്ഞാടായി സിംഹാസനത്തിൽ കാണപ്പെടേണ്ടതായിരുന്നു. ഇതാ പാപത്തിന്റെ ഭാരം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് എന്നു യോഹന്നാൻ ബപ്തിസ് പറഞ്ഞതുപോലെ (യോഹ. ക. ൨൯) ഇതാ നിങ്ങളുടെ രാജാവെന്നു യഥാർത്ഥമായി പീലാത്തോസു പറയേണ്ടതായിരുന്നു.

൩൰. (വെ.) മത്താ. ൨൭. ൫൭—൬൰. വലിയ വെള്ളിയാഴ്ച്ച. കാൽവറിയിലെ മൂന്നു അത്ഭുതങ്ങൾ. ദൈവപുത്രനെ ക്രൂശിച്ചപ്പോൾ അങ്ങനെയുള്ള അത്ഭുതങ്ങൾ സംഭവിച്ചതിൽ അതിശയിപ്പാനില്ല. ക്രൂശികരണം തന്നെ അത്ഭുതങ്ങളിൽ മഹാത്ഭുതമാണ്. എന്നാൽ അന്നു സംഭവിച്ച അത്ഭുതങ്ങൾ പ്രാധാന്യമുള്ളതായിരുന്നു. കാരണം അവ അടയാളങ്ങൾ ആയിരുന്നു. ഒന്നാമത്തെ അത്ഭുതം സൂര്യൻ ഇരുണ്ടു (൪൫ വാ). ലോകവ്യാപകമായ പാപത്തിന്റെയും പ്രത്യേകിച്ചു ക്രൂശികരണമാകുന്ന മഹാപാപത്തിന്റെയും അനന്തരഫലത്തെ വെളിപ്പെടുത്തുന്ന അടയാളമായിരുന്നു അത്. അതു പ്രകാശത്തെ മൂടി, അവർ വെളിച്ചത്തെക്കാൾ ഇരുളിനെ സ്നേഹിച്ചു (യോഹ. ൩. ൧൯). രണ്ടാമത്തെ അടയാളം മന്ദിരത്തിന്റെ തിരശ്ശീല മേൽതൊട്ടു അടിയോളം രണ്ടായി ചിന്തിപ്പോയതുതന്നെ (൫൧ വാ). ദൈവത്തിന്റെ വിശുദ്ധ സന്നിധിയിലേക്കു പാപികൾക്കായി യേശു ഒരു വഴി തുറന്നുയെന്ന സത്യമാണ്. ഈ സംഭവം വെളിപ്പെടുത്തിയതു എബ്രാ. ക൦. ൧൯—൨൦. മൂന്നാമത്തെ അടയാളം തുറക്കപ്പെട്ട കല്ലറകളാണ് (൫൨ വാ). ഇതു മരണത്തിന്മേലുള്ള തന്റെ ജയം മാത്രമല്ല തന്നിൽ വിശ്വസിക്കുന്ന ഏവർക്കും ലഭിക്കുന്ന ജയത്തെ അതു കുറിക്കുന്നു.

൪൰. (ശ.) മത്താ. ൨൭. ൬൧—൬൬. "പോയി നിങ്ങളാൽ ആകുന്നടത്തോളം ഉറപ്പു വരുത്തുവിൻ" (൬൬ വാ). അവർക്കു ഉറപ്പു വരുത്തുവാൻ കഴിയുമെന്നു പീലാത്തോസും മഹാപുരോഹിതന്മാരും യഥാർത്ഥമായി ചിന്തിച്ചോ? മൂന്നാം ദിവസം ഉയിർത്തെഴുന്നേല്ക്കുമെന്നു യേശു മുൻകൂട്ടി പറഞ്ഞിട്ടുണ്ടായിരുന്നു. തന്റെ ഉയിർപ്പിനെ തടയുവാൻ ഏതാനും പടയാളികൾ ശക്തരാകുമോ? കല്ലറയ്ക്കു അവർ മുദ്രവെക്കുകയും കാവൽ ഭടന്മാരെ നിയോഗിക്കുകയും ചെയ്തു. ഏതായാലും അവരുടെ ശിഷ്യന്മാർക്കു യേശുവിന്റെ മൃതശരീരം തട്ടിക്കൊണ്ടുപോകുവാൻ കഴിയുമായിരുന്നില്ല. അങ്ങനെ യേശുവിന്റെ ഉയിർത്തെഴുന്നേല്പിനു അവർ തന്നെ കൂടുതൽ സാക്ഷ്യം ഉണ്ടാക്കി. അതിനു ശേഷം ശവക്കല്ലറ ശൂന്യമായി കാണപ്പെട്ടെങ്കിൽ അതിനു ഒരു വിശദീകരണം മാത്രമെ ശേഷിച്ചിരുന്നുള്ളൂ. അവിശ്വാസത്തിന്റെ ശക്തി എത്രകണ്ടു ഉണ്ടെന്നും അതിന്റെ അന്ധത്വമില്ലായ്മയും നാം ഈ സംഭവത്തിൽ നിന്നും മനസ്സിലാക്കുന്നു. അരിമത്യക്കാരനായ യോസേഫിനു കൂടുതൽ വിശ്വാസമുണ്ടായിരുന്നു. ആ അന്ധകാരം നിറഞ്ഞ മണിക്കൂറുകളിലും അവനു ലവലേശം ഭയമില്ലായിരുന്നു. ഒഷ്ണക്കാരുടെ ശവക്കല്ലറ യേശുവിനായി തയ്യാറാക്കിയിരുന്നെങ്കിലും യേശുവിന്റെ മൃതശരീരം യോസേഫ് തന്റെ സ്വന്ത പുതിയ കല്ലറയിൽ അടക്കം ചെയ്തു.

എപ്രിൽ. ൨൰. (ഉയിർപ്പുഞായർ) മത്താ. ൨൮. ൧—൭൰. ഇതൊരു മനോഹര അല്ലായ്മാണ്. പ്രതിപാദ്യവിഷയം ശവക്കുഴിയിൽ കൂടെയുള്ള ക്രിസ്തുവിന്റെ വിജയമാണ്. മനുഷ്യമാണ് നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നതു. പുനരുത്ഥാനം (൧—൭ വാ), പ്രത്യക്ഷത (൮—൧൫ വാ), നിയോഗം (൧൬—൨൰ വാ). ഉയിർപ്പുപുലർച്ചയായിരുന്ന ഒരു പുതിയ ദിനത്തിന്റെ ആരംഭം. ലോക ചരിത്രത്തിൽ ക്രിസ്തുവിന്റെ പുനരുത്ഥാനം ഒരു പുതിയാരംഭമായിരുന്നു. മനുഷ്യചരിത്രത്തിന്റെ കുന്നുകളിലും താഴ്വരകളിലും പുതിയൊരു പ്രകാശമുണ്ടായി. മഹ്യാഹ്നം വരുന്നതേയുള്ളൂ (൧കൊറി. ൧൫. ൨൰—൨൬). ചില പരമ്പരകൾ ശ്രദ്ധേയമാണ്. വന്നു കാണുക; പോയി പറക, വരാതെ പോകുന്നതൊ കാണാതെ പറയുന്നതൊ ശരിയാകയില്ല. നിന്റെ നില എങ്ങനെയിരിക്കുന്നു.

൩൰. (തി.) മത്താ. ൨൮. ൧൫—൨൰. ഉയിർത്ത കർത്താവിന്റെ പ്രത്യക്ഷതകൾ പത്തായിരുന്നു. ഉയിർപ്പിൻ ദിനത്തിൽ അഞ്ചും പിന്നെ പലയവസരങ്ങളിലായി അഞ്ചും ഇവിടെയുള്ളതു രണ്ടാമത്തേതാണ്. ആ സ്ത്രീകൾ കേട്ടതറിയിക്കാൻ പോകയായിരുന്നു. അപ്പോൾ

യേശുവിനെ കണ്ടു. അനുസരണത്തിന്റെ പാതയിലാണ് മർശനമുണ്ടാകുന്നതു. നിനക്കു ലഭിച്ചതു മറ്റുള്ളവരുമായി പങ്കിടുക, അപ്പോൾ കൂടുതൽ ലഭിക്കും ക്രിസ്തു തന്റെ ശിഷ്യന്മാരെ നിയോഗിക്കുന്നു (മത്താ—൨൮ വാ). തന്റെ സമ്പാദിക്കാരം സൂക്ഷിക്കുക, സകല ജാതികളേയും ശിഷ്യരാക്കുക—എല്ലാനാളുകളുടെയുണ്ടു.

൩൰. (ചൊ.) ലേവ്യ. ൧. ൧—൧൭. ഈ പഴയ നിയമ ഗ്രന്ഥം രണ്ടായി വിഭജിക്കാം. ൧—൭ അദ്ധ്യായങ്ങൾ ദൈവത്തിങ്കലേക്കു യാഗത്തിലൂള്ള വഴി. ൮൰—൨൭ അദ്ധ്യായങ്ങൾ ശുദ്ധീകരണത്താൽ ദൈവത്തോടുകൂടിയുള്ള നടപ്പു. ആദ്യത്തേതു പുരുഷന്റേതും പിന്നത്തേതു സ്ത്രീയുടെയുമായിട്ടു നമുക്കു മനസ്സിലാക്കാം, നിയമിക്കപ്പെട്ട അഞ്ചു വഴിപാടുകളിൽ ആദ്യത്തതാണ് ഇന്നത്തെ ഭോഗത്തുള്ളതു. പരിപൂർണ്ണപ്രതിഷ്ഠയാണ് അതുന്നയിക്കുന്നതു. ക്രിസ്തുവിന്റെ കാൽവറിയാഗത്തിൽ അഞ്ചും അടങ്ങീട്ടുണ്ടു. വിടുവിക്കപ്പെടാത്ത ജനത്തിനാണ് പെസഹായുടെ ഫലം. വഴിപാടുകളുടെ ഫലം വിടുവിക്കപ്പെട്ട ജനത്തിനാണ് ഹോമയാഗം പരിപൂർണ്ണപ്രതിഷ്ഠയാണ് കാണിക്കുന്നതു. നീ പൂർണ്ണമായി ഏല്പിച്ചു കൊടുത്തവനോ?

൪൰. (ബു.) ലേവ്യ. ൨. ൧—൧൬. ഇവിടെ ഭോജനയാഗമാണു. ഹോമയാഗം ദൈവത്തിങ്കലേക്കും ഭോജനയാഗം മനുഷ്യങ്കലേക്കുമുള്ള മർശനത്തിൽ പൂർണ്ണപ്രതിഷ്ഠയുടെ അനുഭവമാണ് കാണിക്കുന്നതു. ജീവനു മുമ്പെ മരണമാണെന്നു ധരിക്കണം. ഭോജനയാഗത്തിന്റെ അടിസ്ഥാനതത്വമാണ് ൧ തിമ. ൬൰. ൧൭, ൧൮-ൽ വെളിപ്പെടുത്തിയിരിക്കുന്നതു നമുക്കുള്ളതെല്ലാം മാത്രമല്ല നാം തന്നെയും ദൈവത്തിന്റെ വകയാണ് അനുവദിക്കപ്പെട്ടതും അനുവദിക്കപ്പെടാത്തതുമായ സാധനങ്ങൾ സൂക്ഷിക്കുക. എണ്ണ പ്രതിഷ്ഠയെയും കുന്തുരുക്കം സൌരഭ്യത്തെയും ഉപ്പു വിശുദ്ധിയേയും സൂചിപ്പിക്കുന്നു. വിലക്കപ്പെട്ട പുളിപ്പു ഉൾപ്പിപ്പിനെയും തേൻ ജഡികോല്ലാസത്തെയും കുറിക്കുന്നു.

൫൰. (വ്യാ.) ലേവ്യ. ൩. ൧—൧൬. സമാധാനയാഗം ഒരു നന്ദി പ്രകാശനത്തേക്കാൾ കൂടുതലാണു. വഴിപാടു മൃഗത്തിന്റെ തലയിൽ കൈവെക്കുന്നതിനാൽ അതുറപ്പാക്കുകയാണു ചെയ്യുന്നതു. തന്നെത്തന്നെ പൂർണ്ണമായി സമർപ്പിക്കുന്നവൻ ദൈവഹിതം സ്വീകായ്യവും പൂർണ്ണവുമെന്നു സാക്ഷിക്കുയാണു. ദൈവത്തിന്റെ ദാനങ്ങളെല്ലാം ക്രിസ്തുവിൽക്കൂടെയാണു. നാം ക്രിസ്തുവിൽ കൂടെയാണ് പൂർണ്ണമാക്കപ്പെടുന്നതു. അതുകൊണ്ടു ഈ യാഗം തന്നെ അയച്ചവന്റെ ഇഷ്ടം ചെയ്യുന്നതു ഭക്ഷണമായിരുന്നവനെയാകുന്നു ചൂണ്ടിക്കാണിക്കുന്നതു. അവങ്കലേക്കു നോക്കുക.

൬൰. (വെ.) ലേവ്യ. ൪. ൧൩—൨൬. ഈ അദ്ധ്യായത്തിന്റെ വിഷയം പാപയാഗമാണു. അതു പല അഗാധസത്യങ്ങളും പഠിപ്പിക്കുന്നു. പാപം അറിയാതെ ചെയ്യുന്നതു നിസ്സാരകാര്യമല്ല. അറിഞ്ഞാലും അറിഞ്ഞില്ലെങ്കിലും പാപം പാപം തന്നെ. അറിയണമെന്നുള്ള ഉദ്ദേശമുണ്ടെങ്കിൽ അധികമറിയുന്നതിനു സാധിക്കയും ചെയ്യും. ഉത്തരവാദിത്വത്തിന്റെ താരതമ്യവും നാം ഇവിടെ കാണുന്നു. നാലു തരക്കാരെ പ്രത്യേകം എടുത്തു കാണിക്കുന്നു, 1. പുരോഹിതൻ (൩—൧൨). 2. സഭായോഗം (൧൩—൨൧). 3. പ്രമാണി (൨൨—൨൬). 4. ജനത്തിലൊരുവൻ (൨൭—൩൫). പാപത്തിന്റെ കാഠിന്യം ഓരോരുത്തരുടെ നിലയെ ആശ്രയിച്ചിരിക്കും. സ്ഥാനംകൂടുംതോറും ഉത്തരവാദിത്വവും വർദ്ധിക്കും

൭൰. (ശ.) ലേവ്യ. ൫. ൧൭—൬൱. പാപയാഗത്തിന്റെയും അകൃത്യയാഗത്തിന്റെയും ശരിയായ വ്യത്യാസം അതു തെളിവില്ല. പാപം ദൈവവുമായിട്ടുള്ള കൂട്ടായ്മയ്ക്കു ഭംഗം വരുത്തുന്നതാണ്. അകൃത്യം പാപത്തിലുമുള്ള കെടുമതിയാണു. ഇവിടെ ആവശ്യപ്പെട്ടിട്ടുള്ള പരിഹാരങ്ങൾ നോക്കുക (൧൭—൧൯). അബദ്ധവശാൽ അറിയാതെ ചെയ്തുപോയ പാപത്തിനും പരിഹാരം ചെയ്യണം. എന്നാൽ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ നിന്നൊഴുകിയ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. ക്രൂശിന്റെ അതിരറ്റ സാധ്യതയ്ക്കായി എത്രമാത്രം സ്തോത്രം ചെയ്യണം.

൮൰. (ഞാ.) ലേവ്യ. ൬. ൧൪—൨൩. ഏതു വിശിഷ്ടമായൊരു സംവിധാനമാകുന്നു

പാപക്ഷമയ്ക്കും ശുദ്ധികരണത്തിനുമായി ക്രമപ്പെടുത്തിയിരിക്കുന്നതു. അതെല്ലാം അർത്ഥവത്താണു (ക്രം—ക്വ). ഇനിയും ഒന്നു, ഒരു വാക്യങ്ങൾ സൂക്ഷിക്കു. ഇവിടെ കാതു എന്തിനെ സൂചിപ്പിക്കുന്നു. കേൾവിയും അനുസരണവും. വലത്തു കൈയുടെ പെരുവിരൽ—നടപടിയും പ്രവർത്തനവും. വലത്തുകാലിന്റെ പെരുവിരൽ നടപ്പും പെരുമാറ്റവും വെളിവാക്കുന്നു. നമ്മുടെ ചിന്തയും ചെയ്തികളും ചായ്വുകളും നമ്മുടെ ഉടയവന്റെ ഹിതാനുസരണമല്ലെ ആയിരിക്കേണ്ടതു—നിന്റേതപ്രകാരമോ?

ൻനു-. (തി). ലേവ്യ. ൻ. ഫ—ഒരു; ക്രം. ക്ര—ക്ര. അനുഗ്രഹത്തിനു പുറകിലിതാ നിഗ്രഹവും ആപത്തും. അഹരോന്റെ പുത്രന്മാർക്ക് മരണം സംഭവിക്കുന്നു. എന്തായിരിക്കാം കാരണമെന്നു വ—ക്ര വാക്യങ്ങളിൽ നിന്നു ഗ്രഹിക്കാം. അതിനെ കർശനമായി വിലക്കുന്നു. ദൈവത്തെ ആരാധിക്കേണ്ടതു തന്റെ ആഇഷ്ടവും ഹിതവുമനുസരിച്ചായിരിക്കണം. ഇന്നത്തെ ആത്മീയാത്മിക സംരംഭങ്ങളിൽ ജഡാഭിലാഷങ്ങളും ബാഹ്യമോടിയും കടന്നിട്ടുണ്ടോ എന്നു സൂക്ഷ്മമായി പരിശോധിക്കു. ആത്മികതയുടെ സ്ഥാനം മറവുവസ്തുതിനും കൊട്ടുകുന്നതിന്റെ അപകടം സൂക്ഷിക്കു. ഉദ്ദേശം മാത്രം നന്നായിരുന്നാൽ പോരാ, നടപടിയും നിർമ്മലമായിരിക്കണം.

ക്രനു-. (ചൊ.) ലേവ്യ. ക്ര. ക്ര—ൻ. പുസ്തകത്തിന്റെ രണ്ടാംഭാഗം ക്ര—ഫ അദ്ധ്യായങ്ങളാണല്ലൊ. മൈവഴി എന്താണെന്നു ഗ്രഹിച്ചതിന്റെശേഷം മൈവത്തോടുകൂടെയുള്ള നടപ്പിനെപ്പറ്റി പ്രതിപാദിക്കുന്നു. കുഷ്ഠരോഗിയുടെ ശുദ്ധികരണമാണു ഇവിടെ കാണുന്നതു. കുരുതലും കുഴകലും എന്നീ രണ്ടു ഭാഗങ്ങളുണ്ടു. കുഷ്ഠരോഗം നിങ്ങിയാലെ പുരോഹിതനു പ്രവർത്തിപ്പാൻ സാധിക്കയുള്ളൂ (ന വാ). രണ്ടു കർമ്മമാണിവിടെ അനുഷ്ഠിക്കാനുള്ളതു. പാളയത്തിനു പുറത്തും (ന—ൻ) അകത്തും (ക്രം—നഫ) വെടിപ്പുള്ള രണ്ടു പക്ഷികളിൽ ഒന്നിനെ കൊന്നു അതിന്റെ രക്തത്തിൽ മറേറതിനെ മുക്കി സ്വാതന്ത്ര്യമായി വിടുന്നതു ശ്രേയസ്സും അർത്ഥവത്തുമാണു. അതു രണ്ടും ക്രിസ്തുവിന്റെ മരണത്തേയും പുനരുത്ഥാനത്തേയുമാണു സൂചിപ്പിക്കുന്നതു. ഇവ രണ്ടിനാലുമുള്ള ശുദ്ധികരണം പ്രാപിച്ചിരിക്കുന്നുവോ ?

ഇവാഞ്ചലൈൻ ബൂത്ത് കുഷ്ഠരോഗാസ്പത്രി

രക്ഷാസൈന്യം വക പുത്തൻകുരിശു ആസ്പത്രിയുടെ 1955-ലെ റിപ്പോർട്ടിന്റെ ഒരു പ്രതി സമയം അയച്ചുതന്നതു നന്ദിപൂർവ്വം കൈപ്പറ്റി വായിച്ചുനോക്കി വിവരങ്ങളറിഞ്ഞതിൽ സന്തോഷിക്കയും കരുണാനിധിയായ ദൈവത്തിനു സ്തോത്രം ചെയ്കയും ചെയ്യുന്നു. മൂവാറ്റുപുഴയ്ക്കും എറണാകുളത്തിനും മദ്ധ്യമെയിൻറോട്ടിനു സമീപത്തായി വരിക്കോലമലയെന്ന സ്ഥലത്തു 100 ഏക്കർ വിസ്തീർണ്ണമുള്ള ഭൂമിയിലാണു പ്രസ്തുത ആസ്പത്രി സ്ഥിതി ചെയ്യുന്നതു്. ചികിത്സയ്ക്കും താമസത്തിനും ഉപയുക്തമായ കെട്ടിടങ്ങളും നഴ്സിംഗ്സ്കൂളിയുള്ള ചികിത്സാ സമ്പ്രദായത്തിനു വേണ്ടിയ സജ്ജീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടു്. അവിടത്തെ ചികിത്സയിലിരിക്കുന്ന ആളുകളിൽ 87 ഹിന്ദുക്കളും 18 മഹമ്മദീയരും 32 റോമാക്കാരും 33 യാക്കോബായക്കാരും 19 രക്ഷാസൈന്യക്കാരും 3 സി. എസ്സ്. ഐ. കാരും 6 ഇതര ക്രിസ്ത്യാനികളും ഇങ്ങനെ ആകെ 198 പേരുണ്ടു്. ആരോഗ്യമുള്ളവരെക്കൊണ്ടു കൃഷിപ്പണി ചെയ്യിക്കയും അതിനുള്ള കൂലി അവർക്കു കൊടുക്കയും ചെയ്യുന്നു. കുട്ടികൾക്കായി ഒരു പ്രൈമറിസ്കൂളും നടത്തുന്നുണ്ടു്. സാംസ്കാരികമായും ആദ്ധ്യാത്മികമായുമുള്ള അഭിവൃദ്ധിക്കുവേണ്ടി 1000 ഗ്രന്ഥങ്ങളുള്ള ഒരു ലൈബ്രറിയും ദിനപ്പത്രങ്ങളും വാരികകളും മാസികകളുമായി സൌജന്യമായി ലഭിക്കുന്ന 24 പത്രങ്ങളുള്ള ഒരു വായനശാലയുമുണ്ടു്. മതസ്വാതന്ത്ര്യം എല്ലാവർക്കും ഉണ്ടെങ്കിലും ക്രിസ്തുമതവിശ്വാസികൾക്കും സംബന്ധിക്കുന്നതിനു ദൈവാരാധനയും വേദോപദേശവും ഞായറാഴ്ചതോറും നടത്തുകയും ചെയ്യുന്നു. പൊതുജനങ്ങളിൽനിന്നും സംഘടനകൾ സകേൽ സ്ഥാപനകൾ മുതലായവയിൽനിന്നുമുള്ള സംഭാവനകൾ ലഭിക്കുന്നുണ്ടു്. വിശിഷ്യാ കനഡായിൽനിന്നുള്ള സഹായവുമുള്ളതായി കാണുന്നു. അനുഭവപൂർവ്വമായ നിരന്തര സഹായം അഭിക്കുന്ന ഒരു ജീവകാരുണ്യ പ്രവർത്തനമെന്നല്ലാവരും സമ്മതിക്കേണ്ടതാണു്. മേജർ ഡോ. കെ. സി. ജോസഫാണു ഇപ്പോൾ ഇതിന്റെ മുമതല വഹിക്കുന്ന മെഡിക്കൽസൂപ്രണ്ടു്.

THE FAMILY FRIEND

കുടുംബപ്രിയവാദിനി

പുസ്തകം 48. ലക്കം 3 മാർച്ച് 1956

സ്ത്രീജനസഖ്യത്തിന്റെ പ്രാർത്ഥനാദിനം

വിശുദ്ധ കന്യകമറിയാമ്മിനോടുള്ള അനുരാഗപ്രകടനത്തിനും ഇയ്യിടെ ഏപ്രിൽ 10-നു ചൊവ്വാഴ്ച യാണ്. അതു മാതൃസംഘത്തിന്റെ ഒരു പ്രധാനദിനമായി ആചരിക്കുന്ന പതിവു ലോകമെങ്ങുമുള്ള മാതൃസംഘങ്ങളുടെ ഒരു കടമയായും തീർന്നിരിക്കുന്നല്ലോ. നമ്മുടെ മാതൃസംഘാംഗങ്ങളിൽ ചിലർ കൊയ്ത്തുസ്ഥലത്തേക്കു താമസം മാറിയിരിക്കുന്ന അവസരമാണെങ്കിലും അങ്ങനെയല്ലാത്തെയുള്ള ഭരിപക്ഷംപേരും ഈ ദിനം ആചരിക്കുന്നതിനു മുൻകൂട്ടന്നെ ആശിക്കുന്നു. ഓരോ സ്ഥലത്തെയും സാഹചര്യാനുസരണം അന്നത്തെ ദിവസം ഒരു ക്ഷുദ്രാഘോഷമായും ആത്മീയാനുഗ്രഹങ്ങൾക്കും ഇടയാകത്തക്കവണ്ണം ക്രമീകരണം ചെയ്യാൻ കൊള്ളാം.

"ഇതാ ഞാൻ കർത്താവിന്റെ ദാസി അവിടുത്തെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ" എന്നു പറഞ്ഞു തന്നത്താൻ പ്രതിഷ്ഠിച്ച കന്യകമറിയാമ്മിന്റെ ജീവിതാന്ത്യംവരെയും കണ്ട സൗമ്യത, ശാന്തത, തൃപ്തി, വിശ്വാസം മുതലായ ഗുണങ്ങൾ നമ്മുടെ ജീവിതത്തിലും പ്രായോഗികമാക്കുവാനുള്ള കൃപയ്ക്കായി ഈ നോമ്പുസമയം കൂടുതൽ പ്രാർത്ഥികാം.

നിന്റെ പ്രാണനിൽക്കൂടി ഒരു വാൾ കടക്കും എന്നു ശിമയോൻ പറഞ്ഞപ്പോഴും, ഹെരോദാവിനെ ഭയന്നു എവിടെ എങ്ങനെ എന്നു ഒന്നും അറിയാതെ മിസ്രയിമിലേക്കുള്ള ഓടിപ്പോകിലും, യെരുശലേമിൽനിന്നുള്ള മടക്കയാത്രയിൽ ബാലനായ മകനെ കാണാഞ്ഞിട്ടെന്നു അറിഞ്ഞപ്പോഴും, യൌവ്വനപ്രായമായ മകൻ അലച്ചിലും അപവാദവും എല്ലാം സഹിച്ചു വീടുവിട്ടു ചുറ്റി സഞ്ചരിച്ചപ്പോഴും, ക്രൂശിൽ കിടന്നു തന്റെ മകൻ അനുഭവിക്കുന്ന അതിവേദന കണ്ട സമയത്തും, മരണത്തിൽനിന്നു ഉയർത്തെഴുന്നേറ്റു എങ്കിലും അല്പദിവസം കഴിഞ്ഞു മകൻ സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ തനിക്കുണ്ടായ ഏകാന്തതയിലും, എന്നു വേണ്ട എല്ലാ സമയത്തും ഇതാ ഞാൻ കർത്താവിന്റെ ദാസി, എന്ന പ്രതിജ്ഞ അവൾക്കു യഥാർത്ഥംതന്നെ ആയിരുന്നു.

സമാധാനഭരിതരായി നാം നിൽക്കുന്നെങ്കിലും യേട്ടന്റെ വൻകാട്ടിൽക്കൂടെ കടന്നുപോകുന്ന അവസരം നമ്മെ ഏതിരിട്ടുമ്പോൾ മറിയയെപ്പോലെ ഉറച്ച ധൈര്യവും ശാന്തതയും കാണിക്കുവാൻ തക്കവണ്ണം നമ്മെ ഒന്നുകൂടി പ്രതിഷ്ഠിക്കുന്നതിനു ഈ നോമ്പുകാലം സഹായകമാകട്ടെ.

S. T.

കൊയ്ത്തുകാലവും സുവിശേഷവേലയും

നമ്മുടെ മുമ്പിൽ സമാഗതമായിരിക്കുന്ന ഈ കൊയ്ത്തുകാലം സുവിശേഷവേല ചെയ്യിട്ടുള്ള ഒരു തുറന്ന വാതിൽകൂടെ ചൂണ്ടിക്കാണിക്കുന്നു. ആരെങ്കിലും അമ്മമാർ അതിനായി ആഗ്രഹിക്കുന്നുവെങ്കിൽ എത്രയുംവേഗം അറിയിച്ചാൽ അതിനുള്ള ക്രമീകരണങ്ങൾ ഉണ്ടാക്കി അവസരം തക്കത്തിൽ ഉപയോഗിക്കാം. അഥവാ വേലയ്ക്കു പറ്റിയ സ്ഥലങ്ങൾ കണ്ടുപിടിച്ചു ക്രമീകരണങ്ങൾ ചെയ്യേവേലയ്ക്കായി ആളുകളെ ആവശ്യപ്പെട്ടാലും മതിയാകും.

അവസരങ്ങൾ നമുക്കായി കാത്തുനില്ക്കുന്നതിനു പകരം കടന്നുപോകയാണെപ്പോഴും ചെയ്യുന്നത്.

S. T.

മലയിടവകകളിലെ സ്ത്രീജനസഖ്യസമ്മേളനം മേലുകാവിൽ

മാതൃസംഘസമ്മേളനം, വാഷികം, ധ്യാനയോഗങ്ങൾ എന്നിവയെല്ലാം മലയിടവകകൾക്കുള്ള താല്പര്യം ഒന്നു വേറെതന്നെയാണ്. മങ്കൊമ്പ്, മേലുകാവു, എരുമപ്ര, ക്രവപ്പള്ളി, കണ്ണികൽ, ഒന്നാരമല എന്നീ ഇടവകകളിലെ അമ്മമാരെ ഉദ്ദേശിച്ചുണ്ടാക്കിയ ഫെബ്രുവരി 10, 11, 12, 13 തീയതികളിൽ മേലുകാവിൽവെച്ചുള്ള പ്രത്യേക യോഗങ്ങൾ ക്രമീകരിച്ചതു്.

തിരുനൽവേലിയിൽ വിഡുവേലി ആശ്രമത്തിലെ നായിക മിസ്സ് ഫ്രോസ്റ്റ്, ഇടവകപ്പട്ടക്കാരൻ ബഹുമാനപ്പെട്ട ജോൺകബു വഗീസച്ചൻ അവർകൾ, ബഹുമാനപ്പെട്ട വി. ഇ. മത്തായി അച്ചൻ അവർകൾ എന്നിങ്ങനെ ചേച്ചയായെ നടത്തിപ്പുകാരെയും യോഗത്തിലേക്കു ലഭിച്ചിരുന്നു. സ്ത്രീജനസമ്പ്രം, യുവതീസമാജം എന്നിവയുടെ പ്രതിഷ്ഠാശുശ്രൂഷ, വിശുദ്ധസംസർഗ്ഗശുശ്രൂഷ, ഇവയെല്ലാം രണ്ടു അച്ചന്മാരുടെയും സഹകരണത്തിൽ ഏറ്റവും ആകർഷണീയമായവിധം നടന്നു. പരദേശിമോക്ഷയാത്രയിലെ ക്രിസ്ത്യാനിയുടെ ജീവിതം അത്യവസാനം മാജിക് ലാന്റൺ മുഖാന്തരം കാണിക്കയും തൽസമയം ബഹുമാനപ്പെട്ട ജയിംസ്ബു വഗീസ് അച്ചൻ അവർകൾ വളരെ സ്പഷ്ടീയമായ പാഠങ്ങൾ ചൂണ്ടിക്കാണിച്ചു പ്രസംഗിക്കയും ചെയ്തു സമ്മേളനപരിപാടികളിൽ പ്രധാന്യമേറിയ ഒന്നാമത്തെ ആയിരുന്നു.

അങ്ങിങ്ങായി ചിതറിപാർക്കുന്ന മലയിടവകകളിലെ അമ്മമാർ ഒന്നിച്ചുകൂടി തങ്ങൾക്കു തമ്മിലുള്ള കൂട്ടായ്മയും ആത്മീയകൂപകൾ ലഭിക്കുന്നതിനും ഈ അവസരം കൂടീകരിക്കുന്നതിൽ ഏറ്റവും ശ്രദ്ധിച്ച മിസ്സ് ജെ ജി. ചാപ്പ്മാന്റെ സന്നാസിനെ പ്രത്യേകിച്ചും സ്മരിക്കേണ്ടതാണ്. മിസ്സ് ചാപ്പ്മാന്റെ കൂട്ടുസഹോദരിമാരും, അവിടത്തെ മാതൃസംഘക്കാരും ഒത്തുചേർന്നു ഈ സമ്മേളനം നടത്തിപ്പിലേക്കു ചെയ്ത സേവനം ഒരു നല്ല മാതൃകാപാഠംതന്നെ ആയിരുന്നു എന്നു പറയാം.

S. T.

സ്ത്രീജനസഖ്യവാർത്തകൾ

സ്ത്രീജനസഖ്യകൌൺസിൽ. കഴിഞ്ഞലക്കം മാസികയിൽ പ്രസ്താവിച്ചതനുസരിച്ചു ആണ്ടുതോറും നടത്തിവരാറുള്ള സ്ത്രീജനസഖ്യകൌൺസിൽ ഈ ആണ്ടിലും ഫെബ്രുവരി 17, 18 തീയതികളിൽ സെൻറ്റമോണിക്കാസിൽവെച്ചു നടക്കുന്നതിനിടയായി. 'പ്രാർത്ഥനയോഗത്തിൽ യോഹ. 20. 19, ലൂക്കാ. 2. 46, മത്താ. 18. 20, യോഹ. 19. 18, വെളി. 1. 13. എന്നീ ഭാഗത്തു കാണുന്ന "യേശു നടുവിൽ" എന്ന വാക്കുകളെ ആധാരമാക്കി നമ്മുടെ ജീവിതത്തിൽ യേശുകർത്താവിനെ കേന്ദ്രമാക്കുമ്പോൾ അനുഭവമാകുന്ന സന്തോഷം, സമാധാനം തുടങ്ങി, സേവനസന്നദ്ധത, പരിശുദ്ധാത്മനിറവു എന്നീ അനുഗ്രഹങ്ങളെ വെളിപ്പെടുത്തിക്കൊണ്ടു നമ്മുടെ ഖിന്നേഷ്ടിതിരുമേനി പറഞ്ഞ പ്രസംഗം അമ്മമാർക്കു സവിശേഷനയും എന്നു മാത്രമല്ല ആത്മീയപ്രഭാഷണത്തിനും സഹായമായിരുന്നു. ശനിയാഴ്ച രാവിലെ ബഹുമാനപ്പെട്ട ജോർജ്ജ് ശാമുവേൽ അച്ചൻ അവർകളാൽ നടത്തപ്പെട്ട വിശുദ്ധസംസർഗ്ഗശുശ്രൂഷാമദ്ധ്യേ ബഹുമാനപ്പെട്ട എം. എം. ആൻഡ്രൂസ് അച്ചൻ അവർകൾ സ്ത്രീകൾക്കു പല കാലത്തും പല സമുദായത്തിലും ഉണ്ടായിരുന്ന നിലയെന്തായിരുന്നു എന്നു പടിപടിയായി വിശദീകരിച്ചു. കഴിവിന്റെ കാലത്തുവന്ന പുരോഗതി എത്രമാത്രമെന്നു ചൂണ്ടിക്കാണിച്ചുകൊണ്ടും ചെയ്ത ശ്രദ്ധേയമായ പ്രസംഗം ഇന്നത്തെ കാലത്തു മൈവരാജ്യപ്രചരണത്തിനു സ്ത്രീകളുടെ സേവനം എത്രമാത്രം ആവശ്യമെന്നു ഉയർത്തികാണിച്ചുകൊണ്ടു അവസാനിപ്പിച്ചു.

പിന്നീടു രാവിലെയുള്ള ഭക്ഷണാനന്തരം ആരംഭിച്ച യോഗം ആത്മീയഗുരുക്കൾ, റിപ്പോർട്ടസമ്പ്രണം, കായ്യാലോചന, വരവുചിലവുകണക്കുസമ്പ്രണം എന്നിങ്ങനെയുള്ള വിവിധ പരിപാടികളോടുകൂടി രണ്ടുമണിവരെ നീണ്ടുനിന്നു. ഇവയുടെ അദ്ധ്യക്ഷാപദം നിർവ്വഹിച്ച മിസ്സസ്സ് സി. കെ. ജയിക്കബ് സമയോചിതമായ സഭാഗതത്തോടും പ്രബോധനങ്ങളോടുംകൂടി യോഗം ആരംഭിക്കുകയും ക്ഷമയോടും തീക്ഷ്ണതയോടുംകൂടെ അവസാനംവരെ യോഗപരിപാടികളെ നിയന്ത്രികയും ചെയ്തു. ആരിസോണിൽനിന്നു വന്ന മിസ്സ് ഫ്ലെച്ചർ, മൈസൂർ മഹായിടവകയിൽനിന്നു വന്ന രണ്ടു മിഷ്യനറിമാർ എന്നിവരുടെ സാന്നിദ്ധ്യവും ഉദ്ബോധകങ്ങളും ഉണ്ടായിരുന്നതു പ്രത്യേക സന്തോഷം ഉളവാക്കി.

പൂർണ്ണശക്തിയോടുകൂടെ നാം ദൈവത്തെ സേവിപ്പാൻ തക്കവണ്ണം ആരോഗ്യസംരക്ഷണത്തിൽ അമ്മമാർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെന്നു ചിത്രങ്ങൾ കാണിച്ചുകൊണ്ടു ഡോക്ടർ ജസ്സർഡേവിസ് നല്കിയ പാഠവും, മിസ്സ് ഡോൾട്ടന്റെ നേതൃത്വത്തിൽ സെൻറ്റമോണിക്കാസ് അംഗങ്ങൾ ശമര്യയുടെ പടിവാതുകൽ കിടന്ന കുഷ്ഠരോഗികളുടെ കഥ അഭിനയിച്ചതും കൌൺസിലിനു കൂടുതൽ ഉന്മേഷം നല്കി എന്നു പറയേണ്ടിയിരിക്കുന്നു. ആസ്ത്രേലിയൻപര്യടനത്തിനു തുടക്കം കുറിക്കുന്ന ഡോ. ജസ്സർ ഡേവിസ്, സിസ്റ്റർ റേച്ചൽ ജോസഫ് ഇവരോടു സ്ത്രീജനസഖ്യത്തിനുള്ള സ്നേഹവും നന്ദിയും പ്രദർശിപ്പിച്ചുകൊണ്ടുള്ള ആശംസകളും കൌൺസിലിന്റെ നാമത്തിൽ നല്കുന്നതിനു സാധിച്ചു.

മഹായിടവകയുടെ എല്ലാഭാഗത്തെയും പ്രതിനിധീകരിക്കുന്നതിനെന്നപോലെ മുപ്പത്തിയാറു ഇടവകകളിൽനിന്നും അമ്മമാർ വന്നുചേർന്നതു എന്നതു സന്തോഷാവഹം തന്നെ. മിസ്സ് ഡോൾട്ടൻ, സെൻറ്റമോണിക്കാസ് അംഗങ്ങൾ, എന്നുവേണ്ട മറുപലരും പലവിധത്തിൽ ഇതിന്റെ ന

ടത്തിപ്പിനു സഹായമായിരുന്നു. കൌൺസിലിലേക്കു ആവശ്യമായ അരി തിരുമനസ്സിൽ ഈ വക്കീലും മിസ്സസ്സ് ഏം. പി. പുന്നൻ ഔദാര്യം കാണിച്ചു.

മാവേലിക്കര പ്രതിനിധി മിസ്സസ്സ് പോൾ എല്ലാവർക്കും കൃതജ്ഞത പറഞ്ഞശേഷം പ്രാർത്ഥനയോടുകൂടി മംഗളമായി യോഗപരിപാടികൾ അവസാനിപ്പിച്ചു. ഉച്ചഭക്ഷണാനന്തരം ഏകദേശം പിരിഞ്ഞുപോവുകയും ചെയ്തു.

S. T.

ഒരു സഭാസിസ്റ്ററിന്റെ സ്ഥാനപ്രവേശന ശുശ്രൂഷ

ബുക്കാനാൻ പാഠശാലയിലെ ഒരു അദ്ധ്യാപികയും പള്ളത്തു കണ്ണമ്പുറത്തു റവ. കെ. വി. ഏബ്രഹാം അച്ചന്റെ പുത്രിയുമായ മിസ്സ് അക്കമ്മ ഏബ്രഹാമിനെ 1956 ഫെബ്രുവരി 19നു പള്ളം പള്ളിയിൽവെച്ചു് വൈകുന്നേരം 5 മണിക്കു നടന്ന സി. എസ്സ്. ഐ. വിശുദ്ധസംസക്ത ശുശ്രൂഷാമദ്ധ്യേ നമ്മുടെ ബിഷോപ്പു തിരുമനസ്സുകൊണ്ടു ഭക്തിനൊന്ത്യാവനിതാസ്ഥാനക്രമത്തിൽ ഒരു സഭാസിസ്റ്ററായി അംഗീകരിച്ചു.

വിശുദ്ധസംസക്ത ശുശ്രൂക്ഷയിലെ വേദഭാഗങ്ങളിൽ ഒന്നാമത്തേതു ബുക്കാനാൻ ഹൈസ്കൂൾ പ്രഥമാദ്ധ്യാപിക സിസ്റ്റർ മറിയം തോമസും രണ്ടാമത്തേതു സിസ്റ്റർ റേച്ചൽ ജോസഫും മൂന്നാമത്തേതു സ്ഥാനാർത്ഥിയുടെ പിതാവും വായിക്കയുണ്ടായി.

ബിഷോപ്പു തിരുമനസ്സുകൊണ്ടു പ്രവൃത്തികളുടെ പുസ്തകത്തിലെ മൂന്നു അനന്യാസുമാരെ അടിസ്ഥാനമാക്കി പ്രസംഗിച്ചു. പുതിയ ദർശനത്തെ അവഹേളിച്ചു് മിക്ക്യനറിപ്രമുഖനായ പൌലോസിനെ കയ്യേറ്റം ചെയ്യാൻ ആജ്ഞ നല്കിയ മഹാപുരോഹിതനായ അനന്യാസിനെയും, പ്രതിക്കൂയുടെ വേക്ഷം നടിച്ച ഭാര്യ സഫീരയുമായി ഒത്തു് ഇറങ്ങിയ അനന്യാസിനെയും, ക്രിസ്തുഭക്തരെ ഹിംസിക്കുന്നവനെന്ന ഉക്ത്കീർത്തി നേടിയ ശൌലിനെ അന്വേഷിക്കുവാൻ ദൈവഹിതം ഗ്രഹിച്ചു് പൂണ്ണ പ്രതിക്കൂയുടെ ഇറങ്ങി പുറപ്പെട്ട ശിക്ഷ്യനായ അനന്യാസിനെയു പറ്റി വിവരിച്ച ശേക്ഷം ഇവർ ശുശ്രൂക്ഷയ്ക്കായി ഇറങ്ങി പുറപ്പെട്ടവർ പുതു ദർശനങ്ങളോടു മുമ്പലിക്കുന്തെ അശ്രമായ സമസ്പണത്തിനുള്ള പ്രത്യേക പരിപൂർണ്ണ പ്രതിക്കൂയും ഒരുങ്ങേണ്ടതാണെന്നും ദൈവസഭയെ പീഡിപ്പിച്ചവനെ 'സഹോദരാ' എന്ന സംബോധന ചെയ്തു് ആയുസ്സാല സേവനത്തിനു ഉത്തേജനം നല്കിയതിൽ പ്രകാശിപ്പിച്ച മനോഭാവത്തിൽ ക്രിസ്തീയ ശുശ്രൂക്ഷകർ പ്രവർത്തിക്കേണ്ടതാണെന്നും ഉൽബോധിപ്പിച്ചു.

വിശ്വാസപ്രമാണത്തിനു ശേക്ഷം ഭക്തിനൊന്ത്യാവനിതാ സ്ഥാനക്രമത്തിന്റെ ജ്യേക്ഷ സഹോദരിയായ സിസ്റ്റർ റേച്ചൽ ജോസഫ് സ്ഥാനാർത്ഥിയെ ബിഷോപ്പുതിരുമനസ്സിലെ സന്നിധിയിൽ സമർപ്പിച്ചു. വനിതാ സ്ഥാനക്രമത്തിന്റെ ഉദ്ദേശ്യങ്ങളും ചുമതലകളും കാണിക്കുന്ന പ്രബോധനയ്ക്കു ശേക്ഷം സ്ഥാനാർത്ഥിയെ പരിശോധിക്കുകയും സ്ഥാനാർത്ഥി സത്യപ്രതിജ്ഞ കഴിക്കുകയും ചെയ്തു. പിന്നീടു സഭായോഗത്തിന്റെ പ്രാർത്ഥനയ്ക്കു സ്ഥാനാർത്ഥിയെ രേമേല്പിക്കുകയും തിരുമനസ്സുകൊണ്ടു പ്രത്യേക പ്രാർത്ഥന നടത്തി വേഷപ്പുകവും കുരിശും നല്കി ഭക്തിനൊന്ത്യ സഭയുടെ അധികാരത്താൽ ഞാൻ നിങ്ങളെ സഭാസിസ്റ്ററായി അംഗീകരിക്കുന്നു' എന്നു പ്രസ്താവിച്ചുകൊണ്ടു കൈ ഉയർത്തി ആശീർവ്വദിക്കുകയും ചെയ്തു.

വിവിധ സ്ഥലങ്ങളിൽനിന്നും വന്നുചേർന്ന സ്ഥാനാർത്ഥിയുടെ കുടുംബാംഗങ്ങളും സ്നേഹിതരും മറ്റുമായി ഒരു വലിയ ജനക്കൂട്ടം ശുശ്രൂക്ഷയിൽ സംബന്ധിക്കുകയും വിശുദ്ധസംസക്തിയിൽ പങ്കെടുക്കുകയും ചെയ്തു. സിസ്റ്റർ അക്കമ്മ ഏബ്രഹാമിന്റെ വസതിയിൽ ക്ഷണിക്കപ്പെട്ടവർക്കു ഒരു വിരുന്നുസല്ക്കാരവും നടന്നു.

റോസമ്മ ജോസഫിന്റെ കത്തു്

എരുമപ്ര

കർത്താവിനു മഹത്വം ഉണ്ടാകട്ടെ; യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും. യെശ. 40. 31.

കർത്താവിൽ പ്രിയരേ! ഇതിനകം നിങ്ങൾ എന്നെ അറിഞ്ഞിരിക്കുമല്ലോ. കഴിഞ്ഞ ജനുവരി മാസത്തിലെ ജ്ഞാനനിക്ഷേപത്തിൽ എനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്നു ഒരഭ്യർത്ഥനയുണ്ടായിരുന്നു. നിങ്ങളിൽ ഏതുപോർ പ്രാർത്ഥിച്ചു. തിരുവചനത്തിൽ വല ആളുകളെപ്പറ്റി ചില പ്രത്യേക സംഗ

തികൾ പറയുന്നതായി നമുക്കു കാണുവാൻ കഴിയും. 1 രാജാ. 3 16 മുതൽ ഉള്ള വാക്യങ്ങൾ നോക്കുക. അവിടെ പ്രത്യേകമായി രണ്ടു സ്ത്രീകളെക്കുറിച്ചാണു പറയുന്നതു്. ആ രണ്ടു പേരുടെയും സ്വഭാവം അവരെ അന്യോന്യം അകറ്റുന്നതായിട്ടാണു കാണുന്നതു്. ഒരാളുടെ സന്തോഷത്തിൽ മറെറാരാൾക്കു അസൂയ ഉണ്ടു് എന്നുള്ളതാണു് ഇതിന്റെ കാരണം. ഏന്റെ സ്വഭാവം അതിൽ ആരുടേതുപോലെയാകുന്നു എന്നു ഓരോരുത്തരും ചിന്തിക്കുക. വി. മത്തായി 7-ാം അദ്ധ്യായം 7-ാം 8-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്നപ്രകാരം ചെയ്യുന്നുണ്ടോ? വിശ്വാസത്തോടുകൂടി ദൈവത്തോടു യാചിക്കുക. ഞാൻ ദൈവത്തോടു യാചിക്കാൻ തുടങ്ങിയിട്ടു 13 വർഷമായി. ഇപ്പോൾ ലഭിച്ചുമിരിക്കുന്നു. ലഭിച്ചതിനെ മറെറാരുവെക്കുറിച്ചെന്നു ദൈവം എന്നോടു അരുളിച്ചെയ്തിട്ടുണ്ടു്. എന്റെ മുഴു വയസ്സു മുതലുള്ള അനുഭവങ്ങൾ എഴുതി സൂക്ഷിച്ചിട്ടുണ്ടു്. നിങ്ങൾ മുട്ടിപ്പായി പ്രാർത്ഥിക്കുന്നെങ്കിൽ അതു ഒരു പുസ്തകമായി നിങ്ങൾക്കു ലഭിക്കും.

ക്രിസ്തീയ ഗീതങ്ങളിലും ജ്ഞാനകീർത്തനത്തിലും ദൈവകോപന്മാരായ പലരുടെയും പാട്ടുകൾ ദൈവഭക്തന്മാർ പാടുന്നതു ഞാൻ കേട്ടിട്ടുണ്ടു്. കർത്താവിന്റെ വരവിനു മുമ്പും പിമ്പുമുള്ള കാര്യങ്ങളെക്കുറിച്ചും ദൈവം അരുളിച്ചെയ്തിട്ടുണ്ടു്. നമുക്കു ഉണർന്നിരിക്കാം, പ്രാർത്ഥിക്കാം, കാത്തിരിക്കാം.

വാർത്തകൾ

തൃശ്ശൂർ ബഥേൽ ആശ്രമത്തിന്റെ ഇപ്പോഴത്തെ വാർഷികദിനം ഫെബ്രുവരി 18-ാം ശനിയാഴ്ച കൊണ്ടാടി. രാവിലെ സ്നേഹശുശ്രൂഷയും അതുകഴിഞ്ഞു സാധന ശേഖരവും വില്പനയും ഉണ്ടായിരുന്നു. ഉച്ചതിരിഞ്ഞുള്ള പൊതുയോഗത്തിൽ ഉത്തരകേരള ബിഷോപ്പു ലിപ്പു തിരുമേനി അദ്ധ്യക്ഷം വഹിക്കുകയും സിസ്റ്റർ റേച്ചലും ഡോ. റിഡലും പ്രസംഗിക്കയും ചെയ്തു.

മിസ്സ് ഏലിതോമസ്സ്. കാണക്കാരിലെ ഒരു പ്രവർത്തകയായ മിസ്സ് ഏലി തോമസ്സിന്റെ സേവനം ഏതാനും മാസത്തേക്കു വെല്ലൂർ മിഷ്യൻ ആസ്പത്രിയിലെ മാനസിക പ്രവർത്തനത്തിലുണ്ടായ ഒരു ഒഴിവിലേക്കു വിട്ടുകൊടുക്കയും അതിൽ പ്രവേശിക്കയും ചെയ്തിരിക്കുന്നു.

സിസ്റ്റർ റേച്ചലും ഡോ. ഡേവിസും ആസ്ത്രേലിയായിലേക്കു്. സിസ്റ്റർ റേച്ചലിന്റെ ആസ്ത്രേലിയൻ പര്യടനത്തെപ്പററി മുമ്പു പ്രസ്താവിച്ചിരുന്നല്ലോ. അതിൻപ്രകാരം മാർച്ചു 10-നു കൊളമ്പിൽനിന്നു കപ്പൽ കയറുന്നതാണു്. നമ്മുടെ ബിഷോപ്പു തിരുമേനി ഏർപ്പാടു ചെയ്തിരുന്നപ്രകാരം സൗത്ത് വെയിൽസിൽ ഏതാനും ആഴ്ചവട്ടം സി. എസ്സ്. ഐ. യെപ്പററിയുള്ള ഡബ്ലൂട്ടേഷൻ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നതാണു്. സിസ്റ്റർ റേച്ചലിന്റെകൂടെ ഡോ. ജസ്റ്റർ ഡേവിസും കൊളമ്പിൽനിന്നു കപ്പൽ കയറി ആസ്ത്രേലിയായിൽ പോയിട്ടുള്ള സഹോദരിയുമൊന്നിച്ചു അവധിക്കാലം കഴിക്കുന്നതിനു പോകുന്നതായിരിക്കും.

വരിക്കാർക്കു വിനീതം

മുന്നറിയിപ്പുകൾ വേണ്ടപോലെ വകവെക്കാതെയിരിക്കുന്നതു കാര്യനടത്തിപ്പിനു താമസവും തടസ്സവും വരുത്തുന്നതിനാൽ ഒരിക്കൽകൂടെ അവ വിശദമായി ആവർത്തിക്കുന്നു.

1. വരിസംഖ്യ ഓരോ ആണ്ടത്തേതു തന്നാണ്ടിൽ ആദ്യത്തെ മൂന്നു മാസത്തിനുള്ളിൽ മുമ്പോടായി അടയ്ക്കണം.

2. രണ്ടുമാസം കഴിഞ്ഞാൽ പത്രവരി 2 കം. ആയിരിക്കുന്നതാണു്.

3. പണമയക്കുന്നതു പത്രം വരുത്തുന്ന മേൽവിലാസത്തിൽ തന്നെ ആയിരിക്കണം. അല്ലെങ്കിൽ വരിക്കാരുടെ പേരിൽ വരവു വെക്കാൻ സാദ്ധ്യമാകാതെവരും.

4. വരിക്കാരുടെ ഏണ്ണമനുസരിച്ചു ഞങ്ങൾ ഇവിടെനിന്നു മാസിക അയക്കുന്നതിനാൽ അതു കിട്ടാതെവരുന്നതു ഞങ്ങളുടെ കുറവല്ലാകയില്ല. ആർക്കെങ്കിലും മാസിക കിട്ടാതെവന്നാലുടൻ അതിന്റെ പോസ്റ്റേജ് ഒരണയുടെ അയയ്ക്കണം.

5. ശമ്പളവും അലവൻസുംകൂടെ 30 കം.യിൽ കവിയാത്ത മഹായിടവക പ്രവർത്തകർക്കാണു അരചാർജ്ജ് വെച്ചിരിക്കുന്നതു്. അദ്ധ്യാപകർക്കു കൂട്ടരുതലുള്ളതിനാൽ 1956 മുതൽ അവർക്കു ആ സൌജന്യമുണ്ടായിരിക്കയില്ല. അരചാർജ്ജ് 1 കം. 12 ണ.യുടെ പകുതി 14 ണ.യാണെന്നു ഇപ്പോഴും ഗ്രഹിച്ചിട്ടില്ലാത്തവരുണ്ടു്. അതും മുമ്പേറായി കൊടുക്കണം. ആറുമാസം കഴിഞ്ഞാൽ ഒരു ഞാപനം കൊടുക്കേണ്ടതാണു്.

Managing Editor

സുവിശേഷഭാഷിണി

പുസ്തകം 48. ലക്കം 3 മാർച്ച് 1956

ബില്ലിഗ്രഹാം മിഷ്യൻ

(By KOSHI JOHN)

കേരളത്തിലെ വിവിധ ക്രൈസ്തവ വിഭാഗങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ ഡോ. ബില്ലിഗ്രഹാം കോട്ടയത്തു വെച്ചു, കഴിഞ്ഞ ജനുവരിയിൽ നടത്തിയ മഹായോഗത്തെയും അവിടെ നല്കിയ ദൂതുകളെയും പറ്റി ഓർക്കുമ്പോൾ പല ചിന്തകളെ അവ നമ്മിൽ ഉദിപ്പിക്കുന്നു. അവയിൽ പ്രധാനപ്പെട്ട ചിലതിനെക്കുറിച്ചു ചുരുക്കമായി പറഞ്ഞുകൊള്ളട്ടെ.

1. സുവിശേഷത്തിന്റെ ലളിതമായ കഥ കേൾപ്പാൻ ഇന്നത്തെ ലോകത്തിനുള്ള അഭിവാഞ്ഛ. ഡോക്ടർ ബില്ലിഗ്രഹാമിന്റെ പ്രസംഗങ്ങളിൽ ശാസ്ത്രീയവും തത്വജ്ഞാനപരവുമായുള്ള ആശയങ്ങൾ ഇല്ലായിരുന്നു. ഇതു ഒരു കുറവായിട്ടു ചിലർ പറയുന്നതു കേട്ടും ഏന്നാൽ, ഇന്നത്തെ ലോകത്തിനു വേണ്ടിയതു തത്വജ്ഞാനവും അഗാധമായ മതോപദേശങ്ങളെ പറ്റിയുള്ള വിമർശനങ്ങളും അല്ല; ഏന്തെന്നാൽ, ലോകം ഇന്നു പരിക്ഷാത്തിന്റെയും ശാസ്ത്രീയ ജ്ഞാനത്തിന്റെയും ഉച്ചയിൽ വന്നെത്തിയിട്ടും ഒരിടത്തും സമാധാനം ഇല്ല! അസ്വസ്ഥതയുടെയും അസമാധാനത്തിന്റെയും കാലത്തിൽ കിടന്നു രാഷ്ട്രങ്ങളും ജനങ്ങളും തിളെച്ചു മറിയുകയാകുന്നു! അതിനാൽ, ഇച്ചിധമായൊരന്തരീക്ഷത്തിൽ ക്രൂശിന്റെ സമാധാനപരമായ ദൂതിനു ശക്തിയേറിയ ഒരു ആകർഷണം ഉണ്ടു.

മതമോ അദ്ധ്യാത്മിക ചിന്തകളോ ഒന്നുമില്ലാത്ത ഇംഗ്ലണ്ടിലെ ഭൂരിപക്ഷം ആളുകളും, അവ്വണ്ണം തന്നെ മതത്തിന്റെ ശക്തിയെ തൃജിച്ചു അതിന്റെ വേഷം മാത്രം ധരിച്ചുകൊണ്ടു നടക്കുന്ന കേരളത്തിലെ നാമധേയ ക്രിസ്ത്യാനികളും ഡോ. ബില്ലിഗ്രഹാമിനെ കേൾപ്പാൻ തടിച്ചുകൂടിയതിന്റെ ഏക കാരണം രണ്ടു കൂട്ടർക്കും മനസ്സമാധാനം എന്ന ഒന്നില്ലായ്കകൊണ്ടത്രേ. ബില്ലിഗ്രഹാം മിഷ്യന്റെ ശക്തി അടങ്ങിയിരിക്കുന്നതു, ക്രൂശു മൂലമുള്ള സമാധാനം ഇന്നു കാണിക്കുന്ന അതിന്റെ ലളിത ദൂതിലത്രേ. "യഹൂദന്മാർ അടയാളം ചോദിക്കുകയും യവനന്മാർ ജ്ഞാനം അന്വേഷിക്കയും ചെയ്യുന്നു, ഞങ്ങളോ, ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു" (1 കൊരി. 1. 22). ഇത്തരത്തിലുള്ള പ്രസംഗങ്ങൾ എന്നും, എവിടെയും ശക്തിയേറിയവയാകുന്നു.

2. ക്രൂശിന്റെ കഥ ദൈവത്തിനു പഴയ കഥ അല്ല. കേരള ക്രിസ്ത്യാനികളിൽ ഭൂരിപക്ഷവും ഈ കഥ കേട്ടുകേട്ടു തഴമ്പിച്ചു കിടക്കുന്ന നാമധേയ ക്രിസ്ത്യാനികളാകുന്നു. അതുകൊണ്ടു ഡോ. ബില്ലിഗ്രഹാമിന്റെ പ്രസംഗം ക്രൂശിന്റെ പഴയ കഥയാണെന്നു ചിലർ പറയുന്നതു കേട്ടു. ഏന്നാൽ ഇതു ദൈവത്തിനു പഴയതല്ല എന്നു ഓർക്കണം. "സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തലയെ ചതെക്കും" എന്ന ദൈവം ഇടംപ്രഥമമായി ആദാമും ഹവ്വായും കേൾക്കെ ഉച്ചരിച്ച സുവിശേഷദൂതന്നെയായിരുന്നു, അനേകം വർഷങ്ങൾ കഴിഞ്ഞാറെയും ദൈവം നോഹയോടും, അബ്രഹാമിനോടും, പ്രവാചകന്മാരോടും അരുളിചെയ്തു. ദൈവത്തിനു ഇതു പഴയ കഥയല്ല; ലോകവും മനുഷ്യനും ഉള്ള കാലത്തോളം ക്രൂശിന്റെ ദൂതിനു പഴക്കമില്ല. ഈ ദൂതു അത്രേ തന്റെ മാസനായ ബില്ലിഗ്രഹാമിൽക്കൂടെ ദൈവം ഇന്നു ലോകത്തോടു വിളിച്ചു പറയുന്നതു. ദൈവത്തെ മറന്നു, സന്മാർഗ്ഗജീവിതത്തെ തൃജിച്ചു, ലോകം ഇരുന്ന കാലങ്ങളിൽ ഒക്കെയും ദൈവം പലവിധത്തിൽ മനുഷ്യനെ ഓർപ്പിച്ചിട്ടുള്ള ഒരു ദൂതാകുന്നു ഇതു. ദൈവത്തിങ്കലേക്കു തിരിയുന്നതും, മാനസ്സാന്തരവും പുതുതാക്കപ്പെട്ട ഒരു ജീവിതവും ഈ ദൂതിന്റെ പൊരുളുടെകുങ്കുമാകുന്നു.

വ്യക്തിപരമായൊരു മനസ്സമാധാനമത്രേ, വിസ്മീഷ്ണമായൊരു ലോകസമാധാനത്തിന്റെ മൂലകല്ലു. അതിനാൽ, ബില്ലിഗ്രഹാം മിഷ്യനിൽ കൂടെയുള്ള ഇന്നത്തെ ദൈവവിളി വിസ്മീഷ്ണമായൊരു സമാധാന അന്തരീക്ഷത്തിന്നായിട്ടാണെന്നു നമുക്കു പൂർണ്ണമായി വിശ്വസിക്കാം.

3. ഇന്നത്തെ ലോകത്തിന്റെ പൊതുവായ ഗതി നോക്കിയാൽ, ലോകം ഒരു പരിവർത്തനത്തിലേക്കു അതിന്റെ കുതികാൽ വെച്ചിരിക്കുന്നതായി കാണാവുന്നതാകുന്നു. ഒരു സമുദ്രവും എന്നും ഗർവ്വിച്ച തിരകൾ ഉയർത്തി കിടക്കുകയില്ല. പ്രപഞ്ചത്തിന്റെ നിയമം അനുസരിച്ചു കോപിച്ചു അലറുന്ന ഏതു സമുദ്രവും കുറെ കഴിയുമ്പോൾ താനെ ശാന്തമാകും. ശീതകാലം ഉണ്ടെങ്കിൽ ചൈതന്യ

പരമായ ഉഷ്ണകാലവും (Summer) പുറകെ ഉണ്ട്. ഒന്നിന്റെ കെട്ടുമതികൾ തീപ്പാൻ, അതാ, മറ്റൊന്നു പുറകെ രംഗപ്രവേശനം ചെയ്യുന്നു, ! ഇതല്ലയോ ബില്ലിഗ്രഹാം മിക്ഷൻ കാണിക്കുന്നതു ? ഒരു ലോകസമാധാനം വേണമെന്നു രാഷ്ട്രങ്ങളും, രാഷ്ട്രപ്രതികളും ജനങ്ങളും ഒരുപോലെ ആവശ്യപ്പെടുന്നു. ഈ തിരക്കുകളുടെ ഇടയിൽക്കൂടെ, ക്രൂശിന്റെ ലളിതമായ ദൂതു മൂലം ദൈവാത്മാവു ശാന്തമായി പ്രവൃത്തിക്കയാകുന്നു. അതിനാൽ ക്രൂശിന്റെ ദൂതുവാഹകന്മാരായ ക്രിസ്തീയ വേലക്കാർ ഈ സന്ദർഭം തക്കത്തിൽ ഉപയോഗിക്കേണ്ടതാകുന്നു.

കോട്ടയം ഭദ്രാസനപ്പള്ളിയിൽ വെച്ചു ഡോ. ബില്ലിഗ്രഹാം ക്രിസ്തീയ വേലക്കാരോടു പറഞ്ഞ പ്രസംഗങ്ങൾ ഏതു ശക്തിയേറിയതും കാലോചിതവുമായിരുന്നു. മോശ മരുഭൂമിയിൽ വിച്ചളസർപ്പത്തെ ഉയർത്തി, സർപ്പദംശനം ഏറ്റവരെ കാണിച്ചു അവരെ സുഖപ്പെടുത്തിയതുപോലെ, ഇന്നു നാം ക്രൂശിക്കപ്പെട്ട കർത്താവിനെ നമ്മുടെ സംസാരത്തിലും, ജീവിതത്തിലും, പ്രസംഗങ്ങളിലും ഉയർത്തിക്കാണിക്കേണ്ടതാകുന്നു.

4. ക്രൂശിന്റെ ഇന്നത്തെ ദൂതു ദൈവത്തിൽനിന്നുള്ള ഒരടിസ്ഥാനദൂതാകുന്നു. ഇങ്ങനെയായിരുന്നു വിശുദ്ധ യോഹന്നാൻ അപ്പൊസ്തലനായി അതു കണ്ടതു. വെളി. 14. 6. നോക്കുക. ''ഞാൻ ആകാശമദ്ധ്യത്തൂടെ പറക്കുന്ന ഒരു ദൂതനെ കണ്ടു; അവന്റെ കൈയ്യിൽ നിത്യസുവിശേഷം ഉണ്ടായിരുന്നു.'' പറക്കുന്ന ഈ ദൂതൻ ആരായിരുന്നു ? അതു സാക്ഷാൽനിന്നുള്ള ഒരു ദൈവദൂതൻ അല്ല; എന്തെന്നാൽ അവരെ ആരെയും ദൈവം സുവിശേഷദൂതിന്റെ പ്രസംഗകരായി നിയമിച്ചിട്ടില്ല. അതിന്റെ മുമ്പല മനുഷ്യരെ ആകുന്നു ഏല്പിച്ചിട്ടുള്ളതു. ''നിങ്ങൾ (അഥവാ ശിഷ്യന്മാർ) പോയി സകല സൃഷ്ടിയോടും സുവിശേഷം അറിയിപ്പിൻ'' എന്നായിരുന്നവല്ലോ യേശുവിന്റെ കല്പന.

പറക്കുന്ന ഈ ദൂതൻ പറന്നുകൊണ്ടായിരുന്നു സുവിശേഷം അറിയിച്ചതു. അതു ആരെ ഉദ്ദേശിച്ചായിരുന്നാലും വേണ്ടതില്ല, ആ ദൂതന്റെ ദൂതു ബദ്ധപ്പാടുള്ള ഒരടിസ്ഥാന കൃത്യത്തെ അത്രേ കാണിക്കുന്നതു. അവൻ വിളിച്ചുപറഞ്ഞതു ശ്രദ്ധേയമായിരിക്കുന്നു:—''ദൈവത്തെ ഭയപ്പെട്ടു അവനു മഹത്വം കൊടുപ്പിൻ, അവന്റെ ന്യായവിധിയുടെ നാഴിക വന്നിരിക്കുന്നു.''

ഹാ ! ''ന്യായവിധിയുടെ നാഴിക വന്നിരിക്കുന്നു,'' അതോടുകൂടെ നിത്യസുവിശേഷത്തിന്റെ പ്രസംഗങ്ങളിൽ ഒരു പരിവർത്തനത്തിലേക്കു ദൈവകൃപയിൽ മുഖം തിരിച്ചിരിക്കുന്ന ലോകം പുതുതാക്കപ്പെടുകയും സമാധാനം ലോകത്തിൽ വാഴുകയും ചെയ്യും.

പറക്കുന്ന ദൂതൻ പറന്നുകൊണ്ടു ദൂതറിയിച്ചതിനു വേറൊരു കാരണവും ഉണ്ടു്. ''ഇനിയും കാലം ഉണ്ടാകയില്ല'' (വെളി. 10. 6). എന്നുള്ള പ്രഖ്യാപനം സാക്ഷാൽനിന്നു ഉണ്ടാകുവാൻ പോകുന്നു. അതിനു മുമ്പായി ''ക്രിസ്തുയേശുവിൽ വിശ്വസിച്ചു മാനസാന്തരപ്പെട്ടുകൊൾവിൻ'' എന്നു ദൈവം തന്റെ ദാസന്മാർ മൂലം ലോകത്തോടു വിളിച്ചുപറയുകയാകുന്നു. ഇതിന്റെ ഒരു ചിത്രമത്രേ ''ബില്ലിഗ്രഹാം മിക്ഷൻ'' കാണിക്കുന്നതു.

സണ്ടെസ്കൂൾ കത്തു്

പ്രിയ സുഹൃത്തുക്കളെ,

ഈ കത്തിൽ നടിക്കുട വേലയെ സംബന്ധിച്ചു കുറുതലായി പറയുമെന്നു കഴിഞ്ഞ കത്തിൽ എഴുതിയിരുന്നല്ലോ. ഈ വിവരങ്ങൾ കുട്ടികളെ പറഞ്ഞു മനസ്സിലാക്കുകയും, ഈ വേലയിൽ താല്പര്യം വരുത്തുകയും എല്ലാ ഇടവകകളിൽനിന്നും സ്തോത്രകാഴ്ചയുടെ ഒരു ഭാഗം ഇതിനായി അയച്ചുതരികയും ചെയ്യുമെന്നു അപേക്ഷിക്കുന്നു. നടിക്കുടെയുള്ള അദ്ധ്യാപകന്റെ പേരു് ബൈബിൾ ആനന്ദം എന്നാണു്. ഇദ്ദേഹത്തിനു മുപ്പതു വയസ്സു പ്രായമുള്ള ഒരു ആൺകുട്ടിയും ഉണ്ടു്. ആനന്ദത്തിന്റെ മാതാപിതാക്കന്മാരും ക്രിസ്ത്യാനികൾ ആണു്. അദ്ദേഹം പറക്കാൽ മിക്ഷനിലുള്ള സ്വദേശികളായ പ്രവർത്തകരിൽ ഏറ്റവും സമർത്ഥനാണു്. നടിക്കുട ഗ്രാമത്തിൽ ആകെ 30 ക്രൈസ്തവ കുടുംബങ്ങളിലായി 120 ക്രിസ്ത്യാനികളും, 8 അക്രൈസ്തവ കുടുംബങ്ങളിലായി 30 അക്രൈസ്തവരും ഉണ്ടു്. ഇപ്പോൾ ഇവർ ആരാധന നടത്തുന്നതു അദ്ധ്യാപകന്റെ ഭവനത്തിന്റെ ചെറിയ വരാന്തയിൽ ആണു്. കൂടെപ്പോർ മുറ്റത്തു നിന്നു ആരാധിക്കേണ്ടിവരുമെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ദൈവത്തെ ആരാധിക്കുന്നതിനു മനോഹരമായ ആലയങ്ങൾ ലഭിച്ചിട്ടുള്ള നാം ഈ പാവപ്പെട്ട ആളുകൾക്കു ഒരു ആലയം ഉണ്ടാക്കുന്നതിനു സഹായിക്കയില്ലയോ. അവരുടെ ആവശ്യത്തിനുള്ള ഒരു ആലയം ഏകദേശം രണ്ടായിരം രൂപാകൊണ്ടു തീർക്കാമെന്നാണു അവിടെയുള്ള അച്ചന്റെ അഭിപ്രായം. നാം അതിനായി ഒരുമ്പെട്ടാൽ പക്ഷം അവിടെയുള്ള ആളുകൾ 200 രൂ

പാ ശേഖരിക്കയും സൌജന്യമായി ക്ലാലിവേല ചെയ്തുകൊടുക്കയും ചെയ്യാമെന്നു സമ്മതിച്ചിട്ടുണ്ട്. ഈ ആണ്ടിൽ പ്രവർത്തകരെ കൊടുക്കുന്നതിനു ശക്തം ഉള്ളതുകൊണ്ട് ഈ ആവശ്യത്തിലേക്കായി വേർതിരിച്ചിടണമെന്നു വിചാരിക്കുന്നു. നമ്മുടെ സണ്ടേസ്കൂളുകൾ ഉത്സാഹിക്കുന്നപക്ഷം രണ്ടു വർഷംകൊണ്ടെങ്കിലും ഈ ഉദ്ദേശം സാധിക്കും.

ഇതിനുപകാ സണ്ടേസ്കൂൾ പാഠപുസ്തകഫണ്ടിനുവേണ്ടിയുള്ള ഒരു അപ്പീൽ എല്ലാ സ്ഥലങ്ങളിലും കിട്ടിക്കുമെന്നു വിശ്വസിക്കുന്നു. ആ വിധത്തിൽ കുറെ പണം കിട്ടിയെങ്കിൽ മാത്രമെ പാഠപുസ്തകങ്ങൾ അച്ചടിപ്പിക്കുന്നതിനു സാധിക്കയുള്ളു. അതുകൊണ്ടു എല്ലാവരും അതിൽ സഹകരിക്കുമെന്നു വിശ്വസിക്കുന്നു. കുഞ്ഞുങ്ങളുടെ സ്നേഹകാഴ്ച മറ്റുള്ളവരുടെ പ്രയോജനത്തിനായി ചെലവിടുന്നതല്ലെ അനുഗ്രഹപ്രദമായിട്ടുള്ളത്. പ്രത്യേക ഫണ്ടു ശേഖരിക്കുന്നതിനും, സമ്മാനമാനം നടത്തുന്നതിനും, കാപ്പിസൽക്കാരം കൊടുക്കുന്നതിനും മറ്റുവിധത്തിൽ പണം ഉണ്ടാക്കുന്നതിനും. എല്ലാവരും ഇങ്ങനെ ചെയ്യുന്നു എന്നു പറയുകയല്ല. പുതിയ ആണ്ടാരംഭത്തോടുകൂടെ എല്ലാ വകുപ്പിലും ആവശ്യമുള്ള പാഠപുസ്തകങ്ങൾ തയ്യാറാകും എന്നു പ്രതീക്ഷിക്കുന്നു.

അടുത്തുവരുന്ന അവധിക്കാലത്തു സൌകര്യമുള്ള എല്ലാ സ്ഥലങ്ങളിലും സണ്ടേസ്കൂൾ അദ്ധ്യാപകന്മാരുടെയും കോൺഫ്രൻസുകളും നടത്തുന്നതിനു ശ്രമിക്കുമല്ലൊ. നേരത്തെ അറിയിക്കുന്നപക്ഷം ഞാൻ അവയിൽ സംബന്ധിക്കുന്നതിനു ക്രമപ്പെടുത്താവുന്നതാണ്.

എന്നു്,

പള്ളം
20-2-'56.

സി. ഡബ്ലി. മാത്യു
ജനറൽ സെക്രട്ടറി.

ഇലപ്പള്ളി സഭയുടെ രജതജൂബിലിയാഘോഷവും മിഡിൽസ്കൂൾ ഉൽഘാടനവും

1956 ഫെബ്രു. 3നു വെള്ളിയാഴ്ച ഇലപ്പള്ളി സഭയുടെ ഒരു സുവർണ്ണ ദിനമായിരുന്നു. ഇതുപേക്ഷിതം തൈവം ഇലപ്പള്ളി സഭയ്ക്കു നൽകിയ അനുഗ്രഹങ്ങളെപ്പറ്റി ഓർക്കുന്നതിനും സ്തോത്രം ചെയ്യുന്നതിനുമായി വേർതിരിച്ച ഒരു സുദിനമായിരുന്നു ഈ രജത ജൂബിലി ദിനം. അനേകദിവസം ബിഷപ്പു തിരുമേനി ഡവ. തോമസ് ചെറിയാൻകുന്നുമൊരുമിച്ചു തൊടുപുഴയിൽ വരികയും, അവിടെ നിന്നും പല പ്രശസ്താതിഥികളുമൊന്നിച്ചു എല്ലാവരുംകൂടി ജീപ്പുകളിൽ ഇലപ്പള്ളി പോസ്റ്റാഫീസിനു സമീപം തയ്യാറാക്കിയിരുന്ന സ്വീകരണ പന്തലിൽ രാവിലെ 10.15നു വന്നു ചേരുകയും ഹാരമണിയിച്ചു സ്വീകരിക്കുകയും ചെയ്തു. സ്വീകരണപന്തൽ സ്ഥലത്തെ ഹൈന്ദവ സഹോദരങ്ങളാണു ക്രമീകരിച്ചിരുന്നതെന്നുള്ളതു തന്നെ ഇവിടുത്തെ സാമുദായിക മൈത്രിയുടെ ഉദാഹരണമാണ്. പന്തലിൽനിന്നും കൊടി, കുട, വാദ്യമേളങ്ങൾ എന്നിവയോടുകൂടി ഗംഭീരമായ ഘോഷയാത്ര മിഡിൽസ്കൂൾ അങ്കണത്തിൽ തയ്യാർ ചെയ്തിരുന്ന പന്തലിൽ വന്നുചേരുകയും തിരുമേനി സ്കൂളിന്റെ ഔപചാരികമായ ഉൽഘാടനം നിർവ്വഹിക്കുകയും ചെയ്തു.

അതേത്തുടർന്നു നടന്ന പബ്ലിക്ക് മീറ്റിംഗിൽ തിരുമേനി അദ്ധ്യക്ഷം വഹിക്കുകയും മെ. ഏം. ഏം. മാത്യു ബി. ഏ., എൽ. ടി., ഡവ. ഫാദർ സെബാസ്റ്റ്യൻ പുത്തൻപുരയ്ക്കൽ, ഏ. സി. ചാക്കോ എം. എൽ. ഏ. എന്നിവർ പ്രസംഗിക്കുകയും ചെയ്തു. അതിഥികളായി, മെ. കെ. ഗോപാലകൃഷ്ണൻ നായർ B. A., L. T., (I. P. M. S.) തൊടുപുഴ, എം. പി. പുന്നൻ, മിസ്സ്. ജെ. ജി. ചാപ്പ്മേൻ, ഡവ. ജോൺ ചാണ്ടി, ഡവ. ജയികബ്ബ് വടശ്ശീസ്, ഡവ. പി. ഏം. കോശി, ഡവ. പി. ഈ. മത്തായി എന്നിവർ വിശേഷാൽ സന്നിഹിതരായിരുന്നു.

ഉച്ചക്ഷണത്തിനുശേഷം പള്ളിയിലേക്കു ഘോഷയാത്ര തുടരുകയും പള്ളിയിൽ പ്രവേശിച്ചു പള്ളിയും, സംഭാവനകളായി ലഭിച്ചിരുന്ന ഉപകരണങ്ങളും പ്രതിഷ്ഠിക്കുകയും ചെയ്തശേഷം തുടർന്നു സ്ഥിതീകരണ ശുശ്രൂക്ഷയും നടത്തി. അതിനുശേഷം പള്ളിയുടെ ശവക്കോട്ട പ്രതിഷ്ഠാശുശ്രൂഷ നടത്തി. 6 മണിയോടുകൂടി തിരുമേനിയും അതിഥികളും തിരിയെപ്പോകുകയും ചെയ്തു.

പൊതുജനങ്ങളുടെ അക്ഷീണ പരിശ്രമഫലമായി മിഡിൽസ്കൂൾ മുറ്റം വരെയും ഒരു മൈലോളം ദൂരെയുള്ള പള്ളിമുറ്റം വരെയും വാഹനം വരത്തക്കവണ്ണം പുതുക്കിയ സമയംകൊണ്ടു റോഡു പൂർത്തിയാക്കിയതും പ്രത്യേകം സന്തോഷകരമായിരുന്നു.

V. D. Jacob

പറ്റ്പാറാമിഷ്യൻ

പ്രിയരെ,

"നിന്നെറ ദൈവമായ യഹോവ എന്ന ഞാൻ നിന്നെറ വലങ്കൈ പിടിച്ചു നിന്നോട് ഭയപ്പെടേണ്ട, ഞാൻ നിന്നെ സഹായിക്കും" (യെശ. 41. 13). എന്നുള്ള വാക്കുകൾ ഗോണ്ടുവാനയെ സംബന്ധിച്ചിടത്തോളം എത്ര പരമാർത്ഥമാണ്. പല പ്രാവശ്യം ഇവിടുത്തെ വേലകൾ അസുമിച്ചു പോകും എന്ന നിലയിലെത്തി. അപ്പൊഴൊക്കെയും ദൈവം തന്നെറ കൈനീട്ടി സഹായിച്ചു. ഗോണ്ടുവാനയിലെ ക്രിസ്ത്യാനികൾ ജീവനുള്ള ദൈവത്തെ ഉപേക്ഷിച്ചു ജിവൻ അശേഷം ഇല്ലാതായി. ഇനിയും ജിവിക്കുമൊ എന്നുപോലും സംശയിക്കത്തക്ക അവസ്ഥയിലായി. എങ്കിലും "ഭയപ്പെടേണ്ട ഞാൻ നിന്നെ സഹായിക്കും" എന്ന പറയുന്നതായ അനുഭവം അടുത്ത സമയത്തു ഇവിടെ കാണുവാൻ സാധിച്ചു. ജബൽപൂർ സെൻറ്റ് പോൾസ് ആംഗ്ലിയൻ ഇടവകയിലെ മാനുവൽ അച്ചനും ആറു യുവാക്കന്മാരും മണ്ഡലയിലേക്കു കടന്നുവന്നു, അവരുടെ ജിവനുള്ള സാക്ഷ്യം കൊണ്ടും ഉപദേശംകൊണ്ടും പാപത്തിൽ ആണ്ടുപൂണ്ട കിടന്നവരെ ഒന്നു തട്ടിഉണത്തി. മണ്ഡലയിൽ ആരംഭിച്ചിരിക്കുന്ന ഉണവ്വിനെറ അഗ്നി ഇവിടുത്തെ എല്ലാ ഉപസഭകളിലും പടർന്നു പിടിക്കുന്നതിനും, പുതിയ തിരുമാനങ്ങൾ ചെയ്തിട്ടുള്ളവർ നിലനില്ക്കുന്നതിനും പ്രത്യേകം പ്രാർത്ഥിക്കണമേ. ഗോണ്ടുവാനയിലെ ക്രിസ്ത്യാനികൾ ഒന്നു രൂപാന്തരപ്പെടേണ്ടതു ഇവിടുത്തെ ഫലപ്രദമായ സുവിശേഷവേലക്കു അത്യന്താപേക്ഷിതമാണു.

അടുത്ത സമയത്തു നാഗപ്പൂർ മഹാഇടവകയിലെ യൂത്ത് കോൺഫ്രൻസ്, പട്ടക്കാരുടെ ധ്യാനയോഗം, കോൺഫ്രൻസ് ഇവ നടന്നു. യൂത്ത് കോൺഫ്രൻസിൽ പതിനഞ്ചു യുവതിയുവാക്കന്മാരും, ഇടവകപട്ടക്കാരും സംബന്ധിച്ചു. ഈ മഹാഇടവകയിൽ യുവജനപ്രവർത്തനം കാര്യക്ഷമമായി നടത്തേണ്ടതിനെറ ആവശ്യത്തെക്കുറിച്ചു പ്രത്യേകം ആലോചിച്ചു. കോൺഫ്രൻസുകളും ധ്യാനയോഗവും എല്ലാം പൊതുവെ പ്രയോജനകരമായിരുന്നു. ഞങ്ങൾക്കും അതിൽ സംബന്ധിക്കുന്നതിനു അവസരം കിട്ടി എന്നുള്ളതു സന്തോഷപ്രദംതന്നെ.

ചണച്ചെടി കൊയ്തെടുത്തു അതിൻെറ തൊലി പൊളിച്ചെടുക്കുന്ന ജോലിയാണു ഗ്രാമവാസികൾക്കു ഇപ്പോൾ ഉള്ളതു. ഓരോ വീട്ടിലുമുള്ള എല്ലാവരും ഒരുമിച്ചിരുന്നു ഈ ജോലി ചെയ്യുന്നതുകൊണ്ടു വീടുകൾ സന്ദർശിക്കുന്നതിനും സുവിശേഷം പറയുന്നതിനും ഞങ്ങൾക്കു നല്ല അവസരമാണു. വനസേവമണ്ഡലം സ്കൂളിലെ ഒരു അദ്ധ്യാപകൻ കുറച്ചു നാളുകളായി സ്നാനപ്പെടണമെന്നുള്ള താല്പര്യത്തോടുകൂടെ ഞങ്ങളെ സമീപിക്കുന്നു. ദൈവമനുവദിക്കുന്നതായാൽ ഏറെ താമസിയാതെ അദ്ദേഹത്തെ സ്നാനപ്പെടുത്തും. ഈ യുവ അദ്ധ്യാപകനു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമേ.

ഭയങ്കരമായ തണുപ്പുകാലം കഴിഞ്ഞു വേനൽ ആരംഭിച്ചു എന്നു പറയാം. ഞങ്ങൾ എല്ലാവരും ദൈവകൃപയാൽ ക്ഷേമമായിരിക്കുന്നു. ഞങ്ങളെയും ഇവിടുത്തെ വേലയെയും ഓർത്തു അധികമായി പ്രാർത്ഥിക്കണമേ. സാത്താൻെറ കോട്ടകൾ തകരുന്നതിനും ക്രിസ്തുവിൻെറ ജയത്തിൻെറ കൊടി ഈ പ്രദേശങ്ങളിൽ ഉയരുന്നതിനും ഇടയാകട്ടെ.

എന്നു്,

Mission House,
Patpara P. O.,
Mandla, 20th.
February 1956.

പാറ്റ്പാറമിഷ്യനറിമാർ.

പറ്റ്പാറയിലെ മിഷ്യനറിപ്രവർത്തനങ്ങളെക്കുറിച്ചു മിഷ്യനറിമാരുടെ കത്തുകളിൽ നിന്നു നിങ്ങൾ ഗ്രഹിക്കുന്നുണ്ടല്ലോ. നമ്മുടെ പ്രാർത്ഥന വളരെ അധികം ആവശ്യമുള്ള ഒരു സന്ദർഭമാണു ഇതു. ആയാം പ്രതിയായും കൂട്ടമായും ഉള്ള പ്രാർത്ഥനയിൽ പറ്റ്പാറമിഷ്യനെ പ്രത്യേകം ഓർക്കേണമെ.

ഈ സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ കാരോ ഇടവകയിൽ നിന്നും പിറ്റ് പാറമിഷൻ പ്രവർത്തനത്തിനു പ്രതിക്ഷിക്കുന്ന 'കുറഞ്ഞതുക' ഇടവകപ്പട്ടക്കാരെയും യൂത്തുലീഗിന്റെയും യുവതിസമാജത്തിന്റെയും സെക്രട്ടറിമാരെയും അറിയിച്ചിരുന്നു. അതിൻപ്രകാരം പല ഇടവകകളും പണം അയച്ചു തന്നു എന്നതു സന്തോഷപ്രദമാണു. സാമ്പത്തിക വർഷം അവസാനിക്കുവാൻ പോകുന്ന ഈ സമയത്തു പിരിഞ്ഞിട്ടുള്ള തുകയും കിട്ടുവാനുള്ള തുക പിരിച്ചും ഉടനെതന്നെ ഖജാൻജി സിസ്റ്റർ അന്ന ബഞ്ചമിന്റെ പേക്കു അയച്ചുകൊടുക്കണമെന്നു പ്രത്യേകം ഓർപ്പിക്കുന്നു.

Kottayam.
25-Feb. 1956.

KURIAN VARKY,
Secretary.

ബേക്കർസ്മാരക കിണ്ടർഗാർട്ടൻ നേഴ്സറി സ്കൂളിന്റെ രജതജൂബിലിയാഘോഷം

25 വർഷത്തിനു മുമ്പു ചെറിയതോതിൽ ആരംഭിച്ച ബേക്കർസ്മാരക കിണ്ടർഗാർട്ടന്റെയും നേഴ്സറിസ്കൂളിന്റെയും രജതജൂബിലി ഫെബ്രുവരി 11-ാം ശനിയാഴ്ച വിവിധ ചടങ്ങുകളോടുകൂടെ ആഘോഷിച്ചിരിക്കുന്നു. അന്നുരാവിലെ ഒരു സ്പെഷ്യൽപ്രാർത്ഥന 9 മണിക്കു അവിടുത്തെ ഒരു മുൻ പ്രവർത്തകയായിരുന്ന മിസ് മറിയം സാമുവേൽ നടത്തുകയും അതിന്റെശേഷം കുട്ടികളുടെ മത്സരങ്ങളികളും കലാപ്രകടനങ്ങളും തുടർന്നുകൊണ്ടിരിക്കയും ചെയ്തു. ഉച്ചതിരിഞ്ഞു 3 മണിക്കു പുതിയ നേഴ്സറിസ്കൂളിന്റെ ശിലാസ്ഥാപനകർമ്മം മുന്നദ്ധ്യക്ഷയും സ്ഥാപകയുമായിരുന്ന മിസ്സ് ഈസ്റ്റർ നിവ്വഹിക്കയുണ്ടായി. ജൂബിലിസംബന്ധിച്ചുള്ള പൊതുസമ്മേളനം 4 മണിക്കു കോളേജദ്ധ്യാപിക മിസ്സ് ബാങ്കർട്ടിന്റെ അദ്ധ്യക്ഷതയിൽ പ്രാർത്ഥനകൊണ്ടാരംഭിച്ചു. ഒരു ക്രൈസ്തവസ്ഥാപനയിലെ ഒരു പൊതുയോഗം കേവലം പ്രാർത്ഥനകൊണ്ടാരംഭിക്കുന്നതിന്റെ ഔചിത്യം മനസിലാക്കുന്നില്ല. വിദ്യാഭ്യാസഡയറക്ടർ ശ്രീ സുന്ദരരാജനായിരുന്നു അദ്ധ്യക്ഷം വഹിക്കുമെന്നു പ്രതീക്ഷിച്ചിരുന്നെങ്കിലും തൽസമയം അതിനു സൌകര്യമില്ലെന്നറിയിച്ചതിനാലാണു മിസ്സ് ബാങ്കർട്ടിനെ പ്രാർത്ഥനയ്ക്കുശേഷം അധ്യക്ഷയായി തിരഞ്ഞെടുത്തതു. കഴിഞ്ഞ കാൽശതാബ്ദത്തെ സ്കൂളിന്റെ ചരിത്രം അടങ്ങിയ ഒരു റിപ്പോർട്ടു മിസ്സസ്സ് വക്കി അവതരിപ്പിച്ചു. സ്കൂൾ ആരംഭിച്ചിട്ടു ദീർഘകാലമായെങ്കിലും വിശാലമായ ഹൈസ്കൂൾപരിസരങ്ങളിൽ ഏറ്റവും പറ്റിയ ഒരു സ്ഥാനം കണ്ടുപിടിച്ചു സ്ഥാപിപ്പാനിടയായില്ലെന്നും ഇപ്പോൾ അതിനൊരു സ്ഥലം നിശ്ചയിച്ചു അതിന്റെ സ്ഥാപകതന്നെ അതിനു ശിലാസ്ഥാപനം നിവ്വഹിപ്പാനിടയായതിലുള്ള ചാരിതാർത്ഥ്യമുണ്ടെന്നും രേഖപ്പെടുത്തിയിരുന്നു.

അദ്ധ്യക്ഷപ്രസംഗത്തിൽ പ്രധാനമായി രണ്ടു കാര്യങ്ങൾ സൂചിപ്പിക്കയുണ്ടായി. ഇംഗ്ലണ്ടു മുതലായ വിദേശരാജ്യങ്ങളിൽ വിദ്യാഭ്യാസത്തിനു നൽകിവരുന്ന ശ്രദ്ധയും പ്രാധാന്യവുംപോലെ ഇന്ത്യയിൽ കണ്ടുവരുന്നില്ലെന്നും ഇവിടുത്തെ വിദ്യാഭ്യാസത്തിന്റെ നിലവാരം വളരെ താണുപോയിരിക്കുന്നതിനാൽ അതു യഥാർത്ഥത്തിൽ പോകുന്നതിനു വേണ്ടതു ചെയ്യേണ്ടതുണ്ടെന്നും അദ്ധ്യാപകരും രക്ഷാകർത്താക്കളുമായിട്ടുള്ള ബന്ധം അത്യധികമായി വലിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഏർപ്പെടുത്തി നടത്തണമെന്നും ഉൽബോധിപ്പിച്ചു. മിസ്സ് കെ. ററി. തോമസിന്റെ പ്രസംഗത്തിലും അതുതന്നെ ഉന്നയിക്കയുണ്ടായി. മിസ്സ് ഈസ്റ്ററിന്റെ പ്രസംഗത്തിൽ ക്രിസ്തീയസ്ഥാപനകളുടെ അസ്തിവാരമായിരിക്കുന്ന സുവിശേഷസത്യങ്ങളുടെ പ്രകാശത്തിൽ ആരംഭംമുതലെ വിദ്യാഭ്യാസം നടത്തുന്നതിന്റെ പ്രാധാന്യം വ്യക്തമാക്കി ഉൽബോധിപ്പിച്ചു. കുട്ടികളുടെ വിനോദപ്രകടനങ്ങളും സമ്മാനദാനവും കഴിഞ്ഞു റവ. സി. ഐ. അബ്രഹാം കൃതജ്ഞത പ്രകാശിപ്പിക്കയും പ്രാർത്ഥിച്ചവസാനിപ്പിക്കയും ചെയ്തു.

നമ്മുടെ പള്ളികളിലെ ഗായകസംഘങ്ങൾ

ജോജ്ജ് എം. കോശി

കോട്ടയം കത്തീഡ്രൽ കപ്യർമാസ്റ്റർ

സംഗീതത്തിനു ആരാധനയിൽ ഗണനീയമായ ഒരു സ്ഥാനമുണ്ട്. എന്നാൽ ദിവ്യാരാധനയിൽ മാത്രമല്ല ദൈവികമായ ഏതു ശുശ്രൂഷയിലും സംഗീതം അത്യന്താപേക്ഷിതമായ ഒരു ഘടക

കമാണ്. ഡോ. ബില്ലിഗ്രഹാമിന്റെ പാശ്ചാത്യരാജ്യങ്ങളിലെ യോഗങ്ങളിൽ 600 മുതൽ 1000 വരെ സംഗീതജ്ഞന്മാരെ ചേർത്ത ഗായകസംഘങ്ങൾ ഓരോ സ്ഥലങ്ങളിൽ രൂപീകരിച്ചിരുന്നതായി പലരും വായിച്ചിരിക്കുമല്ലോ. ദൈവസാന്നിദ്ധ്യബോധം വളർത്തുന്നതിനും ഭയഭക്തികരമായ ഒരന്തരീക്ഷം സൃഷ്ടിക്കുന്നതിനും, ആരാധനയ്ക്കു ജനങ്ങളെ ഒരുക്കുന്നതിനും സംഗീതത്തിനു പ്രത്യേക കഴിവുണ്ട്. ആരാധന ഹൃദ്യമാക്കുന്നതിനും അതിൽ ജനങ്ങളെ ലയിപ്പിക്കുന്നതിനും സംഗീതം വളരെ സഹായിക്കുന്നു. സഭയിലെ ആരാധന പാട്ടാണെന്നു വെളിപാടുപുസ്തകം സൂചന നല്കുന്നു. പല പൌരസ്ത്യസഭകളിലും ആരാധന ആലപിക്കയാണു ചെയ്യുന്നതു്. പാശ്ചാത്യസഭകളിൽതന്നെ വിശുദ്ധസംസ്കൃതശ്ലോകങ്ങൾ മുതലായി ആരാധനയുടെ പ്രധാനഭാഗങ്ങൾ ഗാനങ്ങളായി ആലപിക്കുന്നതായിട്ടാണു കാണുന്നതു്. ഇതുപ്രധാന്യമുള്ള സംഗീതം അതിന്റെ കർത്തവ്യം ശരിയായി നിറവേറണമെങ്കിൽ, പാട്ടുകാർ വേണ്ടുംവണ്ണം പരിശീലിച്ചു ഇമ്പകരമായ സ്വരത്തിലും ആകർഷണീയമായ രീതിയിലും പാടേണ്ടതാണ്. അതിനായിട്ടത്രെ പള്ളികളിൽ ഗായകസംഘങ്ങൾ രൂപീകരിച്ചിരിക്കുന്നതു്.

നമ്മുടെ പള്ളികളിലെ പല ഗായകസംഘങ്ങളും ചൈതന്യമറ്റനിലയിൽ, നാമമാത്രമായി സ്ഥിതിചെയ്യുന്ന എന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല. സഭയിൽ ചുമതലപ്പെട്ടവരുടെ അനാസ്ഥ ഇതിനു പ്രധാന കാരണമാണ്. വേണ്ടത്ര പ്രോത്സാഹനം നല്കുന്നപക്ഷം ഗായകസംഘങ്ങളെ നയിപ്പാൻ പ്രാപ്തിയുള്ള പലരും മുമ്പോട്ടു വരുമെന്നു തീർച്ചയാണ്. അനുകൂല പരിവർത്തനങ്ങൾ നല്കുന്നപക്ഷം ഇപ്പോഴുള്ള ഗായകസംഘങ്ങൾതന്നെ ഇതിലും അധികം പ്രയോജനകരമായി നടത്താൻ സാധിക്കും.

തങ്ങളുടെ കടമകളെപ്പറ്റി ശരിയായ ബോധം അംഗങ്ങളുടെ ഇടയിൽ ഇല്ലാതിരിക്കുന്നതാണു പല ഗായകസംഘങ്ങളുടെയും ദുഃസ്ഥിതിക്കു മറ്റൊരു കാരണം. മാതാപിതാക്കന്മാരുടെ നിർബന്ധത്താലൊ, മുട്ടിപ്പിട്ട മൻനിരയിൽ ഇരിക്കുവാനുള്ള ഉത്സാഹംകൊണ്ടോ, പ്രാമണ്യത്തിനൊ സ്വാർത്ഥചരമായ ഇതര കാര്യങ്ങൾക്കായൊ ഗായകസംഘത്തിൽ ചേരുന്നവരുണ്ട്. ഇങ്ങനെയുള്ളവർ അവയുടെ നിലനില്പിനും പുരോഗതിക്കും ഒട്ടും സഹായിക്കുന്നില്ല. നിഷ്കൃഷ്ടയുടെ പാട്ടുകൾ പരിശീലിക്കുന്നതിലും ഭയഭക്തിയോടെ ആരാധനയിൽ സംബന്ധിക്കുന്നതിലും അവർ എപ്പോഴും പുറകോട്ടായിരിക്കും. ചില സ്ഥലങ്ങളിൽ പാട്ടുകാരനും ഭാര്യയും കുമ്മട്ടിക്കാരും ഗായകസംഘനേതാക്കന്മാരും തമ്മിലുള്ള തെറ്റിദ്ധാരണകൾമൂലം ഗായകസംഘങ്ങൾ നിസ്സഹകരണം അനുഷ്ഠിക്കുന്നതായിട്ടുണ്ട്. മറ്റുചിലടത്തു അംഗങ്ങളുടെ ഇടയിലുള്ള പിളർപ്പുമൂലം ഗായകസംഘങ്ങൾ തകർന്നിട്ടുണ്ട്. ഓരോ ഗായകസംഘാംഗവും തന്നെത്തന്നെ പ്രതിഷ്ഠിച്ചു്, ദിവ്യാരാധനയെ മനോഹരവും അനുഗ്രഹപ്രദവുമാക്കുന്നതിനു തന്നാൽ കഴിവുള്ളടത്തോളം പ്രയത്നിക്കുന്നതാണെന്നുള്ള തീരുമാനത്തോടും, ശരിയായ ശിക്ഷണബോധത്തോടും, ഉത്തമമായ ഒരുക്കത്തോടും ആയിരിക്കണം പാട്ടുപാടാൻ പോകുന്നതു്.

ജ്ഞാനനിക്ഷേപത്തിൽ ഈ വിഷയത്തെപ്പറ്റി കാലാകാലങ്ങളിൽ പലരും ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ സഭയുടെ ഒരു സുപ്രധാനഘടകമായ ഗായകസംഘങ്ങളുടെ കീഴ്പോട്ടുള്ള ഗതിക്കു ഒരു വിരാമം ഉണ്ടായിട്ടില്ലെന്ന വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. അനേകം ചെറുപ്പക്കാരെ നിരന്തരമായ ദൈവസേവയിൽ ചേർത്തുനിറുത്തുവാനും ദിവ്യാരാധന ആകർഷണീയമാക്കിത്തീർക്കുവാനും സഹായിക്കുന്ന ഗായകസംഘങ്ങൾ നാൾക്കുനാൾ പുരോഗമിക്കേണ്ടതു അത്യന്താപേക്ഷിതമാണ്.

ഈ ലേഖനത്തിന്റെ പ്രധാനമായ പ്രേരണ, ഞങ്ങൾക്കു നേരിട്ടുള്ള പ്രയാസങ്ങൾപോലെതന്നെ മറ്റു ഗായകസംഘങ്ങൾക്കും നേരിട്ടുണ്ടെന്നും, അവയെ പരിഹരിക്കുന്നതിനും, ഉത്തമമായ രീതിയിൽ ഗായകസംഘങ്ങളെ നയിക്കുന്നതിനുമുള്ള മാർഗ്ഗങ്ങൾ ഏതെല്ലാമെന്നു ചുമതലപ്പെട്ടവർ ഒരുമിച്ചു ചേർന്നു ആലോചിച്ചാൽ കണ്ടുപിടിക്കാൻ സാധിക്കുമെന്നുള്ള ചിന്തയാണ്. അതുകൊണ്ടു മദ്ധ്യതിരുവിതാംകൂർ മഹായിടവകയിലെ ഗായകസംഘങ്ങളുടെ ഒരു സംഘടന ഉണ്ടാക്കുന്നതിന്റെ സാദ്ധ്യതകളെപ്പറ്റി ആലോചിക്കുന്നതിനു ഗായകസംഘനേതാക്കന്മാരുടെയും ഓർഗനിസ്റ്റുകന്മാരുടെയും ഒരു സമ്മേളനം ഏപ്രിൽ ആരംഭത്തിൽ കോട്ടയത്തുവച്ചു നടത്തിയാൽ കൊള്ളാമെന്നു വിചാരിക്കുന്നു. അതിന്റെ വിജയപ്രദമായ നടത്തിപ്പിനു എല്ലാവരുടെയും പ്രാർത്ഥനയെയും സഹായസഹകരണങ്ങളേയും അഭ്യർത്ഥിക്കുകയും, താല്പര്യമുള്ളവർ നിർദ്ദേശങ്ങൾ വല്ലതുമുണ്ടെങ്കിൽ ഏഴുതിഅയച്ചുതരികയും ചെയ്യണമെന്നു അപേക്ഷിക്കുകയും ചെയ്യുന്നു.

പറക്കാൽമിഷ്യൻ

I

തണുപ്പുകാലം കഴിഞ്ഞു. കുങ്കികൾ, മുകുകൾ കഴിച്ചു മറ്റു എല്ലാ കുങ്കികളും വിടുവു എടുപ്പു കഴിഞ്ഞു. നമ്മുടെ ചോളൊക്കെയ്ത്തും കഴിഞ്ഞു.

ജനുവരി 26നു റിപ്പബ്ലിക്കുദിവസം പറക്കാൽ താലൂക്കിലുള്ള എല്ലാ സ്കൂൾകുട്ടികൾക്കും പറക്കാൽ പട്ടണത്തിൽവച്ചു സ്പോർട്ട്സ് നടത്തപ്പെട്ടു. നമ്മുടെ കുട്ടികളും ആ കൂടികളിൽ സംബന്ധിച്ചിരുന്നു. നമ്മുടെ രണ്ടു പെൺകുട്ടികൾ ഒന്നാം സമ്മാനങ്ങൾക്കു അർഹരായി എന്നുള്ളതു പ്രത്യേകം പ്രസ്താവ്യമത്രെ.

സ്കൂൾപണി. സ്കൂൾ കെട്ടിടത്തിനു അടിസ്ഥാനം ഇട്ട വിവരം അറിഞ്ഞിട്ടുണ്ടല്ലോ. ഇനിയും എത്രയും വേഗത്തിൽ അതിന്റെ പണി തീരത്തക്കവണ്ണം പണി നടന്നുകൊണ്ടിരിക്കുന്നു. കെട്ടിടപ്പണിക്കാവശ്യമായ ഇഷ്ടിക, ജനൽ, വാതിൽ, കഴുക്കോൽ മുതലായവ തയാറായി കഴിഞ്ഞു. ദിവസവും പണി നടക്കുന്നുണ്ടു. മഴക്കാലത്തിനു മുമ്പു (മെയ് മാസത്തേക്കു) എല്ലാ പണികളും തീരണമെന്നാണു ആഗ്രഹിക്കുന്നതു.

പാൽവിതരണം. ഗ്രാമത്തിലുള്ള മിക്ക കുട്ടികളും ഉച്ചതിരിഞ്ഞു ഇവിടെ വന്നു ചേരുന്നുണ്ടു. ആ സമയം മിസ്സ് ആനി തോമസ് കുട്ടികളെ പാട്ടും, കഥകളും പ്രാർത്ഥനയും പഠിപ്പിക്കുന്നുണ്ടു. അതിനാൽ ഈ പ്രവർത്തനം കൂടുതൽ പ്രയോജനകരമായി തീരുന്നുണ്ടു്.

നെയ്ത്തു്. "പിത്ത" (Tape) നെയ്യാൻ കമലമ്മ നല്ലതായിട്ടു പഠിച്ചു. ഇനിയും മേവമത്തയും (Blind boy) ഈ തൊഴിൽ പഠിക്കാൻ താല്പര്യപ്പെടുന്നു. എല്ലാം വിറ്റു തീർന്നാൽ മതി.

മെഡിക്കൽവക്കു്. മിസ്സ് ആനിതോമസ് ഒരു 'ഹെൽത്ത് വിസിറ്റർ' ആയതുകൊണ്ടു ആശുപത്രിവേല അഭിവൃദ്ധിപ്പെടുത്തിക്കൊണ്ടു വരുവാൻ സൌകര്യമുണ്ടു. കഴിഞ്ഞ ഏഴുമാസങ്ങളായി തെലുങ്കുഭാഷയും പഠിക്കയാണല്ലോ. ചുറ്റുപാടും വൈദ്യസഹായം ആവശ്യമുണ്ടു. പ്രത്യേകമായി സ്ത്രീകൾക്കും കുട്ടികൾക്കും നമ്മുടെ ശുശ്രൂഷകൾ അത്യാവശ്യമാണു. "ഈ താലൂക്കിൽ ഇനിയും ഒരു മറ്റേർണിറ്റി സെന്റർ" അത്യാവശ്യമാണു. അതു നിങ്ങളാണു ആരംഭിക്കേണ്ടതു. അതിനു നിങ്ങൾക്കു ആളും ഉണ്ടല്ലോ,' എന്നു ഇവിടെയുള്ള ഒരു ബ്രാഹ്മണൻ പറഞ്ഞതു എത്രയും ശരിയാണു. താലൂക്കും കൃപാകാലങ്ങളും നഷ്ടപ്പെടുത്തിയാൽ അതു ദൈവസന്നിധിൽ കുറ്റകരമായി തീരുമല്ലോ.

പ്രാർത്ഥനാവിഷയങ്ങൾ. (1) പ്രവർത്തകരായ ഞങ്ങൾ അനേക വിധങ്ങളായ കഷ്ടതകൾ ക്ഷമയോടെ സഹിച്ചു പോകേണ്ടതിനു.

(2) ബോർഡിങ്ങു കുട്ടികൾക്കു സന്ധിപ്പു ലഭിക്കുന്നതിനു സൌകര്യം. കൂടുതൽ കുട്ടികൾ സ്കൂളിൽ വന്നുചേരുന്നതിനും, ഒർശനം ലഭിച്ച സഭാനായകന്മാർ ഈ സ്കൂളിൽനിന്നു ഏഴുന്നേല്ക്കുന്നതിനായും.

(3) മിസ്സിന്റെ ഭാവി ആലോചനകൾ ദൈവഹിതപ്രകാരം നടത്തപ്പെടേണ്ടതിനു.

(4) ഉയർന്ന ജാതി ഹിന്ദുക്കളുടെ ഇടയിൽ നടത്തപ്പെടുന്ന വേലക്കായിട്ടു.

നിങ്ങളുടെ താല്പര്യമേറിയ പ്രാർത്ഥനയ്ക്കു ഇവിടത്തെ വേലയെ ഭരമേല്പിക്കുന്നു.

കഴിഞ്ഞമാസത്തിൽ സംഭാവനകൾ അയച്ചവരോടുള്ള ഞങ്ങളുടെ നന്ദി ഇവിടെ രേഖപ്പെടുത്തുകയും അവരുടെ ലിസ്റ്റു താഴെ ചേർക്കയും ചെയ്യുന്നു.

		ക.	ണം	പ.
(1)	ഒരു സ്നേഹിത മദ്രാസ്	12	0	0
(2)	" "	12	0	0
(3)	മിസ്സസ്സ് വി. കെ. ഏബ്രഹാം മുഖാന്തരം നല്ലാനിക്കുന്നു	5	0	0

കെ. ണ. പ.

(4) മിസ്സസ്സ് ജി. എം. ചെറിയാൻ, വണ്ടി
പെരിയാർ 29 8 0

Parkal, 22-2-'56. MARY THOMAS.

താഴെപ്പറയുന്നവർ അയച്ചുതന്നിട്ടുള്ള സംഭാവനകൾക്കു നന്ദി പറയുന്നു.

മി. ജി. എം. തയ്യൻ ബംഗ്ലൂർ, 15 രൂ. മിസ്സസ്സ് എൽ. എം. വറുഗീസു ബോംബെ, 24 രൂ. മി. ജോർജ്ജ് ചാണ്ടി, ബോംബെ 5 രൂ. മി. കെ. ഒ. ഉമ്മൻ, മുട്ടമ്പലം കോട്ടയം (പള്ളിക്കുവേണ്ടി) 10 രൂ. ഡോ. മിസ്സ് ഇ. എം. ഫിലിപ്പ്സ്, സെക്കണ്ടറബാദ് 12 രൂ. ഡോ. മിസ്സ് എലിസബേത്ത് ഉമ്മൻ, ഗ്രണ്ടർ 24 രൂ. എന്നു

II (Rev). T. S. JOSEPH.

1954 സിസ്റ്റർ മേരിതോമസ് മുതൽ 35 രൂ. മിസ്സസ്സ് സി. കെ. മത്തായി മദ്രാസു, 10 രൂ. മാസ്റ്റർ കുഞ്ഞുമോൻ C/o മിസ്സസ്സ് സി. കെ. മത്തായി മദ്രാസു 5 രൂ. ഡോ. ജോൺ ശമുവേൽ തൊടുപുഴ, 5 രൂ. ഡോ. പി. എം. മത്തായി പ്രായിക്കര, 5 രൂ. മിസ്സസ്സ് എം. ചാണ്ടി മദ്രാസു, 10 രൂ. മിസ്സസ്സ് കോര ഫെൻ മദ്രാസു 25 രൂ. മി. എം. പി. വറുഗീസു മോടയിൽ മല്ലപ്പള്ളി, 5 രൂ. മിസ്സ്. എസ്സ്. ജോൺ, മൗണ്ഗോൾ 10 രൂ. (തുടരും)

ബേക്കർ സ്കൂൾ പ്രതിഷ്ഠാശുശ്രൂഷ

ആണ്ടുതോറും പതിവായി സ്കൂൾ വർഷാവസാനത്തിൽ സ്തോത്രത്തിനും പ്രതിജ്ഞയ്ക്കുമായി നടത്തുന്ന പ്രത്യേക ശുശ്രൂഷ ഫെബ്രുവരി 28നു- ചൊവ്വാഴ്ച കാലത്തു 9. 30-ന്റെ രണ്ടു ബിഷോപ്പന്മാരുടെയും രണ്ടു പട്ടക്കാരുടെയും സഹകരണത്തിൽ നിവ്വഹിക്കപ്പെട്ടു. കൃത്യ സമയത്തു മണി അടിച്ചപ്പോൾ മാരോ ക്ലാസ്സിലെയും കുട്ടികൾ ഹാളിലേക്കു മാച്ച് ചെയ്തതിന്റെ ശേഷം ശുശ്രൂഷയാരംഭിച്ചു പ്രാരംഭകീർത്തനവും പ്രാർത്ഥനയും വേദവായനയും കഴിഞ്ഞു മധുര ബിഷോപ്പു റൈറ്റ്. റവ. നൂബിഗിൻ തിരുമേനി യെരുശലേം ദേവാലയത്തിലെ ശ്രീഭണ്ഡാരത്തിൽ വഴിപാടു സമർപ്പിച്ച വിധവയേയും ശിമോന്റെ വീട്ടിൽവെച്ചു കർത്താവിനെ തൈലാഭിഷേകം ചെയ്ത സ്ത്രീയെയും ദൃഷ്ടാന്തമാക്കി കർത്താവിനു സമർപ്പിക്കുന്ന വഴിപാടുകളുടെ മാഹാത്മ്യത്തെയും സാഫല്യത്തെയും വിശദമാക്കി ഒരു വിശിഷ്യോപദേശം നല്കി. റവ. സി. ഐ. അബ്രഹാമച്ചൻ പ്രസ്തുത പ്രസംഗം പൊരുൾ തിരിച്ചു. അനന്തരം സ്തോത്രവും അനുതാപവും യാചനകളുമടങ്ങിയിരുന്ന ലിത്താനി പ്രാർത്ഥന ആഭ്യോഗം റവ. സി. കെ. ജോണച്ചനും അവസാനഭാഗം നമ്മുടെ ബിഷോപ്പുതിരുമേനിയും നടത്തി. ശുശ്രൂഷാമദ്ധ്യേ സ്കൂൾ ഫൈനൽ ക്ലാസ്സിലെ വിദ്യാർത്ഥിനികൾ ഓരോരുത്തരായും ശേഷം ക്ലാസ്സുകളുടെ ഓരോ പ്രതിനിധികളായും ആണ്ടു പുഴവനം തങ്ങളുടെ പ്രയത്നത്താൽ ജീവകാരുണ്യപരമായും മിഷ്യനറി പ്രവർത്തനത്തിനായും ശേഖരിച്ചിരുന്ന വഴിപാടുകൾ സമർപ്പിക്കയുണ്ടായി. സ്കൂൾ ഫൈനൽകാർ തങ്ങളുടെ വിദ്യാലയവർഷം ഇപ്പോൾത്തന്നെ അവസാനിപ്പിക്കുന്നതാകയാൽ അവരുടെ പേർക്കു പ്രത്യേകം പ്രാർത്ഥിക്കയും നൂബിഗിൻ ബിഷോപ്പു തിരുമേനിയുടെ ആശീർവ്വാദം കൊണ്ടവസാനിപ്പിക്കയും ചെയ്തു. വഴിപാടുകളുടെ ആകെത്തുക രണ്ടായിരത്തിലധികം ഉണ്ടായിരുന്നതു വിവിധ ധർമ്മസ്ഥാപനകൾക്കും മിഷ്യനറി പ്രവർത്തനങ്ങൾക്കും പങ്കുവെച്ചുകൊടുക്കയും ചെയ്തു. യാതൊരു നിർബ്ബന്ധവും കൂടാതെ ആണ്ടുതോറും അനുവർത്തിച്ചുവരുന്ന ഈ ഉദ്യമം കൂടുതൽ വിജയകരമായിട്ടാണു കണ്ടുവരുന്നതെന്നുള്ളതിൽ ബേക്കർ സ്മാരക ഹൈസ്കൂളിനെ ഹാർദ്ദമായി അനുമോദിക്കയും മഹായിടവകയിലെ മറ്റു സ്കൂളുകൾക്കു ദൃഷ്ടാന്തമാക്കി കരിക്കൽക്കുടെ കാണിക്കയും ചെയ്യുന്നു. ഓരോ പ്രാവശ്യവും ഇങ്ങനെ പ്രസാവിക്കുന്നുണ്ടായിരുന്നെങ്കിലും ഈ ഉത്തമ ദൃഷ്ടാന്തം പിന്തുടരുന്നതിനു മുതിരുന്നതായി വിദ്യാലയങ്ങളെ കാണാത്തതിൽ അനുതപിക്കയും ചെയ്യുന്നു.